VEDAPRACHARA
MADHYASTHAN
വാല്യം 97
ലക്കം 09
2025 മാർച്ച്

# വേദപ്രചാര മദ്ധ്യസ്ഥൻ

Malayalam Monthly
Price ₹ 25/- Annual Subscription ₹ 300/-



The official organ of
the Archeparchy of Changanacherry

2025
മാർച്ച്

## അതിരൂപതയുടെ സിഞ്ചെല്ലൂസുമാരായി നിയമിതരായിരിക്കുന്ന പെരിയ ബഹു. വൈദികർക്ക് അതിരൂപതാകുടുംബത്തിന്റെ പ്രാർഥനാശംസകൾ...



ഫാ. എത്തക്കാട്
ആന്റണി



ഫാ. ചങ്ങങ്കരി
മാത്യു



ഫാ. തെക്കേക്കര
ജോൺ



ഫാ. കന്യാകോണിൽ
സ്കറിയ

# നാമഹേതുകതിരുനാൾ

(മാർച്ച് 19)

## അഭി. മാർ ജോസഫ് പെരുന്തോട്ടംപിതാവിന് അതിരൂപതാകുടുംബത്തിന്റെ പ്രാർഥനാശംസകൾ...





'നിങ്ങൾ യൗസേപ്പിന്റെ പക്കൽ പോകുവിൻ.
അവൻ നിങ്ങളോടു പറയുന്നതു
നിങ്ങൾ ചെയ്യുവിൻ'
(ഉൽപത്തി 41:55)

YOUR GRACE IS SUFFICIENT FOR ME

# വേദപ്രചാര മദ്ധ്യസ്ഥൻ

## ചങ്ങനാശ്ശേരി അതിരൂപത

സ്ഥാപിതം: 20 മെയ് 1887

വാല്യം 97 ● ലക്കം 09 ● മാർച്ച് 2025

# ഉള്ളടക്കം


ഇടയലേഖനം (25 CH. TPL 02) - വിശുദ്ധ കുമ്പസാരമെന്ന കൂദാശ .......05
സർക്കുലർ (25 Ch. TCL 04) - കരുവള്ളിക്കാട് കുരിശുമല തീർഥാടനം .. 10
സർക്കുലർ (25 Ch. TCL 03) - ജൂബിലി ബൈബിൾ കൺവെൻഷൻ ...13
സർക്കുലർ (കെ.സി.ബി.സി.) - മദ്യവിരുദ്ധഞായർ ..................... 14
കച്ചേരിക്കാര്യം .......................................................................... 18
അനുസ്മരണ സിംപോസിയം - മാർ ജോസഫ് പവ്വത്തിൽ.............31
റിപ്പോർട്ട് - പ്രസ്ബിറ്ററൽ കൗൺസിൽ ....................................... 33
സന്ദേശനിലയം .......................................................................... 36
ചെറുപുഷ്പ മിഷൻലീഗ്.............................................................. 39
ഫാമിലി അപ്പോസ്തലേറ്റ്............................................................ 41
യുവദീപ്തി - എസ്.എം.വൈ.എം. ............................................ 43
കാർപ്........................................................................................ 46
ചാസ്സ്.......................................................................................... 47
ചാസ്സ് - ഖാദി .............................................................................. 54
ക്രിസ്സ്......................................................................................... 56
ജീവകാരുണ്യനിധി ട്രസ്റ്റ്............................................................ 57
ആതുരശുശ്രൂഷാമേഖല ........................................................... 59
പ്രവാസി അപ്പോസ്തലേറ്റ് ........................................................ 63
കത്തോലിക്കാകോൺഗ്രസ് ...................................................... 64
കെ.എൽ.എം. ............................................................................. 70
ആത്മതാകേന്ദ്രം ......................................................................... 73
ഡി.സി.എം.എസ്. ....................................................................... 75
ഫ്രാൻസിസ്കൻ അല്മായസഭ ..................................................... 76
വിൻസെൻഷ്യൻ വേദി............................................................... 77
കരിസ്മാറ്റിക് നവീകരണം......................................................... 80
പൗരോഹിത്യ ആധ്യാത്മികത ..................................................... 82
അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി ............................................ 88
അഭിവന്ദ്യ പിതാക്കന്മാരുടെ എൻഗേജുമെന്റ്സ് .......................... 95
ഐക്കൺവിവരണം ..................................................................... 98



വേദപ്രചാര മദ്ധ്യസ്ഥൻ
ചങ്ങനാശ്ശേരി അതിരൂപതാ മുഖപത്രം



Archbishop House, P.B. No. 20, Changanacherry P.O., Kottayam 686101
0481 2420040, 2420379, 2420614
9037440040
www.archdiocesechanganacherry.org
chancellorchry@gmail.com



ANNUAL SUBSCRIPTION: ₹ 300/-

25 CH. TPL 02

# ഇടയലേഖനം

**കർത്താവിന്റെ ദാസനും ദൈവനിശ്ചയത്താൽ**
**ചങ്ങനാശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്തായുമായ**
**തോമസ് തറയിൽ**
**തന്റെ അതിരൂപതയിലെ വൈദികർക്കും**
**സമർപ്പിതസമൂഹങ്ങൾക്കും**
**ദൈവജനം മുഴുവനുമായി എഴുതുന്നത്**

# വിശുദ്ധ കുമ്പസാരമെന്ന കൂദാശ

വന്ദ്യസഹോദരരേ, പ്രിയമക്കളേ

ആദ്യമായിത്തന്നെ 2025 ഫെബ്രുവരി പതിനഞ്ചാം തീയതി ചങ്ങനാശ്ശേരിയിൽ നടത്തപ്പെട്ട കർഷകരക്ഷാനസ്രാണിമുന്നേറ്റത്തിൽ പങ്കെടുത്ത് അതിനെ വലിയവിജയമാക്കിയതിനു നിങ്ങൾക്കു ഞാൻ നന്ദി പറയുന്നു. പ്രൗഢമായ നമ്മുടെ അതിരൂപതയുടെ ഐക്യവും ശക്തിയും വിളിച്ചോതിയ പ്രസ്തുതപരിപാടി നമ്മുടെയിടയിൽ സമുദായബോധം വർധിപ്പിക്കാനും നമ്മുടെ ആവശ്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താനും ഏറെ ഉപകരിച്ചു. അതിനു നേതൃത്വം നൽകിയ കത്തോലിക്കാ കോൺഗ്രസിനെയും മറ്റെല്ലാ സംഘടനകളെയും ഞാൻ ഹൃദയപൂർവം അനുമോദിക്കുന്നു.

നമ്മുടെ കർത്താവീശോമ്ശിഹായുടെ പീഡാനുഭവത്തെയും മരണത്തെയും കൂടുതലായി ധ്യാനിക്കുന്ന വലിയനോമ്പിന്റെ ആചരണത്തിലേക്കു നാം പ്രവേശിക്കുകയാണ്. നമ്മുടെ സഭയുടെ യാമനമസ്കാരങ്ങളിൽ ഉപവാസവും പ്രാർഥനയും ജാഗരണവും ദാനധർമവും ഉപവസിക്കുന്ന സഭയുടെ ആഭരണങ്ങളായാണു വർണിക്കപ്പെടുന്നത്. കൂടുതൽ പ്രാർഥിച്ചും മത്സ്യമാംസാദിഭക്ഷണങ്ങൾ വർജിച്ചും സഹോദരനോട് അനുരഞ്ജനപ്പെട്ടും ദിവസേന നന്മപ്രവൃത്തികൾ ചെയ്തുമാണു നാം നോമ്പാചരണം നടത്തേണ്ടത്. ഈശോ മരുഭൂമിയിൽ നാല്പതു ദിവസം ഉപവസിച്ചതിനെ മാതൃകയാക്കിക്കൊണ്ടാണ് ഈ ആചരണം സാർവത്രികസഭയിൽ ഉടലെടുത്തതെങ്കിലും ഞായറാഴ്ചകൾകൂടി

നോമ്പെടുക്കുന്ന പാരമ്പര്യം മാർത്തോമാനസ്രാണികൾക്കിടയിൽ രൂപപ്പെട്ട തിനാലാണു നമുക്കിത് അമ്പതുദിവസത്തെ നോമ്പായി മാറിയത്. നോമ്പു കാലത്തു ജീവിതനവീകരണം പ്രാപിക്കാൻ നമ്മെ ഏറെ സഹായിക്കുന്ന വിശുദ്ധ കുമ്പസാരമെന്ന കൂദാശയെക്കുറിച്ചു നിങ്ങൾക്കെഴുതാൻ ഞാൻ ആഗ്രഹിക്കുന്നു.

## വിശുദ്ധ കുമ്പസാരമെന്ന കൂദാശ

ദൈവവും മനുഷ്യനുമായുള്ള ഹൃദ്യമായ ബന്ധത്തിലേക്കു നമ്മെ നയിക്കുന്ന കൂദാശയാണു വിശുദ്ധ കുമ്പസാരം. നന്മ ചെയ്യുന്നതിലുള്ള ഉപേക്ഷയും തിന്മ ചെയ്യുന്നതിനുള്ള താത്പര്യവും ദൈവസ്നേഹ ത്തിൽനിന്നും സഹോദരങ്ങളിൽനിന്നും നമ്മെ അകറ്റുന്നു എന്ന തിരിച്ചറി വാണു കുമ്പസാരക്കൂട്ടിലേക്കു നമ്മെ നയിക്കുന്നത്. എന്തുകൊണ്ട് ഒരു വൈദികനോടു പാപങ്ങൾ ഏറ്റുപറയണമെന്ന തർക്കം ഉന്നയിക്കുന്ന വരുണ്ടാകാം. നമ്മുടെ കർത്താവു പാപങ്ങൾ മോചിക്കാനുള്ള അധി കാരം പുരോഹിതർക്കാണു നൽകിയിരിക്കുന്നത് എന്നാണതിനുത്തരം. കുമ്പസാരക്കൂട്ടിൽ വൈദികൻ ന്യായാധിപനോ വിചാരണക്കാരനോ അല്ല; മറിച്ചു ദൈവപിതാവിന്റെ കരുണയുടെ മുഖം ദൈവജനത്തിനു കാണിച്ചുകൊടുക്കുന്ന മ്ശിഹായുടെ പ്രതിനിധി മാത്രമാണ്.

ഈശോയുടെ ഭൗമികജീവിതകാലത്ത് അവന്റെ വസ്ത്രത്തിൽ സ്പർശി ച്ചവരും അവൻ സ്പർശിച്ചവരും അവന്റെ ഉമിനീരാൽ പൂശപ്പെട്ടവരു മൊക്കെ സൗഖ്യം നേടി. അതായത് അവന്റെ ശരീരം സൗഖ്യദായക മായിരുന്നു. ഉത്ഥിതനായ അവന്റെ ശരീരം ഇപ്പോൾ തിരുസഭയാണ്. ആത്മാക്കളുടെ ഈ വൈദ്യൻ ഇന്ന് രോഗികൾക്കുനേരെ തന്റെ കരങ്ങൾ നീട്ടുക തിരുസഭയാകുന്ന ആതുരാലയത്തിൽ പുരോഹിതരിലൂടെയാണ്. സഭയെ ആതുരാലയമായി വിശേഷിപ്പിച്ച മാർ ഫ്രാൻസിസ് പാപ്പായുടെ ദർശനം സുറിയാനിപിതാക്കന്മാരുടെ പ്രബോധനങ്ങളിൽ നിറഞ്ഞുനിന്നി രുന്നു. പാപികൾ അവർക്കു രോഗികളും മുറിവേറ്റവരുമാണ്; അവരുടെ അഭയസ്ഥാനമായ സഭ ആതുരാലയവും.

മാർ യോഹന്നാൻ ക്രിസോസ്തോമിന്റെ വാക്കുകളിൽ ''സഭയുടെ വേദികയിൽ പ്രശംസനീയമായവിധത്തിൽ ശസ്ത്രകിയകൾ നടക്കുന്നു; ശരീരത്തിനല്ല ആത്മാക്കൾക്കുള്ള ശസ്ത്രക്രിയ. മുറിവുണങ്ങാനുള്ള മരുന്ന് ഔഷധസസ്യങ്ങളുടെ നീരല്ല മറിച്ചു സ്വർഗത്തിൽനിന്നുള്ള വചനമാണ്.'' സഭയുടെ പീഠത്തിൽ പുരോഹിതന്മാരാൽ പരികർമ്മം ചെയ്യപ്പെടുന്ന വിവിധ കൂദാശകളാണ് ഈ സൗഖ്യദായകശസ്ത്രക്രിയ കളെന്നു വ്യക്തം. മാർ അപ്രേം കൂടുതൽ വിശദീകരിച്ചുകൊണ്ടു പറയുന്നു: ''മ്ശിഹായാണ് ആത്മാക്കളുടെ വൈദ്യൻ... എല്ലാ വൈദ്യന്മാരും മരുന്നു

കൾക്കൊണ്ടു മുറിവുകൾ സുഖപ്പെടുത്തുമ്പോൾ മരുന്നോ ഔഷധ ച്ചെടിയോ കൂടാതെ തന്റെ സ്നേഹംകൊണ്ട് ഈ വൈദ്യൻ രോഗികളെ സുഖപ്പെടുത്തുന്നു.'' അതുകൊണ്ടാണു ദിവസം മുഴുവൻ കുമ്പസാര മെന്ന കൂദാശ പരികർമം ചെയ്യാൻ മനസുള്ളവരായിരിക്കണമെന്നു വൈദികരോടു സഭ നിഷ്കർഷിക്കുന്നത്.

## പാപബോധവും കുറ്റബോധവും

പാപബോധമാണു യഥാർഥമായ അനുതാപത്തിലേക്കു നമ്മെ നയി ക്കുന്നത്. അതു ദൈവകൃപ നഷ്ടപ്പെട്ടതിലുള്ള ആത്മാർഥമായ വേദന യിൽനിന്നാണു സംജാതമാകുന്നത്. എന്നാൽ, കുറ്റബോധം ഒരു തെറ്റു ചെയ്യുമ്പോൾ നമ്മോടുതന്നെ തോന്നുന്ന വെറുപ്പിൽനിന്നാണ് ഉയിർ ക്കൊള്ളുന്നത്. 'അവനവന്റെ കുറവുകളിലേക്കു നോക്കിയിരിക്കുന്നതാണു കുറ്റബോധം; ദൈവത്തിന്റെ കരുണയിലേക്കു നോക്കിയിരിക്കുന്നതാണു പാപബോധം' എന്ന ഫുൾട്ടൻ ജെ. ഷീനിന്റെ വാക്കുകൾ ഏറെ പ്രസക്ത മാണ്. മനസിലെ കുറ്റബോധത്തിൽനിന്നോ മനോവിഷമങ്ങളിൽനിന്നോ മോചനം പ്രാപിക്കാനായി മാത്രം കുമ്പസാരിക്കുന്നതുകൊണ്ടാണ് ആഴ മായ ദൈവസ്നേഹാനുഭവത്തിലേക്കു കടന്നുവരാൻ നമുക്കു കഴിയാ ത്തത്. ദൈവസ്നേഹത്തിന്റെ അദ്ഭുതമാണ് ഓരോ കുമ്പസാര വേദിയും. അതിനാൽ ദൈവത്തോട് അകന്നുജീവിക്കുന്നതിന്റെ വേദനയും ദൈവകൃപയിൽ ജീവിക്കാനുള്ള ആഗ്രഹവും ശക്തമാക്കിക്കൊണ്ടു വേണം നാം വിശുദ്ധ കുമ്പസാരത്തിനൊരുങ്ങാൻ.

വി. കുമ്പസാരത്തിനൊരുങ്ങുമ്പോൾ സാധാരണയായി പത്തുകല്പന കളെയാണു നാം അടിസ്ഥാനമാക്കുന്നത്. കല്പനകൾ പഴയനിയമ ജനത യ്ക്കാണു ദൈവം നൽകിയതെങ്കിലും എല്ലാക്കാലത്തും സ്വീകരിക്കപ്പെ ടേണ്ടതാണ്. പുതിയനിയമത്തിൽ കല്പനലംഘനം മാത്രമല്ല പാപം, പരമാവധി സ്നേഹത്തിൽനിന്ന് അകന്നുനിൽക്കുന്നതും പാപമാണ്. അതിനാൽ ഉപേക്ഷയുടെ പാപങ്ങളും നാം ആത്മശോധന ചെയ്യണം. 'ആരെയും കൊന്നിട്ടില്ല' എന്നതുകൊണ്ടു സ്വർഗത്തിൽ പോകുമെന്നു കരുതരുത്. മറ്റുള്ളവരുടെ ആത്മരക്ഷയെപ്രതി 'സ്വന്തം ജീവൻ നഷ്ടപ്പെ ടുത്താൻ' തയ്യാറായോ എന്ന ചോദ്യത്തിനാണുത്തരം നൽകേണ്ടത്. ഭാര്യാഭർത്താക്കൻമാർ തമ്മിൽ കലഹിച്ചു എന്നതു മാത്രമല്ല പാപം, അവർ സ്നേഹത്തിൽ വളർന്നില്ല എന്നതും സ്നേഹത്തോടെ ജീവിച്ചില്ല എന്നതും പാപമാണ്. മോഷ്ടിച്ചു എന്നതു മാത്രമല്ല, വരുമാനത്തിന്റെ ഓഹരി അനാഥനും ദരിദ്രനും വിധവയ്ക്കും നൽകിയില്ല എന്നതും പാപമാണ്. അതിനാൽ ഉപേക്ഷയുടെ പാപങ്ങൾ ഏറ്റുപറയുമ്പോഴാണു ദൈവകൃപയിൽ നാം വളർന്നുവരുന്നത്.

എങ്ങനെ കുമ്പസാരിക്കണമെന്നതു മറന്നുപോയവർ നമ്മുടെയിടയിലുണ്ട്. ആദ്യമായി, നമ്മുടെ പാപങ്ങളേറ്റെടുത്തു കുരിശിൽ യാഗമായ നമ്മുടെ കർത്താവിന്റെ സ്നേഹത്തെ ധ്യാനിക്കണം. ആ സ്നേഹത്തിൽ നിന്ന് അകന്നാണല്ലോ ജീവിക്കുന്നത് എന്ന പാപബോധത്തിലേക്കു നാം കടന്നുവരണം. രണ്ടാമതായി, ദൈവത്തോടും മനുഷ്യരോടും സഭയോടും തന്നോടുതന്നെയുമുള്ള ബന്ധത്തിൽ വന്നുപോയ പാളിച്ചകളും ബന്ധത്തിൽ വളരാനായി ചെയ്യേണ്ട കാര്യങ്ങളിൽ വന്നുപോയ ഉപേക്ഷകളും ഓർത്തെടുത്ത് ഏറ്റുപറയണം. മൂന്നാമതായി, പാപങ്ങൾക്കു പരിഹാരം ചെയ്യണം.

പ്രിയപ്പെട്ടവരേ, ഈ നോമ്പുകാലം നിങ്ങളെല്ലാവരും കൂടെക്കൂടെ കുമ്പസാരമെന്ന കൂദാശ സ്വീകരിച്ച് അനുരഞ്ജനത്തിൽ ആഴപ്പെടണമെന്നു ഞാൻ ആഹ്വാനം ചെയ്യുന്നു. എല്ലാ പള്ളികളിലും പ്രത്യേകിച്ചും ഫൊറോനാകേന്ദ്രങ്ങളിലും തീർഥാടനകേന്ദ്രങ്ങളിലും ആശ്രമങ്ങളുടെ ചാപ്പലുകളിലും വി. കുമ്പസാരത്തിനുള്ള പ്രത്യേകമായ ക്രമീകരണങ്ങൾ നടത്താൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കണം.

**മൂന്നു പ്രലോഭനങ്ങൾ**


ഇന്നത്തെ സുവിശേഷത്തിൽ അനുരഞ്ജനത്തെ തടസപ്പെടുത്തുന്ന മൂന്നു പ്രലോഭനങ്ങളെക്കുറിച്ചു നാം ശ്രവിച്ചു. ഒന്നാമത്തേത്, കല്ലുകൾ അപ്പമാക്കുന്നതിനെക്കുറിച്ചാണ്. 'നിന്റെ കഴിവുകൾ നിന്റെ സുഖത്തിനായി ഉപയോഗിക്കുക' എന്ന പ്രലോഭനം നമുക്കെല്ലാമുണ്ട്. സ്വന്തം സുഖം മാത്രം ലക്ഷ്യമാക്കുമ്പോൾ അതു തടസപ്പെടുത്തുന്നവരോടെല്ലാം വിദ്വേഷം തോന്നാം. രണ്ടാമത്തെ പ്രലോഭനം ദൈവാലയത്തിന്റെ അഗ്രത്തിൽനിന്നും താഴേക്കുചാടി താൻ ദൈവപുത്രനാണെന്നു തെളിയിക്കുവാനാണ്. സ്വയം തെളിയിക്കാനാഗ്രഹിക്കുന്നവനു ക്ഷമിക്കുകയെന്നാൽ പരാജയമാണ്. സ്വയം തെളിയിക്കാനുള്ള ഈ പ്രലോഭനം പലപ്പോഴും അന്തമില്ലാത്ത വ്യവഹാരങ്ങളിലേക്കു നയിക്കുന്നുണ്ടെന്നതാണു വാസ്തവം. മൂന്നാമത്തെ പ്രലോഭനം സാത്താനെ ആരാധിച്ചു പട്ടണങ്ങൾ അഥവാ സമ്പത്തു സ്വന്തമാക്കാനുള്ളതാണ്. സാത്താന്റെ വഴികളിൽ സമ്പത്തു സ്വരുക്കൂട്ടുന്നവന്, ആർക്കും ഒന്നും ഇളച്ചുകൊടുക്കാൻ മനസുണ്ടാകില്ല. നിരന്തരം സമ്പത്തിന്റെ പിന്നാലെ നടക്കുന്നവനു മനുഷ്യൻ ഒരു പ്രധാനവിഷയമേയല്ല. നമ്മുടെയുള്ളിലുള്ള ഈ മൂന്നു പ്രലോഭനങ്ങളും ക്ഷമയുടെയും അനുരഞ്ജനത്തിന്റെയും ജീവിതത്തിൽനിന്നു നമ്മെ പിന്തിരിപ്പിക്കും.

പ്രിയപ്പെട്ടവരേ,

അമ്പതുനോമ്പിനെ ഗൗരവമായിക്കണ്ടു ജീവിതനവീകരണത്തിനുള്ള അവസരമാക്കാൻ ശ്രമിക്കണം. കഠിനമായ നിഷ്ഠകൾ ഭക്ഷണക്രമത്തിലും സംസാരത്തിലും പ്രവൃത്തികളിലും പാലിക്കണം. കുട്ടികൾക്കതിനു സാധിക്കില്ല എന്നുപറഞ്ഞാണു പല കുടുംബങ്ങളിലും മത്സ്യമാംസ വർജനം ഉപേക്ഷിക്കുന്നത്. എന്നാൽ, ചെറുപ്പം മുതലേ പരിശീലിക്കുമ്പോഴാണ് ഇതു സാധ്യമാകുന്നത്. അതിനാൽ കഠിനമായ നിഷ്ഠകളോടെ നോമ്പാചരിക്കാൻ കുഞ്ഞുങ്ങളെയും ഞാൻ ആഹ്വാനം ചെയ്യുന്നു. ഓരോ ദിവസവും നല്ലകാര്യങ്ങൾ പറയാനും പരസ്പരം പ്രോത്സാഹിപ്പിക്കാനും കരുണ നിറഞ്ഞവരായിരിക്കാനും നമുക്കു ശ്രമിക്കാം.

മനുഷ്യാവതാരത്തിന്റെ 2025-ാം ജൂബിലിയോടനുബന്ധിച്ചു മാർ ഫ്രാൻസിസ് പാപ്പ ആഹ്വാനം ചെയ്ത പ്രകാരം പ്രത്യാശയുടെ പത്ത് അടയാളങ്ങളാണു നാം ധ്യാനിക്കുന്നത്. നോമ്പുകാലത്തു ദുരിതങ്ങൾ അനുഭവിക്കുന്നവർക്കുള്ള പ്രത്യാശയുടെ അടയാളമാണു നമ്മുടെ ചിന്താവിഷയം. കാരുണ്യഭവനങ്ങൾ സന്ദർശിക്കാനും ദുരിതങ്ങളിലൂടെ കടന്നുപോകുന്നവർക്ക് ആത്മീയസാമ്പത്തികസഹായങ്ങൾ നൽകാനും ഈ കാലഘട്ടത്തിൽ ശ്രമിക്കുമല്ലോ. സഹജന്റെ അവകാശം വിട്ടുകൊടുക്കുന്നവൻ തന്റെ ഔദാര്യമാണെന്നമട്ടിൽ അതു സമൂഹമാധ്യമങ്ങളിൽ സചിത്രം കൊട്ടിഘോഷിക്കുന്ന പ്രവണത ഏറിവരുന്ന ഈ കാലഘട്ടത്തിൽ നീ ധർമദാനം ചെയ്യുമ്പോൾ അതു രഹസ്യമായിരിക്കേണ്ടതിനു നിന്റെ വലതുകൈ ചെയ്യുന്നത് ഇടതുകൈ അറിയാതിരിക്കട്ടെ *(മത്താ 6:3)* എന്ന കർതൃവചനം നമുക്കു മറക്കാതിരിക്കാം.

അനുതാപപൂരിതമായ നോമ്പാചരണം നിങ്ങളുടെ ജീവിതങ്ങളെ നവീകരിക്കട്ടെ.



**✠ തോമസ് തറയിൽ**
ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്താ

(ദനഹാക്കാലം എട്ടാം ഞായർ)
23.02.2025

---

**NB:** ***2025 മാർച്ച് 2 ഞായറാഴ്ച*** പള്ളികളിലും സന്യാസഭവനങ്ങളിലും ഈ ഇടയലേഖനം വായിക്കേണ്ടതാണ്.

## സർക്കുലർ

25 Ch. TCL 04

# കരുവള്ളിക്കാട് കുരിശുമല തീർഥാടനം

വന്ദ്യസഹോദരരേ, പ്രിയമക്കളേ

നമ്മുടെ കർത്താവീശോമ്ശിഹായുടെ പീഡാസഹനങ്ങളെ ധ്യാനിച്ചുകൊണ്ടു വലിയനോമ്പിലേക്കു നാം പ്രവേശിച്ചിരിക്കുകയാണ്. ഈശോയുടെ മനുഷ്യാവതാരത്തിന്റെ 2025-ാം ജൂബിലി വർഷത്തിൽ തീർഥാടനങ്ങൾ നടത്താനാണു പരിശുദ്ധ പിതാവു ഫ്രാൻസിസ് മാർപാപ്പ ആഹ്വാനം ചെയ്തിരിക്കുന്നത്. അതനുസരിച്ചു നമ്മുടെ അതിരൂപതയിലെ തീർഥാടനകേന്ദ്രങ്ങളിലൊന്നായ കരുവള്ളിക്കാട് കുരിശുമല തീർഥാടനത്തിലേക്കു നിങ്ങളേവരെയും ഞാൻ സ്വാഗതം ചെയ്യുന്നു.

നമ്മുടെ അതിരൂപതയിൽ ഏറെ പാവനതയോടെ നടത്തപ്പെടുന്നതാണു കരുവള്ളിക്കാട് കുരിശുമല തീർഥാടനം. ഏകദേശം 70 വർഷത്തിലേറെയായി ചെറിയസമൂഹങ്ങളായി ഉപവസിച്ചും പ്രാർഥിച്ചും കുരിശുമലയിലേക്കു തീർഥാടനം ആരംഭിച്ചിരുന്നതായി ചരിത്രം സാക്ഷ്യപ്പെടുത്തുന്നുണ്ട്. കഴിഞ്ഞ രണ്ടു പതിറ്റാണ്ടുകളായി തീർഥാടകരുടെ എണ്ണം ഗണ്യമായി വർധിച്ചുവരുന്നത് ഏറെ പ്രത്യാശ പകരുന്നതാണ്. ചുങ്കപ്പാറക്കു കിഴക്കായി നിർമലപുരം സെന്റ് മേരീസ് ഇടവകാതിർത്തിയിൽ സ്ഥിതി ചെയ്യുന്ന കരുവള്ളിക്കാട് കുരിശുമല തീർഥാടനത്തിനു മറ്റേതു വർഷത്തെക്കാളും പ്രാധാന്യം ഈ ജൂബിലി വർഷം നൽകണമെന്ന് അതിരൂപതാകുടുംബം മുഴുവനോടും ഞാൻ സ്നേഹത്തോടെ അഭ്യർഥിക്കുന്നു. നമ്മുടെ അതിരൂപതയുടെതന്നെ ഏകകുരിശുമലയായി അറിയപ്പെടുന്ന കരുവള്ളിക്കാട് കുരിശുമലയിലേക്കു നോമ്പുദിനങ്ങളിലെ വെള്ളിയാഴ്ചകൾ, പാതിനോമ്പു കഴിഞ്ഞുവരുന്ന വെള്ളി, ശനി, ഞായർ ദിവസങ്ങൾ എന്നിവ മുഖ്യമായും തീർഥാടനത്തിനായി തെരഞ്ഞെടുക്കാ

വുന്നതാണ്. നമ്മുടെ ഇടവകകളിലെ പാരിഷ് കൗൺസിൽ, കുടുംബ ക്കൂട്ടായ്മകൾ, സൺഡേസ്കൂൾ, യുവദീപ്തി-എസ്.എം.വൈ.എം., മാതൃ-പിതൃവേദികൾ, കത്തോലിക്കാകോൺഗ്രസ്, കെ.എൽ.എം., കരിസ്മാറ്റിക്-ജീവകാരുണ്യപ്രസ്ഥാനങ്ങൾ, ഇതര സാമൂഹികസേവന രംഗങ്ങൾ തുടങ്ങിയ എല്ലാ പ്രേഷിതവിഭാഗങ്ങളും ഇക്കാര്യത്തിൽ മുൻ കൈയെടുത്തു പ്രവർത്തിക്കേണ്ടതാണ്.

സഭയുടെ ഉത്തമസന്താനങ്ങളായ നമുക്കു പരമാവധി ത്യാഗമെടുത്ത് ഈശോയുടെ പെസഹാരഹസ്യങ്ങളിൽ പങ്കുചേർന്നു നമുക്കുവേണ്ടി ക്രൂശിതനായി ഉത്ഥാനം ചെയ്ത ഈശോയിൽനിന്ന് അനുഗ്രഹങ്ങൾ പ്രാപിക്കാൻ ഒരുങ്ങാം. ഈശോ നിങ്ങളെ അനുഗ്രഹിക്കട്ടെ.

സ്നേഹപൂർവം,

+ [signature]

**✠ തോമസ് തറയിൽ**
ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്താ

(ദനഹാക്കാലം എട്ടാം ചൊവ്വ)
വാഴ്ത്തപ്പെട്ട സി. റാണി മരിയ
25.02.2025

---

**NB:** ***2025 മാർച്ച് 16 ഞായറാഴ്ച*** പള്ളികളിലും സന്യാസഭവനങ്ങളിലും വചനപ്രഘോഷണത്തിനുശേഷം ഈ സർക്കുലർ വായിക്കേണ്ടതാണ്.

## സർക്കുലർ

25 Ch. TCL 03

# അതിരൂപതാ ജൂബിലി ബൈബിൾ കൺവെൻഷൻ

വന്ദ്യസഹോദരരേ, പ്രിയമക്കളേ

2025 മാർച്ച് 4 ചൊവ്വ മുതൽ 8 ശനി വരെ ചങ്ങനാശ്ശേരി അതിരൂപതാ ബൈബിൾ കൺവെൻഷൻ നടത്തപ്പെടുകയാണ്. ഈശോയുടെ മനുഷ്യാവതാരത്തിന്റെ 2025–ാം ജൂബിലിയാഘോഷിക്കുന്ന ഈ വർഷം *''പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല'' (റോമാ 5:5)* എന്ന വചനഭാഗമാണു കൺവെൻഷന്റെ പ്രധാനവിഷയം. പൂവണ്ണത്തിൽ ബഹു. ഡാനിയൽ അച്ചനാണു കൺവെൻഷൻ നയിക്കുന്നത്. ഈ കൺവെൻഷനിൽ പങ്കെടുത്തു മാനസാന്തരത്തിന്റെ ഫലങ്ങൾ സ്വന്തമാക്കാൻ നിങ്ങളേവരെയും ഞാൻ ഹൃദയപൂർവം ക്ഷണിക്കുന്നു.

''അതിരൂപതയിൽ നാം ഒരു കുടുംബം'' എന്ന അനുഭവത്തിൽ വചനകൂടാരത്തിൽ ഒരുമിച്ചായിരിക്കുമ്പോൾ അതു നമ്മുടെ വിശ്വാസത്തിന്റെയും കൂട്ടായ്മയുടെയും പ്രകാശനമാണ്. തിരുവനന്തപുരം റീജനൊഴികെ അതിരൂപതയിലെ 15 ഫൊറോനകളിലെ വൈദികരും സന്യസ്തരും മാതാപിതാക്കളും യുവജനങ്ങളും കുട്ടികളും ഒരുമിച്ചുകൂടുന്ന വലിയൊരു ആത്മീയസംഗമമായി ഈ ജൂബിലി ബൈബിൾ കൺവെൻഷൻ മാറണമെന്ന് അതിയായി ആഗ്രഹിക്കുന്നു. കൈക്കാരന്മാർ, പാരിഷ് കൗൺസിൽ, കുടുംബക്കൂട്ടായ്മ ലീഡർമാർ, ആനിമേറ്റർ സിസ്റ്റർമാർ എന്നിവരുടെ സഹകരണത്തോടെ ഭവനസന്ദർശനങ്ങൾ നടത്തി ഓരോ ഇടവകയിൽനിന്നും പരമാവധിയാളുകളെ ബൈബിൾ കൺവെൻഷനിലേക്കു കൂട്ടിക്കൊണ്ടുവരാൻ പരിശ്രമിക്കണം.

ആവശ്യമെങ്കിൽ ഇടവകകളിൽനിന്നും പൊതുവാഹനങ്ങൾ ക്രമീകരിച്ച് ഇടവകാംഗങ്ങളെ പങ്കെടുപ്പിക്കാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ. ഇടവകകളിലും ഭവനങ്ങളിലും കൺവെൻഷന്റെ വിജയത്തിനുവേണ്ടിയുള്ള പ്രാർഥന ചൊല്ലി ഒരുങ്ങാം. 2025 ഫെബ്രുവരി 28


വെള്ളിയാഴ്ച ബൈബിൾ കൺവെൻഷന്റെ വിജയത്തിനായി പ്രാർഥനാദിനമായി ആചരിക്കാം. അന്നേദിവസം ഇടവകകളിൽ ഒരു മണിക്കൂർ പരിശുദ്ധ കുർബാനയുടെ ആരാധന നടത്തി പ്രാർഥിക്കാം.

40 ദിനരാത്രങ്ങൾ ഉപവസിച്ച ഈശോ നമ്മോടു പറയുന്നത്: പ്രാർഥനയും ഉപവാസവും കൊണ്ടല്ലാതെ മറ്റൊന്നുകൊണ്ടും ഈ വർഗം പുറത്തുപോകുകയില്ല'' *(മർക്കോ. 9:29)* എന്നാണ്. ഈശോയുടെ ഈ വചനത്തെ ധ്യാനിച്ചുകൊണ്ടു ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ മാർച്ച് 2 ഞായർ മുതൽ ഏപ്രിൽ 11 നാല്പതാം വെള്ളി വരെ അഖണ്ഡമായി നടത്തപ്പെടുന്ന 40 ദിനരാത്ര ആരാധനയിലേക്ക് (കരുണാർഥന) ഏവരുടെയും സാന്നിധ്യം അഭ്യർഥിക്കുന്നു.

കുട്ടികളുടെ പരീക്ഷാദിനങ്ങളിൽ അവരുടെ നിയോഗംവെച്ചു ബൈബിൾ കൺവെൻഷനിൽ പങ്കെടുക്കാനും അവർക്കായി കൂടുതൽ പ്രാർഥിക്കാനും മാതാപിതാക്കൾ സമയം കണ്ടെത്തണം. കുടുംബ ദൈവവചനപഠനപദ്ധതിയായ 'നൂറുമേനി'യുടെ ഇടവകതലമത്സരം 2025 ഏപ്രിൽ 6 ഞായറാഴ്ചയാണ്. നൂറുമേനി സീസൺ 3 പഠനപുസ്തകത്തിലെ വചനങ്ങൾ പഠിക്കാൻ നമ്മുടെ കുടുംബങ്ങളെ കൂടുതൽ പ്രോത്സാഹിപ്പിക്കണമെന്നു ബഹു. വികാരിയച്ചന്മാരോടും സന്യസ്തരോടും മതാധ്യാപകരോടും അഭ്യർഥിക്കുന്നു.

സങ്കീർത്തകൻ പറയുന്നതുപോലെ ദൈവവചനത്തിൽ പ്രത്യാശ അർപ്പിച്ചുകൊണ്ടു നമുക്കു നിരാശയുടെ നീരാളിക്കൈകളെ നേരിടാം. ഈ ജൂബിലി വർഷത്തിൽ പ്രത്യാശയുടെ തീർഥാടകരായി ലോകത്തെ നവീകരിക്കാം.

സസ്നേഹം,



**✠ തോമസ് തറയിൽ**
ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്താ

(ദനഹാക്കാലം ഏഴാം വെള്ളി)
21.02.2025

---

**NB:** ***2025 ഫെബ്രുവരി 23 ഞായറാഴ്ച*** തിരുവനന്തപുരം റീജനൊഴികെയുള്ള ഇടവകകളിലും കുരിശുപള്ളികളിലും സന്യാസാശ്രമങ്ങളിലും വചനപ്രഘോഷണത്തിനുശേഷം വായിക്കാനായി നൽകപ്പെട്ട സർക്കുലർ.

No.: 4089/K-5/KCBC/OL/DS 14.02.2025

# മദ്യ-ലഹരിവിരുദ്ധഞായർ

## (23 മാർച്ച് 2025)

**മദ്യ-ലഹരിവിരുദ്ധഞായർ ആചരണത്തിന്റെ ഭാഗമായി കെ.സി.ബി.സി. മദ്യവിരുദ്ധ കമ്മിഷൻ നൽകുന്ന സർക്കുലർ**

മ്ശിഹായിൽ പ്രിയപ്പെട്ട വൈദികരേ, സന്യസ്തരേ, സഹോദരങ്ങളേ

കേരളകത്തോലിക്കാസഭ മാർച്ച് 23 മദ്യ-ലഹരിവിരുദ്ധഞായറായി ആചരിക്കുകയാണ്. സമൂഹത്തിൽ ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന മദ്യ-രാസലഹരികളെക്കുറിച്ചു ചർച്ച ചെയ്യുന്നതിനും ഈ മഹാവിപത്തിനെ ഫലപ്രദമായി നേരിടുന്നതിനും തരണം ചെയ്യുന്നതിനുമുള്ള മാർഗങ്ങൾ കണ്ടെത്തുകയുമാണു മദ്യ-ലഹരിവിരുദ്ധഞായർ ആചരണം എന്നതുകൊണ്ടു ലക്ഷ്യമാക്കുന്നത്. **മദ്യ-ലഹരിവിരുദ്ധ സഭയും സമൂഹവും** എന്ന ആപ്തവാക്യം സ്വീകരിച്ചുകൊണ്ട് 27 വർഷങ്ങളായി കെ.സി.ബി.സി. മദ്യ-ലഹരിവിരുദ്ധസമിതി പ്രവർത്തിച്ചുവരികയാണ്.

മാരകമായ രാസലഹരിയുടെയും മദ്യത്തിന്റെയും നീരാളിപ്പിടുത്തത്തിലാണ് ഇന്നു നമ്മുടെ കേരളം. എവിടെയും മദ്യവും മയക്കുമരുന്നുകളും സുലഭമാണ്. ഇവയ്ക്ക് അടിമപ്പെടുന്നവരുടെ സംഖ്യ ക്രമാതീതമായി വർധിക്കുന്നു. മദ്യത്തിന്റെയും രാസലഹരിയുടെയും ഉപയോഗത്തിലൂടെ മനുഷ്യർ ക്രൂരരും അക്രമാസക്തരും അപഹാസ്യരുമാകുന്നു; കുടുംബങ്ങളിൽ സമാധാനമില്ലാതാകുന്നു; അധ്വാനഫലം ചോർന്നുപോകുന്നു. സമ്പാദ്യങ്ങൾ നശിക്കുന്നു; അനുഗ്രഹം അന്യമാകുന്നു; കുടുംബങ്ങൾ അനാഥമാകുന്നു; ബന്ധങ്ങൾ തകരുന്നു; ആത്മഹത്യകൾ വർധിക്കുന്നു. ധാർമികതയ്ക്കു വിലയില്ലാതാകുന്നു. സ്വഭവനത്തിൽപോലും സ്വന്തപ്പെട്ടവർക്കു പേടിച്ചുകഴിയേണ്ടിവരുന്ന അവസ്ഥയുണ്ടാകുന്നു. ചുരുക്കത്തിൽ,

സമൂഹത്തെ മുഴുവൻ ബാധിച്ചിരിക്കുന്ന സാമൂഹികതിന്മയായി മദ്യ-രാസ ലഹരി ഉപയോഗം മാറിക്കഴിഞ്ഞിരിക്കുന്നു.

തുടർഭരണം നേടിവരുന്ന സർക്കാരുകൾ പണം കണ്ടെത്തുന്ന കുറുക്കു വഴിയാണു മദ്യവിൽപനയും മദ്യനിർമാണവും. ബാറിന്റെയും ബിവറേജ് ഔട്ട്ലെറ്റുകളുടെയും എണ്ണം വർധിപ്പിച്ചും, ഐ.ടി. പാർക്കുകളിൽ ബാറും പബ്ബും ആരംഭിച്ചുകൊണ്ടും അവസാനമായി പാലക്കാട് എലിപ്പുള്ളി യിൽ സ്വകാര്യകമ്പനിക്കു ബ്രൂവെറിക്ക് അനുമതി നൽകിയും നമ്മുടെ നാടിനെ മദ്യലഹരിയിൽ മുക്കിക്കൊല്ലാനുള്ള അണിയറയൊരുക്കങ്ങൾ നടക്കുന്നു.

മറുവശത്ത്, പൊതുജനം ശാരീരികമായും മാനസികമായും തകർന്നു കൊണ്ടിരിക്കുന്നു. സർക്കാരിന്റെ പദ്ധതിയായ ''അമൃതം ആരോഗ്യം'' എന്നതിലൂടെ പത്തുലക്ഷത്തിലധികം പേരാണു പുകയിലയുപയോഗം വഴിയായുള്ള രോഗങ്ങളുടെ ചികിത്സയ്ക്കു രജിസ്റ്റർ ചെയ്തിരിക്കു ന്നത്. ഇതിന്റെ രണ്ടാംഘട്ടത്തിൽ 23 ലക്ഷമാളുകൾക്കാണു ചികിത്സ നൽകാൻ ലക്ഷ്യമിട്ടിരിക്കുന്നത്. കേരളം ഇപ്പോൾ എവിടെയെത്തി നിൽക്കുന്നുയെന്നതിന്റെ നേർക്കാഴ്ചയാണ് ഇവിടെ നാം കാണുന്നത്. നമ്മുടെ നാടിന്റെ മുക്കിലും മൂലയിലും ലഹരി മാഫിയകൾ സ്ഥാനമുറ പ്പിച്ചുകഴിഞ്ഞു. കേവലം, 18 വയസിനു താഴെ പ്രായമുള്ളവരുടെ 'കുട്ടി ഗുണ്ടാസംഘങ്ങൾ' ലഹരിക്കടിമപ്പെട്ടു ചേരിതിരിഞ്ഞുള്ള ആക്രമണ ങ്ങൾ ഇവിടെ നടമാടുമ്പോഴും അധികാരികളുടെ കണ്ണുകൾ അടഞ്ഞു തന്നെയാണ്.

കേരളത്തിൽ അതിവേഗം വളർന്നുവരുന്ന മദ്യ-രാസലഹരി മാഫി യയെ അമർച്ച ചെയ്യാൻ എല്ലാവർക്കും ബാധ്യതയുണ്ട്. സർക്കാർ വിവിധ പദ്ധതികൾ നടപ്പിലാക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും ഒന്നിലും ഫലം കാണുന്നില്ല. ഒന്നാമതായി, രാസലഹരിയുടെ ദോഷഫലങ്ങൾ പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തണം. അഞ്ചു മുതൽ കോളേജ് തലംവരെയുള്ള ക്ലാസ്സുകളിൽ മദ്യ-രാസലഹരിയുടെ തിക്തഫലങ്ങൾ വിശദമായിത്തന്നെ പഠിപ്പിക്കണം. സംസ്ഥാനത്തിന്റെ അതിർത്തികളിലും റെയിൽവേ സ്റ്റേഷനു കളിലും ബസ് സ്റ്റാൻഡുകളിലും നിരീക്ഷണം ശക്തമാക്കണം.

കേരളത്തിലേക്കു തൊഴിൽ തേടി വരുന്നവരെ സമ്പൂർണമായ പരിശോധനയ്ക്കു വിധേയമാക്കണം. നമ്മുടെ മതബോധന ക്ലാസ്സുകളിൽ ഈ വിഷയം ഗൗരവമായി പഠിപ്പിക്കണം. കേരള ഹൈക്കോടതിയുടെ അഭിപ്രായത്തിൽ, യുവതലമുറയെയും പൊതുജനങ്ങളുടെ ആരോഗ്യത്തെയും തകർക്കുന്ന ആഗോളപകർച്ചവ്യാധിയാണു മദ്യ-രാസലഹരികൾ. നാടിന്റെ സാമ്പത്തികമായ സ്ഥിരതയെയും അതിന്റെ സംവിധാനങ്ങളെയും ഇതു നശിപ്പിക്കുന്നു. മദ്യ-രാസലഹരിയുടെ വിപണനത്തിനും ഉപയോഗത്തിനും ശാശ്വതമായ പരിഹാരം കാണാൻ തിരുസഭയ്ക്കും സഭയിലെ വിശ്വാസികൾക്കും കടമയുണ്ട്. മാരകമായ ഈ വിപത്തിനെ സംബന്ധിച്ചു വിശ്വാസികൾ ബോധ്യമുള്ളവരാകണം. കൂട്ടായപ്രാർഥനകളും ബോധവത്കരണവും മദ്യവിരുദ്ധപ്രവർത്തനങ്ങളും ഇടവകകളിലും കുടുംബങ്ങളിലും നടത്തണം.

''ലഹരിയുടെ ഉപയോഗം വ്യക്തിയുടെ ആരോഗ്യവും ജീവിതവും നശിപ്പിക്കുന്നു'' (YOUCAT 389). രാസലഹരിയുടെ വിനാശകരമായ പാർശ്വഫലങ്ങൾ വ്യക്തമാക്കിക്കൊണ്ടു വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ ഇപ്രകാരം പറഞ്ഞിട്ടുണ്ട്: മയക്കുമരുന്നുകച്ചവടക്കാർ മരണസംസ്കാരത്തിന്റെ വ്യാപാരികളാണ്. ചുരുക്കത്തിൽ, മയക്കുമരുന്നിന്റെ ഉപയോഗത്തെ എതിർക്കുകയും സമൂഹത്തിൽനിന്ന് അതില്ലാതാക്കുകയും ചെയ്യുകയെന്നത് ഓരോ ക്രൈസ്തവന്റെയും ധർമമാണ്. ഈ വിഷയത്തിൽ തിരുസഭയും സമൂഹവും അനുഭവിക്കുന്ന വെല്ലുവിളികളെ നേരിടാനും ഫലപ്രദമായി പരിഹാരം കണ്ടെത്താനുമായി കെ.സി.ബി.സി.യുടെ കമ്മിഷനുകൾ എല്ലാ സഹകരണങ്ങളും വാഗ്ദാനം ചെയ്തിട്ടുണ്ട്. കേരളസഭയിലെ അല്മായപ്രസ്ഥാനങ്ങളും സംഘടനകളും ലഹരിക്കെതിരെയുള്ള പോരാട്ടത്തിൽ പങ്കാളികളാകണം.

മദ്യ-ലഹരിവിരുദ്ധഞായർ ആചരിക്കുന്ന ഈ അവസരത്തിൽ തിരുസഭയുടെ പ്രേഷിതദൗത്യത്തെക്കുറിച്ചു ചിന്തിക്കുകയും മദ്യ-രാസലഹരിയിൽ തിരുസഭാമക്കൾ ഉൾപ്പെടാതിരിക്കുകയും ചെയ്യണം. മദ്യത്തിന്റെ ലഭ്യത കുറയ്ക്കുക, മദ്യ-രാസലഹരിക്ക് അടിമപ്പെടുന്നവരെ ചികിത്സിക്കുക, ബോധവത്കരണപ്രവർത്തനങ്ങൾ ശക്തമാക്കുക എന്നീ ത്രിമാനപരിപാടികളിലൂടെ സമ്പൂർണമായ വിമോചനം നേടിയെടുക്കാനും

ഈ സാമൂഹികവിപത്തിനെതിരെയുള്ള പോരാട്ടങ്ങൾ ശക്തമാക്കാനും ഈ വർഷത്തെ മദ്യ-ലഹരിവിരുദ്ധഞായർ ആചരണം സഹായകമാകട്ടെ യെന്നാശംസിക്കുന്നു! ഈ ലക്ഷ്യം നേടിയെടുക്കാനായി നമുക്കു കൂട്ടായി പ്രവർത്തിക്കാം. മാർച്ച് 23 ഞായറാഴ്ചയിലെ സ്തോത്രക്കാഴ്ച മദ്യ-ലഹരിവിരുദ്ധപ്രവർത്തനങ്ങൾ ചെയ്യാൻ രൂപതാകേന്ദ്രത്തിൽ നൽകണ മെന്ന് അഭ്യർഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ബിഷപ് യൂഹാനോൻ മാർ തെയഡോഷ്യസ്**
*(ചെയർമാൻ)*


**ബിഷപ് ആർ. ക്രിസ്തുദാസ്**
*(വൈസ് ചെയർമാൻ)*

**ബിഷപ് സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ**
*(വൈസ് ചെയർമാൻ)*

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
പി.ഒ.സി. കൊച്ചി 682025

---

**NB:** ***2025 മാർച്ച് 23 ഞായറാഴ്ച*** *ഈ സർക്കുലർ വായിക്കുകയോ അറിയിക്കുകയോ ചെയ്യേണ്ടതാണ്.*




ARCHEPARCHY OF CHANGANACHERRY

THOMAS THARAYIL
METROPOLITAN ARCHBISHOP
OF CHANGANACHERRY

ARCHBISHOP HOUSE
CHANGANACHERRY - 686 101
KERALA, INDIA

# I
## DECREE ON THE ESTABLISHMENT OF THE SEVENTEENTH PRESBYTERAL COUNCIL

**C.25/GL 24**

By virtue of my pastoral office, in conformity with Canons 264-270 of the *Codex Canonum Ecclesiarum Orientalium* and as per the provisions of the *Statutes of the Presbyteral Council of the Archeparchy of Changanacherry*, I, the undersigned Metropolitan Archbishop of Changanacherry, hereby constitute the Archeparchial Presbyteral Council (January 24, 2025- January 24, 2028) with the following members:

**I *Ex-officio* Members**

Very Rev/Rev Fathers

| | | |
|---|---|---|
| 1. | Ethackad Antony | (Protosyncellus) |
| 2. | Changankary Mathew | (Syncellus) |
| 3. | Kanniyakonil Scaria | (Syncellus) |
| 4. | Thekkekara John | (Syncellus) |
| 5. | Alencherry Isaac | (Judicial Vicar) |
| 6. | Puthumanamoozhiyil George | (Chancellor) |
| 7. | Maleckal Antony | (Finance Officer) |
| 8. | Vaniapurackal Joseph | (Vicar, Metropolitan Church) |
| 9. | Karukayil Joseph (Manoj) | (Rector, Minor Seminary) |
| 10. | Aryankala Thomas | (Secretary, PPFA) |
| 11. | Ezhikad Thomas | (Representative, Missions) |

**II Elected Members**

Very Rev/Rev Fathers

1. Aerathadom Philip
2. Anakkallunkal Antony
3. Athikalam Jacob
4. Chamakala Sebastian
5. Changankary Abraham
6. Chavara John
7. Chorattuchamakala Joseph
8. Ettakakunnel Thomas
9. Kakkuzhy Cherian
10. Kalathil Joseph
11. Kampiyil Thomas
12. Karakkadu Thomas
13. Karukakalam Thomas
14. Kayamkulathusserry Joseph
15. Koippally Jacob
16. Kottayil Cyriac
17. Kunnakkattuthara Zacharias
18. Manakunnel John
19. Mangalathil George
20. Mangalathu Thomas
21. Marattukalam Mathew
22. Moolamkunnam George
23. Mundakathil Joseph
24. Nelpuraparampil Philip
25. Pallichirayil Joseph
26. Panamparambil Andrews
27. Parackal Antony
28. Pazhayamadom Cyriac
29. Ponnattil Joseph
30. Pulickapadavil Varghese
31. Puthenkalam Tom
32. Puthenpurackal Thomas (Joshy)
33. Puthenpurayil Mathew
34. Puthiyidam Mani
35. Puthuparampil Joseph (Robin)
36. Srampickal Scaria
37. Thadathil Mathew
38. Thalachelloor Antony
39. Thayil Philip
40. Thundukalam Antony

**III. Nominated Members**

Very Rev/Rev Fathers

1. Kochuparampil Jose
2. Kooroth Jacob
3. Manthuruthil George
4. Moolayil Antony
5. Mulavana Joseph
6. Muriyankavunkal Dominic
7. Odalany Mathew
8. Panakezham George
9. Punnassery Sebastian
10. Puthuparampu Devasia
11. Thoompunkal Joseph (Roy)
12. Varikattu Jacob

Given from the Metropolitan Curia of the Archeparchy of Changanacherry on January 24, 2025.

✠ **Thomas Tharayil**
Metropolitan Archbishop of Changanacherry

MAR THOMAS THARAYIL ✶ METROPOLITAN ARCHBISHOP OF CHANGANACHERRY

Fr. George Puthumanamoozhiyil
Chancellor

## II

ARCHEPARCHY OF CHANGANACHERRY

THOMAS THARAYIL
METROPOLITAN ARCHBISHOP
OF CHANGANACHERRY

ARCHBISHOP HOUSE
CHANGANACHERRY - 686 101
KERALA, INDIA

**C.25/PD 117**

**DECREE**

I, the undersigned Metropolitan Archbishop of Changanacherry, by virtue of my pastoral office and in conformity with Canon 271 of the *Codex Canonum Ecclesiarum Orientalium*, and Article 100 of the Archeparchial Statutes, hereby constitute the new College of Archeparchial Consultors, consisting of the following members:

1. V. Rev. Fr. Antony Ethackad
2. V. Rev. Fr. Mathew Changankary
3. V. Rev. Fr. Scaria Kanniyakonil
4. V. Rev. Fr. John Thekkekara
5. V. Rev. Fr Antony Maleckal
6. V. Rev. Fr. George Puthumanamoozhiyil
7. V. Rev. Fr. Mathew Odalany
8. V. Rev. Fr. Sebastian Punnassery
9. V. Rev. Fr. Jacob Varikattu
10. V. Rev. Fr. Tom Puthenkalam
11. V. Rev. Fr. Joseph Mulavana

The new College of the Archeparchial Consultors is constituted for a period of five years with effect from February 11, 2025.

Given at the Metropolitan Curia on February 01, 2025

✠ **Thomas Tharayil**
Metropolitan Archbishop of Changanacherry

Fr. George Puthumanamoozhiyil
Chancellor

# III

ARCHEPARCHY OF CHANGANACHERRY

THOMAS THARAYIL
METROPOLITAN ARCHBISHOP
OF CHANGANACHERRY

ARCHBISHOP HOUSE
CHANGANACHERRY - 686 101
KERALA, INDIA

**C.25/GL 38**

**DECREE**

I, the undersigned Metropolitan Archbishop of Changanacherry, by virtue of my pastoral office and in conformity with Canon 263 of the *Codex Canonum Ecclesiarum Orientalium*, Article 14 of the Particular Law of the Syro-Malabar Church, and Article 94 of the Archeparchial Statutes, hereby constitute the new Archeparchial Finance Council, consisting of the following members:

1. Very Rev. Fr. Antony Ethackad
2. Very Rev. Fr. Mathew Changankary
3. Very Rev. Fr. Scaria Kanniyakonil
4. Very Rev. Fr. John Thekkekara
5. Very Rev. Fr. Antony Maleckal
6. Very Rev. Fr. George Puthumanamoozhiyil
7. Very Rev. Fr. Joseph Vaniapurackal
8. Rev. Fr. Joseph Kalarickal
9. Mr. Francis Kattoor
10. Mr. George L. Mathew Pallivathuckal
11. Mr. Mathew Kuruvilla Peringattu
12. Mrs. Tessy Sebastian Panamparampil

The new Archeparchial Finance Council is constituted for a period of three years with effect from February 11, 2025.

Given at the Metropolitan Curia on February 01, 2025

✠ **Thomas Tharayil**
Metropolitan Archbishop of Changanacherry

Fr. George Puthumanamoozhiyil
Chancellor

# IV
## TRANSFERS & APPOINTMENTS OF VICARS, DIRECTORS
## (13 February 2025)

| Very Rev./ Rev. Fr. | Transferred from | Transferred to |
|---|---|---|
| Aerathadom Philip | Kurumpanadom Assumption | Kadayanickadu St. Mary's |
| Anchil Mathew (Jerin) | Veroor St. Joseph's | Kannammoola St. Mother Teresa |
| Aranjaniyil Geevarghese | Vettimukal St. Mary's | Pulincunnoo St. Mary's F. (Asso. Pastor) |
| Bangalavuparampil Joseph | Moncompu St. Pius X | Chennamkary St. Joseph's |
| Cheppila Scaria | Muttar Old St. George | Kidangara St. Gregorios |
| Chethipuzha Jacob | | Manager, SBHSS Changanacherry (Addl.) |
| Chooravady Antony | Ithithanam St. Mary's | Moncompu St. Pius X |
| Chooravady Mathew (Moban) | Kannammoola St. Mother Teresa; Director, Lourdes Matha Care Thiruvananthapuram | Nirmalapuram St. Mary's; Joint Director, Sanjeevani Nedumkunnam |
| Chorattuchamakala Joseph | | Veliyanadu St. Gregory's; Veliyanadu St. Joseph's (Addl.) |
| Edachethra Varghese | Panayampala St. Sebastian's | Director, Mother Teresa Home Nedumkunnam |
| Elanjickal George | | Academic Director, SJCC Kurisummood; Joint Director, Media Apostolate |
| Ethackad Antony | Thrickodithanam St. Xavier's F. | Relieved |
| Kachamkode Antony | Edapalayam St. George; Kulathupuzha St. Sebastian's | Mundathanam St. Antony's; Joint Director, 'My Parish' Project |
| Kaithakalam Cyril MCBS | Kuttamangalam St. Joseph's | Pangada Sacred Heart |
| Kaithaparampil Joseph (Mijo) | Madappally Little Flower | Kuttamangalam St. Joseph's |
| Kaithaparampil Joseph (Morley) | Thiruvananthapuram Lourdes F. | Mammood Lourdes Matha |
| Kalathil Joseph | | Assistant Archivist (Addl.) |
| Kamicherry Scaria | Koilmuck St. Joseph's f. | Etawah Mission |
| Kanjiravelil Thomas | Thottuvathala Sacred Heart | Asst. Director, Mother Teresa Home Alappuzha |
| Kannadippara Sebastian | Cheppumpara Marth Mariam | Pallikkoottumma Fathima Matha; Asst. Director, CHASS; Director, Khadi |
| Kanniyakonil Scaria | | Syncellus |
| Karikompil Cherian | Procurator, Archeparchy | Punnapra Mar Gregorios; Bursar, Mar Gregorios College Punnapra |

| | | |
|---|---|---|
| Karippingapuram Abraham | Punnapra Mar Gregorios; Bursar, Mar Gregorios College Punnapra | Punnathura St. Thomas |
| Karukayil Joseph (Manoj) | Manager, Corp. Management of Schools | Rector, St. Thomas Minor Seminary |
| Kattady Jacob | Punnathura St. Thomas | Kavalam St. Theresa's |
| Kochuparampil Jose | Changanacherry St. Mary's Metropolitan | Kurumpanadom Assumption |
| Kochuthara Thomas | Kondackal St. Joseph's | Relieved |
| Kokkavayalil James | | Chief Editor, Sathyadarsanam (Addl.) |
| Koottummel George | Rector, St. Thomas Minor Seminary | Thekkekara St. John's |
| Kottathil Thomas | | Vettithuruth St. Antony's |
| Kulathumkal Thomas | Executive Director, CHASS | Relieved |
| Kurinjiparampil Sebastian | Vettithuruth St. Antony's | Relieved |
| Kuzhiyadiyil Joseph | Pangada Sacred Heart | Rajamattom Sacred Heart; Secretary, Sebastian Kunnath Jubilee Trust; Jeevakarunyanidhi Trust |
| Madathiparampil Mathew | Director, Amala Pastoral Centre Venjarammood | Relieved; Residence Venjarammood |
| Maleckal Antony | Veroor St. Joseph's | Procurator, Archeparchy |
| Manatt Savio | Thrickodithanam St. Xavier's F. | Thottuvathala Sacred Heart; Joint Director, Yuvadeepti-SMYM |
| Manavath Varkey | Asst. Director, Mother Teresa Home Alappuzha | Relieved |
| Mancherikalam Sebastian | Rajagiri Christ the King; Amboori Estate; TAASC | Koilmuck St. Joseph's f. |
| Mannamthuruthil Sebastian | Kadayanickadu St. Mary's | Thakazhy-Thennady St. Rita's |
| Moolayil Antony | Vadakkekara St. Mary's | Manager, Corp. Management of Schools |
| Moonnattinmugham Mathew | | Manager, Estates: Amboori, Shimoga (Addl.) |
| Moonnuparayil Varghese | Asst. Director, CARP | Relieved |
| Muriankarychirayil Mathew | Bursar, Media Village | Principal, SJCC Kurisummood |
| Muthalakavil Antony | Thadiyoor St. Antony's; Ezhumattoor St. Joseph's | Kondackal St. Joseph's |
| Naduthundathil Sebastian | Koothrappally St. Mary's | Attingal St. Jude; Director, Amala Pastoral Centre Venjarammood |
| Narithuruthel Joseph | Attingal St. Jude | Relieved |
| Neriamparampil Emmanuel | Manager, SBHSS Changanacherry; Asst. Manager, Corp. Management of Schools | Pastoral Ministry – UK |

| | | |
|---|---|---|
| Paikkattumattathil Thomas | Perunna East St. Antony's | Payattupakka Holy Family |
| Palamattom Alexander | Adoor Mar Sleeva;<br>Pandalam Danahapally | Punnathura St. Thomas<br>(Asso. Pastor) |
| Panachickal Michael VC | | Killi St. John Paul II Mission |
| Panakezham George | Asst. Director, CHASS &<br>Director, Khadi | Executive Director, CHASS |
| Parackal Jacob | Kidangara St. Gregorios | Perunna East St. Antony's |
| Parackal Joseph | Principal, SJCC Kurisummood | Cheppumpara Marth Mariam;<br>Special Secretary,<br>Foreign Correspondence |
| Parappally Jose | Veliyanadu St. Gregory's &<br>Veliyanadu St. Joseph's | Arpookara Cherupushpam |
| Parathara Thomas | | Fathimapuram Fathima Matha |
| Pattathanam Stephen | Kollam Thoma Sleeha Pally | Relieved; Resi. CCCHI, Neendakara |
| Pazhayamadom James | Director, Mother Teresa Home<br>Nedumkunnam | Executive Director, JIMPIRE |
| Peediyekkal Paul | Killi St. John Paul II Mission | Relieved |
| Pulickassery Devasia | Chennamkary Lourdes Matha | Panayampala St. Sebastian's |
| Punnassery Sebastian | Executive Director, Charity World<br>Trust, JIMPIRE & JPC<br>Cheeranchira | Thrickodithanam St. Xavier's F. |
| Punnassery Xavier | Thathampally St. Michael's | Thadiyoor St. Antony's;<br>Ezhumattoor St. Joseph's |
| Puthenchira Jose | Pallikkoottumma Fathima<br>Matha | Relieved |
| Puthenkalam Xavier | Fathimapuram Fathima Matha | Relieved |
| Puthenpura Kurian | Pullangady Holy Family | Relieved |
| Puthenpurachirathykalam<br>Xavier | Kottackupuram St. Mathew's | Edapalayam St. George;<br>Kulathupuzha St. Sebastian's |
| Puthenpurackal Thomas (Joshy) | Thekkekara St. John's | Veroor St. Joseph's |
| Puthenpurackal Thomas (Tomy) | Rajamattom Sacred Heart | Vadakkekara St. Mary's |
| Puthiyaparambil Thomas | Punnathura St. Thomas | Chennamkary Lourdes Matha |
| Puthuparampu Devasia | | Executive Director, Charity World<br>Trust (Addl.) |
| Puthuveettil Joseph | Kavalam St. Theresa's | Pullangady Holy Family |
| Thadathil John V. | Mammood Lourdes Matha | Muttar Old St. George |
| Thanamavunkal Varghese | Syncellus | Pastoral Ministry – UK |
| Tharakunnel Antony | Asst. Director, Bursar,<br>Sanjivani; Nirmalapuram<br>St. Mary's | Rajagiri Christ the King; TAASC;<br>Asst. Manager, Amboori Estate |

| | | |
|---|---|---|
| Thekkedathu Mathew | Chief Editor, Sathyadarsanam (Addl.) | Relieved |
| Thekkekara John | | Thiruvananthapuram Lourdes F. |
| Vallayil Job | Payattupakka Holy Family | Relieved |
| Vaniapurackal Joseph | Chennamkary St. Joseph's | Changanacherry St. Mary's Metropolitan |
| Vazhaparampil Thomas | | Director, Lourdes Matha Care Thiruvananthapuram (Addl.) |
| Veliyathu George | Mariyapuram Mary Matha | Kollam Thoma Sleeha Pally |
| Velamparampil Sebastian HGN | Mundathanam St. Antony's | Relieved |
| Vellanickal Louis | Arpookara Cherupushpam | Sick Leave |
| Vengasserry Paul | Thakazhy-Thennady St. Rita's | Kunnamthanam ZION Retreat Centre - Preaching Ministry |
| Vettuvelikkalam Luka | Thrickodithanam St. Xavier's F. | Adoor Mar Sleeva; Pandalam Danahapally |

## Transfers & Appointments of Parochial Vicars

| Rev. Fr. | Transferred from | Transferred to |
|---|---|---|
| Ambalathunkal Kurian | Kudamaloor St. Mary's F. | Veroor St. Joseph's |
| Chavarakudilil Thomas CMI | Chethipuzha Sacred Heart | Relieved |
| Chirayil Varghese | | Manimala Holy Magi F. |
| Eettickal Mathew MCBS | | Champakulam St. Mary's Basilica |
| Elampalasseril Varghese | | Champakara St. Joseph's |
| Elavummoottil Xavier | Pacha-Chekkidikad Lourdes Matha | Kottayam Lourdes F. |
| Illickal George CMI | | Chethipuzha Sacred Heart |
| Kalarikkal Jacob | | Changanacherry St. Mary's Metropolitan |
| Kalathiparampil Sebastian | Manimala Holy Magi F. | Kurumpanadom St. Antony's F. |
| Kalathiveettil Jacob | Pulincunnoo St. Mary's F. | Nedumkunnam, St. John the Baptist F. |
| Kanjirathummoottil Cyriac | | Parampuzha Bethlehem |
| Karikandom Mathew | Secretary to Archbishop Joseph Perumthottam; Thottackad St. George | Kottayam Lourdes F. |
| Kattathara Yohannan | Parampuzha Bethlehem | Alappuzha Mar Sleeva F. |
| Kavanattu Mathew | Changanacherry St. Mary's Metropolitan | Kottackupuram St. Mathew's |
| Kayalilparambil Antony | | Thrickodithanam St. Xavier's F. |
| Kizhakkemalil Jacob CMI | | Thathampally St. Michael's |

| | | |
|---|---|---|
| Kollamparampil Joseph | | Vettimukal St. Mary's |
| Kurasserry Joseph | Champakara St. Joseph's | Changanacherry St. Mary's Metropolitan |
| Malithara Joseph (Etawah) | | Athirampuzha St. Mary's |
| Mammoottil Sebastian | Athirampuzha St. Mary's F. | Thathampally St. Michael's |
| Manakkalam Varkey | | Amboori St. George F. |
| Manakunnel Antony | | Athirampuzha St. Mary's F. |
| Marangattu Mathew | Nedumkunnam, St. John the Baptist F. | Thiruvananthapuram Lourdes F. |
| Ottarackal Chacko | Amboori St. George F. | Pulincunnoo St. Mary's Forane |
| Palackal Joseph | | Parel St. Mary's |
| Pallickal Joseph | | Koothrappally St. Mary's |
| Panjipuzha Varghese | Poonthope St. Francis Assissi | Champakulam St. Mary's Basilica |
| Parathanam Joseph | Thuruthy Marth Mariam F. | Kurumpanadom Assumption |
| Pulickapadavil Varghese | Kottayam Lourdes F. | MTh. Studies, St. Thomas Apostolic Seminary Vadavathoor |
| Puthuparampil Joseph (Robin) | Thiruvananthapuram Lourdes F. | Secretary to Archbishop Thomas Tharayil |
| Puthuveettilkalam Joseph (Tony) | Champakulam St. Mary's Basilica | Muttar Old St. George |
| Srampickal Varkey | Secretary to Archbishop Thomas Tharayil | Language Studies |
| Thathakattupulickal John | Kottayam Lourdes F. | Madappally Little Flower |
| Thazhathu George CMI | | Chethipuzha Sacred Heart |
| Theempalangattu Abraham | Alappuzha Mar Sleeva F. | Thuruthy Marth Mariam F. |
| Thondikkakuzhyil Abraham | Parel St. Mary's | Poonthope St. Francis Assissi |
| Thundukalam Antony | Changanacherry St. Mary's Metropolitan | Bursar, SJCC Kurisummood |
| Vadakaetathu Mathew | Kurumpanadom St. Antony's F. | Secretary to Archbishop Joseph Perumthottam; Asst. Director, St. Joseph's Priests' Home Ithithanam |
| Vadasseril Alex CRM | Athirampuzha St. Mary's F. | Relieved |
| Valiyathazhath Joseph CMI | Chethipuzha Sacred Heart | Relieved |
| Varavukalayil Varghese | Pulincunnoo St. Mary's F. | Kudamaloor St. Mary's F. |
| Vembenickal Joseph MST | | Edathua St. George F. |
| Vettukallel Michael MST | | Alappuzha Mar Sleeva F. |
| Vithuvattickal John CMI | | Koothrappally St. Mary's |

## V

## പീഡാനുഭവ ആഴ്ചയിലെ തിരുക്കർമങ്ങൾ

പെസഹാവ്യാഴം, പീഡാനുഭവവെള്ളി, വലിയശനി എന്നീ ദിവസങ്ങളിലെ തിരുക്കർമങ്ങൾ നമ്മുടെ ആരാധനക്രമത്തിനനുസൃതമായി സായംകാലത്തുമാത്രം പള്ളികളിൽ പരികർമം ചെയ്യേണ്ടതാണ്. മാർ നെസ്തോറിയസിന്റെ കൂദാശക്രമം പെസഹാവ്യാഴാഴ്ച ഉപയോഗിക്കേണ്ടതാണ്.

## VI

## മാർ ആന്റണി പടിയറപ്പിതാവിന്റെ 25-ാം ചരമവാർഷികം

1970 മുതൽ 1985 വരെ അതിരൂപതയുടെ മേല്പട്ടശുശ്രൂഷ നിർവഹിച്ച മാർ ആന്റണി പടിയറപ്പിതാവിന്റെ 25-ാം ചരമവാർഷികം **2025 മാർച്ച് 22 (ശനി)** രാവിലെ ഏഴിനു ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ് എമെരിത്തൂസ് അഭി. കർദിനാൾ മാർ ജോർജ് ആലഞ്ചേരിപ്പിതാവിന്റെ കാർമികത്വത്തിൽ പരിശുദ്ധ കുർബാന, അനുസ്മരണപ്രാർഥന എന്നിവയോടുകൂടി ആചരിക്കുന്നു. സാധിക്കുന്ന ബഹു. വൈദികർ പരിശുദ്ധ കുർബാനയിൽ സഹകാർമികരാകാൻ എത്തിച്ചേരുമല്ലോ.

## VII

## മാർ ജോസഫ് പവ്വത്തിൽ മെത്രാപ്പോലീത്തായുടെ രണ്ടാം ചരമവാർഷികം

മാർ ജോസഫ് പവ്വത്തിൽപിതാവിന്റെ രണ്ടാം ചരമവാർഷികം **2025 മാർച്ച് 18ന്** ആചരിക്കുന്നു. അന്നേദിവസം രാവിലെ ഏഴിനു ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ ഷംഷാബാദ് രൂപതയുടെ സഹായമെത്രാൻ അഭി. മാർ തോമസ് പാടിയത്ത്പിതാവിന്റെ കാർമികത്വത്തിൽ പരിശുദ്ധ കുർബാനയും കബറിടത്തിങ്കൽ അനുസ്മരണപ്രാർഥനയും ഉണ്ടായിരിക്കുന്നതാണ്. അതിരൂപതയിലെ എല്ലാ ബഹു. വൈദികരും ഇതിൽ പങ്കെടുക്കുമല്ലോ. പരിശുദ്ധ കുർബാനയ്ക്കുള്ള തിരുവസ്ത്രങ്ങൾ കൊണ്ടുവരേണ്ടതാണ്.

പിതാവിന്റെ അനുസ്മരണാർഥം **2025 മാർച്ച് 15ന് (ശനി)** അതിരൂപതാകേന്ദ്രത്തിലെ ആർച്ചുബിഷപ് പവ്വത്തിൽ ലിറ്റർജിക്കൽ റിസേർച്ച് സെന്ററിൽ ഏകദിന സിംപോസിയം നടത്തപ്പെടുന്നതാണ്.

## VIII
## വൈദികസമ്മേളനം

ഉയിർപ്പുതിരുനാളിനുശേഷം പതിവായി നടത്തിവരുന്ന വൈദിക സമ്മേളനം *(പ്രസ്ബിത്തേരിയം)* ഈ വർഷം **ഏപ്രിൽ 22 ചൊവ്വാഴ്ച** ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ നടത്തപ്പെടുന്നതാണ്. രാവിലെ 9.45ന് ആരംഭിക്കുന്ന സമ്മേളനത്തിൽ അതിരൂപതയിലെ എല്ലാ ബഹു. വൈദികരും ഇപ്പോൾ അതിരൂപതയിൽ അജപാലന ശുശ്രൂഷയിലേർപ്പെട്ടിട്ടുള്ള ബഹു. സന്യാസവൈദികരും പങ്കെടുക്കേണ്ടതാണ്. സമ്മേളനത്തിനുശേഷം പി.പി.എഫ്.എ. ജനറൽ ബോഡി മീറ്റിങ് ഉണ്ടായിരിക്കുന്നതാണ്.

## IX
## അല്മായവചനപ്രഘോഷകർക്കുള്ള പരിശീലനം

ചങ്ങനാശ്ശേരി അതിരൂപതയിലെ അല്മായവചനപ്രഘോഷകർക്കുള്ള പരിശീലനം **2025 മാർച്ച് 1–2** തീയതികളിൽ കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ നടത്തപ്പെടുന്നതാണ്. അഭി. പിതാക്കന്മാരും വചനപ്രഘോഷകരും പങ്കെടുക്കുന്ന ഈ പരിശീലനപരിപാടി മാർച്ച് 1 രാവിലെ 9 മുതൽ മാർച്ച് 2 വൈകുന്നേരം 4 വരെയാണ്. പഴയ കാർഡുള്ളവർക്ക് ഈ പരിശീലനവേളയിൽ അതു പുതുക്കിനൽകുന്നതാണ്. പങ്കെടുക്കുന്നവർ പേരു രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 800 രൂപ.

*വിശദവിവരങ്ങൾക്ക്:* റവ. ഫാ. തോമസ് പ്ലാപ്പറമ്പിൽ (9495107045)
ശ്രീ. മഞ്ജു മാത്തൂർ (9847648550)
ശ്രീ. മോൻ ചെത്തിമറ്റം (9495524890)

## X
## ദൈവവിളി ക്യാംപ്

ഈ വർഷത്തെ അതിരൂപതാ ദൈവവിളി സെലക്ഷൻ ക്യാംപ് ആൺകുട്ടികൾക്ക് **2025 ഏപ്രിൽ 2** ബുധൻ രാവിലെ 9:30ന് ആരംഭിച്ച് **ഏപ്രിൽ 3** വ്യാഴം വൈകുന്നേരം 3:30നു സമാപിക്കുന്നവിധത്തിൽ കുറിച്ചി സെന്റ് തോമസ് മൈനർ സെമിനരിയിൽ നടത്തപ്പെടുന്നതാണ്. പെൺകുട്ടികൾക്ക് ഒരുദിവസത്തെ സെമിനാർ **2025 ഏപ്രിൽ 3** ബുധൻ രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3 വരെ സന്ദേശനിലയത്തിൽ ക്രമീകരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് ആൺകുട്ടികൾക്ക് 300 രൂപയും പെൺകുട്ടികൾക്ക് 100 രൂപയുമാണ്. ചങ്ങനാശ്ശേരി അതിരൂപതയിലോ അതിരൂപതയ്ക്കുപുറത്തോ ദൈവവിളി സ്വീകരിക്കാനാഗ്രഹിക്കുന്ന എല്ലാവരും നിർബന്ധമായും അതിരൂപത നടത്തുന്ന ഈ ദൈവവിളി ക്യാംപിൽ പങ്കെടുത്തിരിക്കണമെന്നു പ്രത്യേകം ഓർമിപ്പിക്കുന്നു.

# XI

## 139-ാമത് അതിരൂപതാദിനാചരണം

ഈ വർഷത്തെ അതിരൂപതാദിനാചരണം **മെയ് 20 ചൊവ്വാഴ്ച** ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ രാവിലെ 9.30ന് ആരംഭിച്ച് ഉച്ചകഴിഞ്ഞ് 1.30ന് സമാപിക്കത്തക്കരീതിയിലാണു ക്രമീകരിച്ചിരിക്കുന്നത്. സമ്മേളനത്തിൽ പങ്കെടുക്കേണ്ടവരുടെ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

# XII

## അതിരൂപതാകച്ചേരി-സാമ്പത്തികകാര്യാലയം

1. സീറോമലബാർസഭയുടെ പള്ളിയോഗനടപടിക്രമവും അതിരൂപതാ നിയമാവലിയും അനുസരിച്ച് 2025-2026 സാമ്പത്തികവർഷത്തെ കൈക്കാരന്മാരെയും ഓഡിറ്റർമാരെയും തെരഞ്ഞെടുത്ത് **2025 ഏപ്രിൽ 30നു മുമ്പായി** അതിരൂപതാകച്ചേരിയിൽ അനുവാദത്തിനായി നൽകേണ്ടതാണ്.

2. കൈക്കാരന്മാരുടെയും ഓഡിറ്റർമാരുടെയും അംഗീകാരത്തിനു വരുന്നതിനുമുമ്പായി 2023-2024 സാമ്പത്തികവർഷത്തെ അതിരൂപതാവിഹിതവും 2024-2025 സാമ്പത്തികവർഷത്തെ പ്രത്യേകപിരിവുകളും മുഴുവനായി അതിരൂപതാ സാമ്പത്തികകാര്യാലയത്തിൽ അടച്ചുതീർക്കേണ്ടതാണ്.

3. അതിരൂപതാ സാമ്പത്തികകാര്യാലയത്തിൽ വാർഷികക്കണക്കുമായി വരുമ്പോൾ കൈക്കാരന്മാരോടൊപ്പം ബഹു. വികാരിയച്ചന്മാരും വരേണ്ടതാണ്. കണക്കു സമർപ്പിച്ചശേഷം, അഭി. മെത്രാപ്പോലീത്താ അതിരൂപതാകേന്ദ്രത്തിലുണ്ടെങ്കിൽ അദ്ദേഹത്തെ കാണുന്നതും അഭികാമ്യമാണ്.

4. 2025 ഏപ്രിൽ ഒന്നിനും മെയ് 31നും ഇടയ്ക്കുള്ള ഒരു ഞായറാഴ്ച ഇടവകപൊതുയോഗം വിളിച്ചുചേർത്ത് 2024-2025 സാമ്പത്തികവർഷത്തെ കണക്ക് അവതരിപ്പിച്ചു പാസാക്കി **2025 ജൂൺ ഏഴിനു മുമ്പായി** അതിരൂപതാ സാമ്പത്തികകാര്യാലയത്തിൽ നൽകേണ്ടതാണ്.

# XIII

## പ്രത്യേകപിരിവുകൾ

**1. നോമ്പുകാലപിരിവ് (Lenten Collection):** ഓശാനഞായറാഴ്ച പള്ളിയിലെടുക്കുന്ന സ്ത്രോത്രക്കാഴ്ച വിശപ്പിനും രോഗത്തിനുമെതിരെയുള്ള പ്രത്യേകപദ്ധതിക്കായി (Compaign against Hunger and Disease) 'കാരിത്താസ് ഇൻഡ്യ'ക്ക് അയച്ചുകൊടുക്കാനുള്ളതാണ്.

**2. കാരിത്താസ് ചങ്ങനാശ്ശേരി:** നോമ്പുകാലത്തിന്റെ ചൈതന്യമുൾക്കൊണ്ട് ഇടവകാംഗങ്ങൾ ഒരുദിവസം ഉപവസിച്ചു ലഭിക്കുന്ന തുക അതി

രൂപതയുടെ അടിയന്തരദുരിതാശ്വാസസഹായപദ്ധതിയായ 'കാരിത്താസ് ചങ്ങനാശ്ശേരി' ക്കുവേണ്ടി സമാഹരിച്ച് അതിരൂപതാ സാമ്പത്തിക കാര്യാലയത്തിൽ ഏല്പിക്കേണ്ടതാണ്.

**3. വൈദികപരിശീലന ഫണ്ട്:** പെസഹാവ്യാഴാഴ്ച പരിശുദ്ധ കുർബാന മധ്യേ നടത്തുന്ന സ്തോത്രക്കാഴ്ച വൈദികാർഥികളുടെ പരിശീലനത്തിനുള്ളതാണ്.

**4. വിശുദ്ധനാടുസംരക്ഷണത്തിനുള്ള പിരിവ്:** പീഡാനുഭവവെള്ളിയാഴ്ച പള്ളിയിലെടുക്കുന്ന സ്തോത്രക്കാഴ്ച വിശുദ്ധനാടുസംരക്ഷണത്തിനായി മാർപാപ്പായ്ക്കു നൽകാനുള്ളതാണ്.

**5. ഹോം മിഷൻ ഫണ്ട്:** ഉയിർപ്പുതിരുനാളിലെ സ്തോത്രക്കാഴ്ച ഹോം മിഷൻ ഫണ്ടിനുള്ളതാണ്.

മേൽപറഞ്ഞ പിരിവുകൾ നടത്തി ലഭിക്കുന്ന തുക **2025 ഏപ്രിൽ 30നു മുമ്പായി** അതിരൂപതാ സാമ്പത്തികകാര്യാലയത്തിൽ ഏല്പിക്കേണ്ടതാണ്.

❍

## തിരുകർമങ്ങളുടെ പരിഷ്കരിച്ച നിരക്ക്

തിരുകർമങ്ങളുടെ വിവിധശുശ്രൂഷകളുടെ പരിഷ്കരിച്ച നിരക്ക് (വേദപ്രചാരമധ്യസ്ഥൻ 2025 ഫെബ്രുവരി, 23-24 പേജുകളിൽ) **2025 ഏപ്രിൽ ഒന്നു മുതൽ** പ്രാബല്യത്തിൽ വരുന്നതാണ്. പഴയ നിരക്കിൽ സ്വീകരിച്ച അധിക കുർബാനനിയോഗങ്ങൾ കൈവശമുള്ളവർ **2025 മാർച്ച് 25നു മുമ്പായി** അതിരൂപതാ പ്രൊക്യുറേറ്ററെ ഏല്പിക്കേണ്ടതാണ്.

## വേദപ്രചാരമദ്ധ്യസ്ഥൻ

നമ്മുടെ അതിരൂപതയുടെ മുഖപത്രമായ വേദപ്രചാരമദ്ധ്യസ്ഥന്റെ വരിസംഖ്യ (300 രൂപ) നൽകാനുള്ളവർ **2025 ഏപ്രിൽ മുപ്പതിനകം** പുതുക്കണമെന്നു പ്രത്യേകം ഓർമിപ്പിക്കുന്നു.

**എഡിറ്റർ**
*(അതിരൂപതാ ചാൻസലർ)*

**9037440040** (ചാൻസറി ഓഫീസ്)
**8547673162** (കുടുംബക്കൂട്ടായ്മ ഓഫീസ്)

# മാർ ജോസഫ് പവ്വത്തിൽ മെത്രാപ്പോലീത്തായുടെ

## രണ്ടാം ചരമവാർഷികാചരണവും അനുസ്മരണ സിംപോസിയവും

ഈശോയിൽ പ്രിയപ്പെട്ടവരേ,

നമ്മുടെ സഭയുടെ ആരാധനക്രമപരിശീലനത്തിനു ദിശാബോധം നൽകിയ മാർ ജോസഫ് പവ്വത്തിൽപിതാവിന്റെ രണ്ടാം ചരമവാർഷികത്തോടനുബന്ധിച്ചു പിതാവിന്റെ ആരാധനക്രമസംഭാവനകളെ അനുസ്മരിക്കാനും ഫ്രാൻസിസ് മാർപാപ്പ ആരാധനക്രമരൂപീകരണത്തെക്കുറിച്ചു പഠിപ്പിക്കുന്ന 'DESIDERIO DERIDERAVI' എന്ന അപ്പസ്തോലികലേഖനം ആഴത്തിൽ മനസിലാക്കാനും **2025 മാർച്ച് 15ന്** ആർച്ചുബിഷപ് പവ്വത്തിൽ ലിറ്റർജിക്കൽ റിസേർച്ച് സെന്ററിന്റെ ഹാളിൽ ഏകദിന സിംപോസിയം നടത്തപ്പെടുന്നതാണ്. ഏവരെയും സ്നേഹപൂർവം ക്ഷണിക്കുന്നു.

**ഫാ. തോമസ് കറുകക്കളം**
(ഡയറക്ടർ)
മാർതോമാ വിദ്യാനികേതൻ

**ഫാ. ജോർജ് വല്ലയിൽ**
(ഡയറക്ടർ)
ലിറ്റർജിക്കൽ അപ്പോസ്തലേറ്റ്

## 'ആരാധനക്രമം സഭാജീവിതത്തിന്റെ അടിസ്ഥാനം: ദെസിദെരിയോ ദെസിദെരാവി'

സമയം: **2025 മാർച്ച് 15 (ശനി) 9.30-3.30 pm**
സ്ഥലം: **ആർച്ചുബിഷപ് പവ്വത്തിൽ ലിറ്റർജിക്കൽ റിസേർച്ച് സെന്റർ ഹാൾ**

## കാര്യപരിപാടി

| | | |
|---|---|---|
| 09.45 am | : | രജിസ്ട്രേഷൻ |
| 09.30 am | : | അനുസ്മരണ സിംപോസിയം |
| ഉദ്ഘാടനം | : | **മാർ ജോസഫ് പെരുന്തോട്ടം** (മെട്രോപ്പോലീറ്റൻ എമെരിത്തൂസ്) |
| 10.30 am | : | ***Paper I: ആരാധനക്രമപരിശീലനം സഭയിൽ: പവ്വത്തിൽപിതാവിന്റെ ദർശനവും കാഴ്ചപ്പാടും*** |
| അവതാരകൻ | : | **ഫാ. ഡോ. ഡൊമിനിക് മുരിയൻകാവുങ്കൽ** (പ്രൊഫ. പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ട്, വടവാതൂർ) |
| 11.45 am | : | ***Paper II: 'ദെസിദെരിയോ ദെസിദെരാവി'യും ആരാധനക്രമരൂപീകരണത്തിന്റെ അനിവാര്യതയും*** |
| അവതാരകൻ | : | ***മാർ തോമസ് പാടിയത്ത്*** (സഹായമെത്രാൻ, ഷംഷാബാദ് രൂപത) |
| 01.15 pm | : | ഉച്ചഭക്ഷണം |
| 02.00 pm | : | ***Paper III: വിശ്വാസരൂപീകരണം ആരാധനക്രമത്തിലൂടെ (Mysterium Tremendum Fascinans -Terrifying and Fascinating mystery)*** |
| അവതാരകൻ | : | **ഫാ. ഡോ. ലോനപ്പൻ അരങ്ങാശ്ശേരി എം.എസ്.റ്റി.** (പ്രൊഫ. സെന്റ് എഫ്രേംസ് തിയളോജിക്കൽ കോളേജ്, സത്നാ) |

# കരുവള്ളിക്കാട് കുരിശുമല തീർഥാടനം

## 2025 ഏപ്രിൽ 11 (നാല്പതാം വെള്ളി)

## ഉച്ചകഴിഞ്ഞ് 2.30ന്

**പീഡാനുഭവസന്ദേശം: മാർ തോമസ് തറയിൽ** (അതിരൂപതാ മെത്രാപ്പോലീത്താ)

**ആഘോഷമായ തിരുനാൾ - 2025 ഏപ്രിൽ 27 (പുതുഞായർ)**

- നോമ്പുകാലത്തിലെ വെള്ളിയാഴ്ചകളിൽ രാവിലെ ആറു മുതൽ കുരിശുമല കയറാവുന്നതാണ്.
- പാതിനോമ്പു കഴിഞ്ഞുള്ള വെള്ളി, ശനി, ഞായർ ദിവസങ്ങളിൽ പകലും രാത്രിയും കുരിശുമല കയറാവുന്നതാണ്.
- തീർഥാടകർക്കു നേർച്ചക്കഞ്ഞി വിതരണം ഉണ്ടായിരിക്കുന്നതാണ്.
- നാല്പതാം വെള്ളിയാഴ്ച ചുങ്കപ്പാറ സെന്റ് ജോർജ് മലങ്കര കത്തോലിക്കാപ്പള്ളിയിൽനിന്നാണു തീർഥാടനം ആരംഭിക്കുന്നത്.
- മറ്റുദിവസങ്ങളിൽ നിർമലപുരം സെന്റ് മേരീസ് പള്ളിയിൽനിന്നും പ്രാരംഭപ്രാർഥനയോടെയാണു തീർഥാടനം ആരംഭിക്കേണ്ടത്.
- മുൻകൂട്ടി അറിയിച്ചാൽ മലമുകളിൽ പരിശുദ്ധ കുർബാനയർപ്പിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യുന്നതാണ്.
- പാതിനോമ്പു കഴിഞ്ഞുള്ള വെള്ളി, ശനി, ഞായർ ദിവസങ്ങളിൽ നിർമലപുരം സെന്റ് മേരീസ് പള്ളിയിൽ തീർഥാടകർക്കു വി. കുമ്പസാരത്തിനുള്ള സൗകര്യമുണ്ടായിരിക്കുന്നതാണ്.

**കൂടുതൽ വിവരങ്ങൾക്ക്**

**വെരി റവ. ഫാ. ആന്റണി എത്തക്കാട്**
*(പ്രോട്ടോസിഞ്ചെള്ളൂസ്)* **9446194320**

**ഫാ. മാത്യു ചൂരവടി**
*(വികാരി, സെന്റ് മേരീസ് പള്ളി, നിർമലപുരം)* **9446119036**

**സോണി കൊട്ടാരത്തിൽ**
*(കൺവീനർ, കുരിശുമല തീർഥാടനം)* **9446654274**

# റിപ്പോർട്ട്:
# പതിനേഴാമതു പ്രസ്ബിറ്ററൽ കൗൺസിൽ ഉദ്ഘാടനയോഗം

അതിരൂപതയുടെ പതിനേഴാമതു പ്രസ്ബിറ്ററൽ കൗൺസിലിന്റെ ഉദ്ഘാടനയോഗം 2025 ജനുവരി 24ന് അതിരൂപതാകേന്ദ്രത്തിൽ നടത്തപ്പെട്ടു.

അതിരൂപതയുടെ പ്രോട്ടോസിഞ്ചെല്ലൂസ് എത്തക്കാട് പെരിയ ബഹു. ആന്റണി അച്ചൻ സ്വാഗതമാശംസിച്ചു. നിർണായകമായ ഉത്തരവാദിത്വമുള്ള സമിതിയാണു പ്രസ്ബിറ്ററൽ കൗൺസിലെന്നും കൗൺസിലംഗങ്ങൾക്കു വളരെ ഗൗരവമായ ചുമതലയാണു നിർവഹിക്കാനുള്ളതെന്നും അച്ചൻ ആമുഖമായി പറഞ്ഞു.

കഴിഞ്ഞ പ്രസ്ബിറ്ററൽ കൗൺസിലിനുശേഷം വൈദികകൂട്ടായ്മയിൽ നിന്നു നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട ഓണംകുളം ബഹു. ഗ്രിഗറി അച്ചനെ അനുസ്മരിച്ചുകൊണ്ട് അതിരൂപതാ സിഞ്ചെല്ലൂസ് തെക്കേക്കര പെരിയ ബഹു. ജോൺ അച്ചൻ സംസാരിച്ചു. യഥാർഥ മിഷണറിയും സുതാര്യമായ വ്യക്തിത്വമുണ്ടായിരുന്ന ഓണംകുളം അച്ചൻ പദ്ധതികളുടെ മനുഷ്യനും സമാനതകളില്ലാത്ത വിശുദ്ധജീവിതത്തിന് ഉടമയുമായിരുന്നെന്ന് അച്ചൻ പറഞ്ഞു.

അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്താ കൗൺസിലിന്റെ യോഗത്തിൽ അധ്യക്ഷനായിരുന്നു. സഭയുടെ വിവിധതലങ്ങളിൽ കാണപ്പെടുന്ന ഘടനാപരമായ സിനഡാലിറ്റി പ്രായോഗികതലത്തിൽ പ്രവർത്തനക്ഷമമാണെന്നു നാം ഉറപ്പുവരുത്തണമെന്നും അതിരൂപതയുടെ ഭരണനിർവഹണത്തിനു സഹായകമായവിധത്തിൽ എപ്രകാരം കാര്യക്ഷമമായി പ്രവർത്തിക്കാൻ സാധിക്കുമെന്നു കൗൺസിൽ വിചിന്തനം ചെയ്യണമെന്നും അഭി. മെത്രാപ്പോലീത്താ പറഞ്ഞു. തീരുമാനമെടുക്കുന്ന നടപടിയിൽ പരമാവധി ആളുകളെ ഉൾപ്പെടുത്തുകയെന്നതാണു സിനഡാലിറ്റിയുടെ ചൈതന്യമെന്നും എല്ലാവരെയും ആദരവോടെ ശ്രവിക്കുകയെന്നതാണ് അതിന്റെ അന്തസത്തയെന്നും അഭി. മെത്രാപ്പോലീത്താ ഓർമിപ്പിച്ചു.

കോട്ടയം അതിരൂപതയുടെ സഹായമെത്രാൻ അഭി. മാർ ജോസഫ് പണ്ടാരശ്ശേരിൽ പതിനേഴാമതു പ്രസ്ബിറ്ററൽ കൗൺസിൽ ഉദ്ഘാടനം ചെയ്തു. മെത്രാൻ ഒറ്റയ്ക്കല്ല; മറിച്ചു വൈദികരിലൂടെയാണു മേല്പട്ട ശുശ്രൂഷ നിർവഹിക്കുന്നതെന്നും മെത്രാനും അജഗണങ്ങൾക്കുമിടയിലുള്ള പാലമായി വർത്തിക്കേണ്ടവരാണു വൈദികസമിതിയും വൈദികർ

ആകെത്തന്നെയുമെന്നും അഭി. പണ്ടാരശ്ശേരിൽപിതാവ് ഉദ്ഘാടനസന്ദേശത്തിൽ പ്രസ്താവിച്ചു. സിനഡാലിറ്റിയെന്നാൽ ഒരുമിച്ചുനടക്കുകയും ഒരുമിച്ചുപ്രവർത്തിക്കുകയും ചെയ്യുകയെന്നതാണെന്നും കേൾക്കുകയെന്നതാണു സിനഡാലിറ്റിയിൽ ഏറ്റവും പ്രധാനപ്പെട്ടതെന്നും എല്ലാവിഭാഗത്തിലുള്ളവരെയും ഉൾക്കൊള്ളുന്നവിധത്തിലുള്ള അജണ്ടകളാണു തയ്യാറാക്കി അവതരിപ്പിക്കേണ്ടതെന്നും അഭി. പണ്ടാരശ്ശേരിൽപിതാവ് ഓർമിപ്പിച്ചു. അഭി. പണ്ടാരശ്ശേരിൽ മെത്രാന് അതിരൂപതയുടെ സിഞ്ചെള്ളൂസ് താനമാവുങ്കൽ പെരിയ ബഹു. വർഗീസ് അച്ചൻ നന്ദിയറിയിച്ചു.

പതിനാറാമതു പ്രസ്ബിറ്ററൽ കൗൺസിൽ സെക്രട്ടറി കറുകക്കളം ബഹു. തോമസ് അച്ചൻ തയ്യാറാക്കിയ പ്രസ്തുത കൗൺസിലിന്റെ സമാപനയോഗ റിപ്പോർട്ട് അതിരൂപതാ ചാൻസലർ പുതുമനമൂഴിയിൽ പെരിയ ബഹു. ജോർജ് അച്ചൻ അവതരിപ്പിച്ചു.

പതിനേഴാമതു പ്രസ്ബിറ്ററൽ കൗൺസിലിന്റെ സെക്രട്ടറിയായി ചാമക്കാല ബഹു. സെബാസ്റ്റ്യൻ അച്ചനെ അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്താ നിയമിച്ചു.

അതിരൂപതാ സിഞ്ചെള്ളൂസ് ചങ്ങങ്കരി പെരിയ ബഹു. മാത്യു അച്ചൻ മാർഗദർശനപ്രസംഗം നടത്തി. കൗൺസിലിന്റെ നൈയാമികമായ കടമകൾ, അവകാശങ്ങൾ, ശൈലി എന്നിവ സംബന്ധിച്ചുള്ള വിവരങ്ങൾ അച്ചൻ അവതരിപ്പിച്ചു.

പ്രസ്ബിറ്ററൽ കൗൺസിലിൽനിന്നും പാസ്റ്ററൽ കൗൺസിൽ പ്രതിനിധിയായി മണക്കുന്നേൽ ബഹു. ജോൺ അച്ചനെയും കൗൺസിലിന്റെ ഭാഗമായുള്ള വിവിധ കമ്മിറ്റികളിലേക്കു കൺവീനർമാരെയും അംഗങ്ങളെയും തെരഞ്ഞെടുത്തു.

കൗൺസിലിലെ ബഹു. അംഗങ്ങളുന്നയിച്ച വിവിധവിഷയങ്ങളെക്കുറിച്ചു ക്രിയാത്മകമായി ചർച്ച ചെയ്തു. ചർച്ചയിലുയർന്ന കാര്യങ്ങളെ വിലയിരുത്തിയും വിശദമാക്കിയും അഭി. മെത്രാപ്പോലീത്താ ഉപസംഹാരസന്ദേശം നൽകി. സെക്രട്ടറി ചാമക്കാല ബഹു. സെബാസ്റ്റ്യൻ അച്ചൻ ഏവർക്കും നന്ദിയറിയിച്ചു.

**ഫാ. സെബാസ്റ്റ്യൻ ചാമക്കാല**
*(സെക്രട്ടറി)*

# FORM IV

**STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT NEWSPAPER "VEDAPRACHARA MADHYASTHAN" TO BE PUBLISHED IN THE FIRST ISSUE EVERY YEAR AFTER THE LAST DAY OF FEBRUARY.**

| | | | |
|---|---|---|---|
| 1. | Place of publication (Please give the Complete Postal address) | : | WARD NO.IV, BUILDING NO.631<br>ARCHBISHOP'S HOUSE<br>CHANGANACHERRY<br>DIST. KOTTAYAM-686101, KERALA |
| 2. | Periodicity of its publication | : | MALAYALAM MONTHLY |
| 3. | Printer's Name | : | FR. JUSTIN KAYAMKULATHUSSERY |
| | Nationality | : | Indian |
| | Address | : | WARD NO.IV, BUILDING NO.631<br>ARCHBISHOP'S HOUSE<br>CHANGANACHERRY<br>DIST. KOTTAYAM-686 101, KERALA |
| 4. | Publisher's Name | : | FR. JUSTIN KAYAMKULATHUSSERY |
| | Nationality | : | Indian |
| | Address | : | WARD NO.IV, BUILDING NO.631<br>ARCHBISHOP'S HOUSE<br>CHANGANACHERRY<br>DIST. KOTTAYAM-686101, KERALA |
| 5. | Editor's Name | : | BIJU GEORGE ALENCHERRY |
| | Nationality | : | Indian |
| | Address | : | WARD NO.IV, BUILDING NO.631<br>ARCHBISHOP'S HOUSE<br>CHANGANACHERRY<br>DIST. KOTTAYAM-686101, KERALA |

6. Names and addresses of individuals who own the newspaper and partners or shareholders holding morethan one percent of the total capital. : ARCHDIOCESE OF CHANGANACERRY.

I, FR. JUSTIN KAYAMKULATHUSSERY hereby declare that, the particulars given above are true to the best of my knowledge and belief.

Date: 28 February 2025

Signature of Publisher.
Sd/

# സന്ദേശനിലയം

ഈശോയിൽ സ്നേഹമുള്ളവരേ,

പ്രാർഥനയുടെയും പരിത്യാഗത്തിന്റെയും പുണ്യപ്രവൃത്തികളുടെയും ചൈതന്യത്താൽ വിശ്വാസത്തിൽ നാമോരോരുത്തരെയും ഉണർവുള്ളവരാക്കിത്തീർക്കുന്ന വലിയനോമ്പിലേക്കു നാം പ്രവേശിക്കുകയാണ്. ഉപവാസം, വചന വായന എന്നിവയിലൂടെ ഈശോയുടെ പീഡാനുഭവകുരിശുമരണങ്ങളെ ധ്യാനിച്ച് അമ്പതുനോമ്പു ഫലദായകമാക്കിത്തീർക്കാം; പുതുചൈതന്യം നിറഞ്ഞവരായിത്തീരാം.

ഒരുവർഷക്കാലത്തെ പരിശീലനത്തിലൂടെ ആർജിച്ചെടുത്ത അറിവിന്റെ ആഴം വിലയിരുത്തപ്പെടുന്ന അവസരമാണു പരീക്ഷാക്കാലം. ''ഭയപ്പെടേണ്ട ഞാൻ നിന്നോടുകൂടെയുണ്ട്'' എന്നരുളിച്ചെയ്ത ഈശോയിലാശ്രയിച്ച് ഉത്സാഹത്തോടെ പഠനത്തിലും പ്രാർഥനയിലും കൂടുതൽ ശ്രദ്ധിച്ചു ക്ലാസ്സ് പരീക്ഷകളെ അഭിമുഖീകരിക്കാം.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. സെബാസ്റ്റ്യൻ മാമ്പറ**
**ഫാ. ജോസഫ് പൊന്നാറ്റിൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടേഴ്സ്)*

**ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

**മാർച്ച്**

01 ശനി : സി.എൽ.റ്റി. ക്ലാസ്സ്
02 ഞായർ : നോമ്പ് ഒന്നാം ഞായർ ക്ലാസ്സ്- 40
03 തിങ്കൾ : **വിഭൂതി (ഉപവാസദിനം)- അമ്പതുനോമ്പാരംഭം**
08 ശനി : സി.എൽ.റ്റി. ക്ലാസ്സ്
09 ഞായർ : നോമ്പ് രണ്ടാം ഞായർ ക്ലാസ്സ്- 41
15 ശനി : സി.എൽ.റ്റി. ക്ലാസ്സ്
16 ഞായർ : നോമ്പ് മൂന്നാം ഞായർ ക്ലാസ്സ്- 42
19 ബുധൻ : **മാർ യൗസേപ്പിതാവിന്റെ മരണതിരുനാൾ** *(ഓഫീസ് അവധി)*
22 ശനി : സി.എൽ.റ്റി. ക്ലാസ്സ്
23 ഞായർ : നോമ്പ് നാലാം ഞായർ ക്ലാസ്സ്- 43
25 ചൊവ്വ : മംഗളവാർത്തതിരുനാൾ
29 ശനി : സി.എൽ.റ്റി. ക്ലാസ്സ്
30 ഞായർ : നോമ്പ് അഞ്ചാം ഞായർ ക്ലാസ്സ്- 44
**രണ്ടാം ടേം വാചികപരീക്ഷ (1 മുതൽ 9 വരെ ക്ലാസ്സുകൾ)**

**ഏപ്രിൽ**

01 ചൊവ്വ : വിശ്വാസോത്സവാരംഭം (1 മുതൽ 10 വരെ തീയതികളിൽ)
06 ഞായർ : നോമ്പ് ആറാം ഞായർ

### വാചികപരീക്ഷ (1 മുതൽ 9 വരെ ക്ലാസ്സുകൾ)

**മാർച്ച് 30നു** 1 മുതൽ 9 വരെ ക്ലാസ്സുകൾക്കു വാചികപരീക്ഷ നടത്തപ്പെടുന്നതാണ്. ഉപപാഠപുസ്തകങ്ങളിലെ ചോദ്യങ്ങൾക്ക് 15 മാർക്കും നമസ്കാരങ്ങളിലെ ചോദ്യങ്ങൾക്ക് 10 മാർക്കുമാണു നൽകേണ്ടത്. *(കൂടുതൽ വിവരങ്ങൾ മതബോധന കലണ്ടർ 18-25 പേജുകളിൽ)* വാചികപരീക്ഷ കഴിയുമ്പോൾ കുട്ടികളുടെ മാർക്കുകളും ഹാജർനിലയും Ecosൽ എന്റർ ചെയ്യേണ്ടതാണ്.

### വിശ്വാസോത്സവം

മുൻനിർദേശങ്ങളനുസരിച്ച് **ഏപ്രിൽ 1 മുതൽ 10 വരെയുള്ള** തീയതികളിൽ വിശ്വാസോത്സവം നടത്തേണ്ടതാണ്. *(വിശ്വാസോത്സവം സംബന്ധിച്ച് ഇടവകതലത്തിൽ ശ്രദ്ധിക്കേണ്ട വിവരങ്ങൾ മതബോധന കലണ്ടർ 33-35 പേജുകളിൽ).* അധ്യാപകർക്കായുള്ള വിശ്വാസോത്സവ സെമിനാർ മാർച്ച് മാസം ഫൊറോനാ തലത്തിൽ നടത്തപ്പെടുന്നതാണ്. അതതു വിഭാഗങ്ങളിൽപ്പെട്ട അധ്യാപകർ ഈ പരിശീലനത്തിൽ പങ്കെടുക്കാൻ പ്രത്യേകം താത്പര്യമെടുക്കുമല്ലോ. ഈ വർഷത്തെ വിശ്വാസോത്സവവിഷയം: **വചനം ഹൃദയത്തിലും ജീവിതത്തിലും**. വിശ്വാസോത്സവ സെമിനാർ നടത്തപ്പെടുന്ന ഫൊറോനകളുടെ തീയതിയും സമയക്രമവും താഴെക്കൊടുത്തിരിക്കുന്നു.

**വിശ്വാസോത്സവ സെമിനാർ (ഫൊറോനാതലം)**

| ദിവസം | രാവിലെ (9.30-1.00) | ഉച്ചകഴിഞ്ഞ് (2.00-5.30) |
|---|---|---|
| 08 ശനി | കൊല്ലം - ആയൂർ | തിരുവനന്തപുരം |
| 09 ഞായർ | | തുരുത്തി, തൃക്കൊടിത്താനം |
| 15 ശനി | പുളിങ്കുന്ന്, എടത്വാ | ചമ്പക്കുളം |
| 16 ഞായർ | | കുറുമ്പനാടം, ആലപ്പുഴ |
| 22 ശനി | മണിമല, മുഹമ്മ | നെടുങ്കുന്നം |
| 23 ഞായർ | | ചങ്ങനാശ്ശേരി, കോട്ടയം |
| 29 ശനി | അതിരമ്പുഴ | കുടമാളൂർ, അമ്പൂരി |
| 30 ഞായർ | | ചെങ്ങന്നൂർ |

### അതിരൂപതാ സ്കോളർഷിപ്പ്

സൺഡേസ്കൂളിലെ ഒന്നും രണ്ടും ടേമുകളിലെ എഴുത്തുപരീക്ഷക്ക് 80%ൽ കൂടുതൽ മാർക്കും വർക്കുബുക്കിന് 80% മാർക്കും 90% ഹാജറും നേടിയവരെയും സ്കോളർഷിപ്പ് പരീക്ഷ എഴുതുമെന്ന് ഉറപ്പുള്ളവരെയും **മാർച്ച് 20നു മുമ്പായി** സന്ദേശനിലയത്തിൽ നൽകുന്ന സാധ്യതാ ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതാണ്. ഇവരുടെ രണ്ടു ടേമുകളിലെയും ഉത്തരക്കടലാസുകൾ ഇതോടൊപ്പം നൽകേണ്ടതാണ്. അവസാനയോഗ്യതയ്ക്കായി ഈ കുട്ടികൾ വിശ്വാസോത്സവത്തിന് 90% സ്കോറും 90% ഹാജറും നേടേണ്ടതാണ്. *(മതബോധന കലണ്ട*

*റിലും 2025 ഫെബ്രുവരിയിലെ വേദപ്രചാരമദ്ധ്യസ്ഥനിലുംനിന്നും വ്യത്യസ്ത മായി ചില ഭേദഗതികൾ വരുത്തിയതു ശ്രദ്ധിക്കുമല്ലോ.)*

**ജൂബിലിവർഷാചരണം**

ഈശോയുടെ മനുഷ്യാവതാരത്തിന്റെ 2025-ാം ജൂബിലിയോടനുബന്ധിച്ചുള്ള ഒരുക്കത്തിന്റെ ഭാഗമായി സന്ദേശനിലയവും മിഷൻലീഗും ഒരുമിച്ചുചേർന്നുള്ള പ്രവർത്തനങ്ങളെ ഇടവകതലത്തിൽ പ്രോത്സാഹിപ്പിക്കാൻ പ്രധാനാധ്യാപകർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്ന് ഓർമിപ്പിക്കുന്നു. നോമ്പുകാലപ്രവർത്തന ങ്ങൾ മിഷൻലീഗ് പേജുകളിൽ.

**നന്ദി**

സൺഡേസ്കൂളുകളുടെ ഫൊറോനാ ഓർഗനൈസർമാരായി സ്തുത്യർഹ മായ സേവനമനുഷ്ഠിച്ച ഫാ. ലൂക്കാ വെട്ടുവേലിക്കളം (തൃക്കൊടിത്താനം), ഫാ. ആന്റണി തുണ്ടുകളം (ചങ്ങനാശ്ശേരി), ഫാ. ജോൺ തത്തയ്ക്കാട്ടുപുളി യ്ക്കൽ (കോട്ടയം), ഫാ. ചാക്കോ ഒറ്റാറയ്ക്കൽ (അമ്പൂരി), ഫാ. മാത്യു വടക്കേ റ്റത്ത് (കുറുമ്പനാടം), ഫാ. അബ്രാഹം തീമ്പലങ്ങാട്ട് (ആലപ്പുഴ), ഫാ. ജോസഫ് പുതുവീട്ടിൽക്കളം (ചമ്പക്കുളം), ഫാ. കുര്യൻ അമ്പലത്തുങ്കൽ (കുടമാളൂർ), ഫാ. മാത്യു മരങ്ങാട്ട് (നെടുങ്കുന്നം) എന്നിവർക്കു സന്ദേശനിലയം കുടുംബം നന്ദിനിറഞ്ഞ പ്രാർഥനാശംസകൾ നേരുന്നു.

**ആദരാഞ്ജലികൾ**

എഴുമറ്റൂർ സൺഡേസ്കൂൾ അധ്യാപകൻ റ്റി. ജെ. സ്കറിയ തൈപ്പറമ്പി ലിന്റെയും മുടിയൂർക്കര സൺഡേസ്കൂൾ അധ്യാപകൻ വക്കച്ചൻ പുതിയാ പറമ്പിലിന്റെ പിതാവിന്റെയും പുന്നത്തുറ സൺഡേസ്കൂൾ അധ്യാപിക സി. റോസ്മിൻ എസ്.എച്ച്.ന്റെ മാതാവിന്റെയും അധ്യാപകൻ സിബി സ്കറിയയുടെ പിതാവിന്റെയും വെരൂർ സൺഡേസ്കൂൾ അധ്യാപിക ഷീബ ജോസഫിന്റെ പിതാവിന്റെയും കിടങ്ങറ സൺഡേസ്കൂൾ അധ്യാപകൻ വിവേക് മാത്യുവിന്റെ മാതാവിന്റെയും നിര്യാണത്തിൽ സന്ദേശനിലയം-മിഷൻലീഗ് കുടുംബം അനു ശോചനവും പ്രാർഥനയും അറിയിക്കുന്നു.

# ചെറുപുഷ്പ മിഷൻലീഗ്
## (CML)

സ്നേഹമുള്ള കുഞ്ഞുമിഷണറിമാരേ,

ഈശോയുടെ 40 ദിവസത്തെ ഉപവാസവും അവിടുന്നു സഹിച്ച പീഡകളും അനുസ്മരിക്കുന്ന ഈ അമ്പതുനോമ്പുകാലത്തു നോമ്പെടുത്തും ചെറിയത്യാഗങ്ങളിലൂടെയും നന്മപ്രവൃത്തികളിലൂടെയും നമ്മെ വിശുദ്ധീകരിക്കാം. പരീക്ഷാക്കാലത്തേക്കു നാം പ്രവേശിക്കുകയുമാണ്. നന്നായി പഠിച്ചു പരിശുദ്ധാത്മാവിന്റെ സഹായത്തോടെ പരീക്ഷയെഴുതാം.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. സെബാസ്റ്റ്യൻ മാമ്പറ**
**ഫാ. ജോസഫ് പൊന്നാറ്റിൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടേഴ്സ്)*

**ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

**മാർച്ച്**

03 തിങ്കൾ വിഭൂതി (ഉപവാസദിനം)- അമ്പതുനോമ്പാരംഭം

18 ചൊവ്വ മാർ ജോസഫ് പവ്വത്തിൽ അനുസ്മരണം

19 ബുധൻ മാർ യൗസേപ്പിതാവിന്റെ മരണതിരുനാൾ *(ഓഫീസ് അവധി)*

25 ചൊവ്വ മംഗളവാർത്തതിരുനാൾ

**ഏപ്രിൽ**

01 ചൊവ്വ വിശ്വാസോത്സവാരംഭം (1 മുതൽ 10 വരെ തീയതികളിൽ)

15 ചൊവ്വ കയ്യെഴുത്തുമാസിക അതിരൂപതാകേന്ദ്രത്തിൽ ഏല്പിക്കേണ്ട അവസാനതീയതി

**കയ്യെഴുത്തുമാസിക**

കയ്യെഴുത്തുമാസികക്കു നന്നായി ഒരുങ്ങുന്നുണ്ടെന്നു കരുതുന്നു. എപ്രകാരമാണു ചെയ്യേണ്ടതെന്നു മാർഗരേഖ പേജ് 36ൽ കൊടുത്തിട്ടുണ്ട്. അതിനനുസരിച്ചു മാസിക ആകർഷകമാക്കാൻ ശ്രദ്ധിക്കുമല്ലോ. കയ്യെഴുത്തുമാസിക അതിരൂപതാകേന്ദ്രത്തിൽ ഏല്പിക്കേണ്ട അവസാനതീയതി **ഏപ്രിൽ 15**.

**തിരുവചനവഴിയിലൂടെ**

വർഷാരംഭത്തിൽ **'തിരുവചനവഴിയിലൂടെ'** എന്ന ഒരു പ്രോഗ്രാം നാം തുടങ്ങിയിരുന്നു. ഈ ബൈബിൾ ഡയറി ഒരുക്കിക്കൊണ്ടിരിക്കുന്ന കുഞ്ഞുമിഷണറിമാർ അതു മെയ് അവസാനംവരെ എഴുതേണ്ടതാണ്. **മെയ് 31നു** നിങ്ങളെഴുതിയ ഡയറി/ ബുക്ക് നിങ്ങളുടെ ജോയിന്റ് ഡയറക്ടറെ ഏല്പിക്കേണ്ടതാണ്. ജോയിന്റ് ഡയറക്ടർ അതിൽനിന്നും ഏറ്റവും നന്നായി എഴുതിയിരിക്കുന്ന ഒരു

ബുക്ക് അതിരൂപതാ ഓഫീസിൽ നൽകേണ്ടതാണ്. അതിരൂപതയിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന ബുക്കുകൾക്കു സമ്മാനങ്ങൾ ലഭിക്കുന്നതാണ്.

**ജൂബിലി വർഷാചരണം**

ജൂബിലി വർഷത്തിൽ 'പ്രത്യാശയുടെ തീർഥാടകർ' എന്ന നിലയിൽ നോമ്പു കാലത്തു താഴെപ്പറയുന്ന കാര്യങ്ങൾ ക്രമീകരിക്കാൻ സൺഡേസ്കൂളിന്റെയും മിഷൻലീഗിന്റെയും അഭിമുഖ്യത്തിൽ വിശ്വാസപരിശീലകർ ശ്രദ്ധിക്കുമല്ലോ.

1. ഈ നോമ്പുകാലത്തു സമൂഹത്തിൽ ദുരിതങ്ങളിലൂടെയും ദുരന്തങ്ങളിലൂടെയും കടന്നുപോകുന്ന ഇടവകയിലെ കുടുംബങ്ങളെ സന്ദർശിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്യാം.
2. പാവപ്പെട്ടവർക്കായി ഫണ്ട് സ്വരൂപിക്കുക. കാരുണ്യഭവനങ്ങൾ സന്ദർശിക്കുക.
3. നോമ്പുകാലത്ത് 'ബൈബിൾ വേഴ്സ് ബോക്സിൽ' നിക്ഷേപിക്കാനായി കണ്ടെത്തേണ്ടത് ആശ്വാസത്തിന്റെ തിരുവചനങ്ങളായിരിക്കണം.

# ഫാമിലി അപ്പോസ്തലേറ്റ്

ഈശോമ്ശിഹായിൽ പ്രിയപ്പെട്ടവരേ,

'സൗമാ റമ്പാ' അഥവാ വലിയനോമ്പിന്റെ വിശുദ്ധനാളുകളിലേക്കു നാം പ്രവേശിക്കുകയാണ്. പ്രാർഥന, ഉപവാസം, പ്രായശ്ചിത്തം എന്നിവയിലൂടെ ജീവിതനവീകരണം പ്രാപിക്കാനുള്ള അവസരമാണു നോമ്പുകാലത്തിൽ തിരുസഭ ഒരുക്കുന്നത്. കേവലം ബാഹ്യാചരണത്തിൽ നോമ്പ് ഒതുങ്ങിപ്പോകാതിരിക്കാൻ ശ്രദ്ധിക്കണം. ആന്തരികാചരണമാണു നോമ്പിന്റെ ബാഹ്യമായ ഘടകങ്ങൾക്ക് അർഥംനൽകുന്നത്.

മാതൃവേദി-പിതൃവേദി സംഘടനകളെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട ഒരു സമയമാണിത്. എല്ലാത്തലങ്ങളിലെയും തെരഞ്ഞെടുപ്പുകൾ പൂർത്തിയാക്കപ്പെട്ടു. യൂണിറ്റ്-ഫൊറോനാസമിതികൾ ചുമതലയേറ്റു. ഈ പ്രവർത്തനവർഷത്തിലെ മാർഗരേഖാവിഷയം ഈശോയുടെ മനുഷ്യാവതാരത്തിന്റെ 2025-ാം ജൂബിലിയുമായി ബന്ധപ്പെടുത്തി **പ്രത്യാശയുടെ തീർഥാടകർ - ജീവന്റെ സംരക്ഷണത്തിനും പരിപോഷണത്തിനും** എന്നതാണ്. പാലിയേറ്റീവ് കെയർ, പ്രോലൈഫ്-ജീവകാരുണ്യപ്രവർത്തനങ്ങൾ തുടങ്ങിയ കാര്യങ്ങൾക്കു പ്രാധാന്യം നൽകികൊണ്ടുള്ള പരിശീലന പരിപാടികൾക്കാണ് ഈ വർഷം ഊന്നൽ കൊടുക്കേണ്ടത്. ജൂബിലിയുമായി ബന്ധപ്പെട്ടു വിവിധതലങ്ങളിൽ ചെയ്യാൻ സാധിക്കുന്ന ചില കാര്യങ്ങൾ മാർഗരേഖയിൽ ചേർക്കുന്നുണ്ട്.

തുടക്കം മുതലേ ഭാരവാഹികളും മാതൃവേദി-പിതൃവേദി സംഘടനകളും കൂട്ടായ്മയിലും സഹകരണത്തിലും മുന്നേറണം. ഭാരവാഹികൾക്കു പ്രാർഥനാശംസകൾ നേരുന്നു.

സ്നേഹപൂർവം

**ഫാ. ജോസഫ് ഇരുപ്പക്കാട്ട്**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. സെബാസ്റ്റ്യൻ ചാമക്കാല**
*(ഡയറക്ടർ)*

## റിപ്പോർട്ട്

### മാതൃവേദി-പിതൃവേദി തെരഞ്ഞെടുപ്പ്

ഫെബ്രുവരി 23നു നടത്തപ്പെട്ട അതിരൂപതാതെരഞ്ഞെടുപ്പോടെ മാതൃവേദി-പിതൃവേദി സംഘടനകളുടെ യൂണിറ്റ്-ഫൊറോന-അതിരൂപതാതെരഞ്ഞെടുപ്പുകൾ പൂർത്തിയായി. തെരഞ്ഞെടുപ്പു സമയബന്ധിതമായി നടത്താൻ ശ്രദ്ധിച്ച ഡയറക്ടർ അച്ചന്മാർക്കും ആനിമേറ്റർ സിസ്റ്റർമാർക്കും അഭിനന്ദനങ്ങൾ നേരുന്നു.

### കർഷകരക്ഷാനസ്രാണിമുന്നേറ്റം

അതിരൂപതയിലെ സംഘടനകളുടെ സഹകരണത്തോടെ അതിരൂപതാ കത്തോലിക്കാകോൺഗ്രസ് ഫെബ്രുവരി 15നു സംഘടിപ്പിച്ച കർഷകരക്ഷാനസ്രാണിമുന്നേറ്റത്തിൽ മാതൃവേദി-പിതൃവേദി അതിരൂപതാ പ്രസിഡന്റുമാർ നേതൃപരമായ ചുമതലകൾ നിർവഹിച്ചു; സംഘടനാംഗങ്ങൾ സജീവമായി പങ്കുചേർന്നു.

**പ്രോലൈഫ്: നാല്പതുദിന അഖണ്ഡപ്രാർഥന**

ഈശോയുടെ മനുഷ്യാവതാരത്തിന്റെ 2025-ാം ജൂബിലി വർഷത്തിലെ പ്രോലൈഫ് ദിനം (മാർച്ച് 25) സമുചിതമായി ആചരിക്കുന്നതിന്റെ ഭാഗമായി ഫെബ്രുവരി 13 മുതൽ അതിരൂപതയിലെ പള്ളികളിൽ നാല്പതുദിന അഖണ്ഡ പ്രാർഥനയും മനുഷ്യജീവന്റെ മൂല്യം പ്രഘോഷിക്കുന്ന കർമപരിപാടികളും നടത്തപ്പെടുന്നതാണ്. ഫെബ്രുവരി 13നു തുരുത്തി മാർത്ത് മറിയം ഫൊറോനാ പ്പള്ളിയിൽ അഖണ്ഡപ്രാർഥന ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യപ്പെട്ടു.

മാർച്ച് 24 വരെയുള്ള 40 ദിവസങ്ങളിൽ അതിരൂപതയിലെ 230 പള്ളികളിലും ജീവൻ ജ്യോതിസ് പ്രോലൈഫ് സെൽ-മാതൃവേദി-പിതൃവേദി അംഗങ്ങളുടെ നേതൃത്വത്തിൽ അഖണ്ഡപ്രാർഥനയും പ്രോലൈഫ് ദിനമായ മാർച്ച് 25ന് അതിരൂപതാതലത്തിൽ പ്രാർഥനാശുശ്രൂഷ, പ്രോലൈഫ് റാലി എന്നിവയും നടത്തപ്പെടുന്നതാണ്.

**ഇടയസാന്നിധ്യത്തിൽ**

അതിരൂപതാ മാതൃവേദി-പിതൃവേദി സംഘടനകളുടെ പുതിയഭാരവാഹി കളും ആനിമേഷൻ റ്റീമംഗങ്ങളും ഫെബ്രുവരി 26ന് അതിരൂപതാ മെത്രാപ്പോ ലീത്താ അഭി. മാർ തോമസ് തറയിലിനെ സന്ദർശിച്ച് ഉപദേശവും ആശീർവാ ദവും സ്വീകരിച്ചു.

## ഓർമിക്കാൻ

**പ്രോലൈഫ് ദിനാചരണം**

മംഗളവാർത്തതിരുനാൾദിനമായ മാർച്ച് 25 അതിരൂപതാതലത്തിൽ പ്രോ ലൈഫ് ദിനമായി ആചരിക്കുന്നതാണ്.

**അതിരൂപതാവാർഷികം-നന്ദിപ്രകാശനം-സത്യപ്രതിജ്ഞ**

**ഏപ്രിൽ 5** രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 2.30 വരെ അതിരൂപതാ വാർഷികം, മുൻഭാരവാഹികൾക്കു നന്ദിപ്രകാശനം, പുതുതായി സ്ഥാനമേൽ ക്കുന്ന ഭാരവാഹികളുടെ സത്യപ്രതിജ്ഞ എന്നിവ നടത്തപ്പെടുന്നതാണ്.

## വിവാഹഒരുക്കസെമിനാർ

| മാസം | തീയതി | സ്ഥലം |
|---|---|---|
| മാർച്ച് | 08, 09, 10 | കുന്നന്താനം സീയോൻ ധ്യാനകേന്ദ്രം |
| | 24, 25, 26 | |
| ഏപ്രിൽ | 07, 08, 09 | |
| | 28, 29, 30 | |

**കൂടുതൽ വിവരങ്ങൾക്ക്: 0481 2424476, 9447016240**
**വിളിക്കേണ്ട സമയം: 10am - 5pm**

# യുവദീപ്തി-എസ്.എം.വൈ.എം.

## തെരഞ്ഞെടുപ്പ് ക്യാംപ്

2025 പ്രവർത്തനവർഷത്തെ ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതിനുള്ള ക്യാംപ് ജനുവരി 24–26 തീയതികളിൽ കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ നടത്തപ്പെട്ടു. മുൻ അതിരൂപതാ ഡയറക്ടർ ഫാ. സിറിയക് ചിറ്റൂക്കളം ക്യാംപ് ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. ആന്റണി ആനക്കല്ലുങ്കൽ, ഓഫീസ് സെക്രട്ടറി ലാലിച്ചൻ മറ്റത്തിൽ എന്നിവർ പ്രസംഗിച്ചു. അതിരൂപതയുടെ പ്രോട്ടോസിഞ്ചെല്ലൂസ് വെരി റവ. ഫാ. ആന്റണി എത്തക്കാട്, കത്തോലിക്കാകോൺഗ്രസിന്റെ അതിരൂപതാ പ്രസിഡന്റ് ബിജു സെബാസ്റ്റ്യൻ പടിഞ്ഞാറേവീട്ടിൽ, ഫാ. ആന്റണി ആനക്കല്ലുങ്കൽ, അസ്സി. ഡയറക്ടർ ഫാ. ജോസഫ് പുതുവീട്ടിൽക്കളം, ജോയിന്റ് ഡയറക്ടർ ഫാ. സാവിയോ മാനാട്ട് എന്നിവർ ക്ലാസ്സുകളെടുത്തു.

**2025 പ്രവർത്തനവർഷത്തെ ഭാരവാഹികൾ**

| സ്ഥാനം | പേര് | ഫൊറോന |
|---|---|---|
| പ്രസിഡന്റ് | അരുൺ റ്റോം | ചങ്ങനാശ്ശേരി |
| ഡെപ്യൂട്ടി പ്രസിഡന്റ് | എലിസബത്ത് വർഗീസ് | കുടമാളൂർ |
| ജനറൽ സെക്രട്ടറി | ക്രിസ്റ്റി കെ. കുഞ്ഞുമോൻ | മുഹമ്മ |
| ട്രെഷറർ | അലക്സ് സെബാസ്റ്റ്യൻ | എടത്വാ |

**കെ.സി.വൈ.എം. സിൻഡിക്കേറ്റ് അംഗങ്ങൾ**

| പേര് | ഇടവക | ഫൊറോന |
|---|---|---|
| ജോയൽ ജോൺ റോയി | മാമ്മൂട് | കുറുമ്പനാടം |
| ലിന്റ ജോഷി | തത്തംപള്ളി | ആലപ്പുഴ |
| **വൈസ് പ്രസിഡന്റുമാർ** | | |
| മിഷാൽ പി. ബിജു | മണ്ണാർകുന്ന് | അതിരമ്പുഴ |
| ബെറ്റ്സി ബോസ് | കേശവദാസപുരം | തിരുവനന്തപുരം |
| **സെക്രട്ടറിമാർ** | | |
| സെബിൻ തോമസ് | പായിപ്പാട് | തൃക്കൊടിത്താനം |
| ജിയ വിൽസൺ | നെടുമണ്ണി | നെടുങ്കുന്നം |
| **കെ.സി.വൈ.എം. സെനറ്റ് അംഗങ്ങൾ** | | |
| അലൻ ഷിയറ്റ് | മാവേലിക്കര | ചെങ്ങന്നൂർ |
| സ്നേഹ സജി | അറുനൂറ്റംപാടം | ആലപ്പുഴ |
| **എസ്.എം.വൈ.എം. പ്രതിനിധികൾ** | | |
| ജോബിൻ ജോസഫ് | ചമ്പക്കര | നെടുങ്കുന്നം |
| ലൂസി ഫിലിപ്പോസ് | കരിക്കാട്ടൂർ | മണിമല |

**മീഡിയ കോഡിനേറ്റേഴ്സ്**

| | | |
|---|---|---|
| ജീവൻ ജയിംസ് | പാണ്ടങ്കരി | എടത്വാ |
| ഐശ്വര്യ റോയി | പുതുശ്ശേരി | ചെങ്ങന്നൂർ |

**കരിയർ കോഡിനേറ്റേഴ്സ്**

| | | |
|---|---|---|
| ആന്റണി ജോസ് | പുളിങ്കുന്ന് | പുളിങ്കുന്ന് |
| ജെസ്ന ജയിംസ് | മാമ്മൂട് | കുറുമ്പനാടം |

**പി. ആർ. ഒ.**

| | | |
|---|---|---|
| ക്രിസ്റ്റിൻ സേവ്യർ | വില്ലൂന്നി | കുടമാളൂർ |

**അതിരൂപതാവാർഷികം-പ്രവർത്തനവർഷോദ്ഘാടനം**

അതിരൂപതാ യുവദീപ്തി-എസ്.എം.വൈ.എം.ന്റെ വാർഷികവും പുതിയ പ്രവർത്തനവർഷത്തിന്റെ ഉദ്ഘാടനവും ഫെബ്രുവരി 16നു ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ടു. അതിരൂപതാ പ്രസിഡന്റ് ജോയൽ ജോൺ റോയിയുടെ അധ്യക്ഷതയിലുള്ള സമ്മേളനത്തിൽ അതിരൂപതാ ജനറൽ സെക്രട്ടറി സഞ്ജയ് സതീഷ് റിപ്പോർട്ട് അവതരിപ്പിച്ചു.

പുതിയ പ്രസിഡന്റ് അരുൺ റ്റോമിന്റെ അധ്യക്ഷതയിലുള്ള സമ്മേളനത്തിൽ അതിരൂപതയുടെ പ്രോട്ടോസിഞ്ചെല്ലൂസ് വെരി റവ. ഫാ. ആന്റണി എത്തക്കാട് 2025 പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. ആന്റണി ആനക്കല്ലുങ്കൽ, ജോയിന്റ് ഡയറക്ടർ ഫാ. സാവിയോ മാനാട്ട്, അസ്സി. ഡയറക്ടർ ഫാ. ജോസഫ് പുതുവീട്ടിൽക്കളം, എലിസബത്ത് വർഗീസ്, ക്രിസ്റ്റി കെ. കുഞ്ഞുമോൻ, ലാലിച്ചൻ മറ്റത്തിൽ, റീജന്റ് ബ്രദർ ജിബി മോഴുകുന്നം, അലക്സ് സെബാസ്റ്റ്യൻ, ലിന്റ ജോഷി എന്നിവർ പ്രസംഗിച്ചു. സമ്മേളനത്തിൽ പുതിയഭാരവാഹികളെ ആദരിച്ചു. മികച്ച യൂണിറ്റുകൾ, ഫൊറോനകൾ എന്നിവയ്ക്കുള്ള ഷീൽഡുകളും ട്രോഫികളും വിതരണം ചെയ്തു.

**2024 പ്രവർത്തനവർഷത്തിലെ മോഡൽ യൂണിറ്റുകൾ**

| | |
|---|---|
| ലൂർദ് മാതാ താഴത്തുവടകര | സെന്റ് തോമസ് നാലുകോടി |
| സേക്രഡ് ഹാർട്ട് കരിമ്പനക്കുളം | സെന്റ് ജോസഫ്സ് ളായിക്കാട് |
| സെന്റ് ഫ്രാൻസിസ് ദെ സാലസ് കിളിരൂർ | സെന്റ് ജോസഫ്സ് കായൽപ്പുറം |
| സെന്റ് സേവ്യേഴ്സ് ഫൊറോന തൃക്കൊടിത്താനം | സെന്റ് സെബാസ്റ്റ്യൻസ് ചാഞ്ഞോടി |
| ക്രൈസ്റ്റ് ദ കിങ് ഏറ്റുമാനൂർ | മാർ സ്ലീവാ കൂരോപ്പട |
| സെന്റ് ആന്റണീസ് ഫൊറോന കുറുമ്പനാടം | ലൂർദ് മാതാ ചേന്നങ്കരി (കൂലിപ്പുരയ്ക്കൽ) |
| സെന്റ് മൈക്കിൾസ് തത്തംപള്ളി | സെന്റ് സേവ്യേഴ്സ് വെളിയനാട് സൗത്ത് |
| അസംപ്ഷൻ കുറുമ്പനാടം | സെന്റ് മേരീസ് ഇത്തിത്താനം |
| സെന്റ് സെബാസ്റ്റ്യൻസ് അയർക്കുന്നം | സെന്റ് മേരീസ് മേജർ ആർക്കി എപ്പിസ്കോപ്പൽ കുടമാളൂർ |

**2024 വർഷത്തെ മികച്ച ഫൊറോനകൾ**

1-ാം സ്ഥാനം- പുളിങ്കുന്ന്

2-ാം സ്ഥാനം- ചമ്പക്കുളം

3-ാം സ്ഥാനം- കോട്ടയം

**വൈ.റ്റി.പി.- പുതിയ ബാച്ച്**

അതിരൂപതാ യുവദീപ്തി–എസ്.എം.വൈ.എം.ന്റെ ആഭിമുഖ്യത്തിലുള്ള യൂത്ത് ട്രെയിനിങ് പ്രോഗ്രാമിന്റെ (വൈ.റ്റി.പി.) പുതിയ ബാച്ച് **ഏപ്രിൽ 26** രാവിലെ പത്തിനു ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ ആരംഭിക്കുന്നതാണ്. ഒരു വർഷത്തെ കോഴ്സാണ്. രാവിലെ 10 മുതൽ 4 വരെയാണു ക്ലാസ്സ്. കോഴ്സ് ഫീസ് 1500 രൂപ. രണ്ടുഗഡുക്കളായി അടയ്ക്കാവുന്നതാണ്. കോഴ്സിന്റെ ഭാഗമായി പരീക്ഷയും സ്റ്റഡി ടൂറും രണ്ടുദിവസത്തെ ധ്യാനവുമുണ്ടായിരിക്കുന്നതാണ്. താത്പര്യമുള്ളവർ താഴെപ്പറയുന്ന നമ്പറുകളിൽ പേരു രജിസ്റ്റർ ചെയ്യേണ്ടതാണ്.

ലാലിച്ചൻ മറ്റത്തിൽ (9495265293)

എലിസബത്ത് വർഗീസ് (8136938603)

ക്രിസ്റ്റി കെ. കുഞ്ഞുമോൻ (9744335948)

**നന്ദി**

യുവദീപ്തി–എസ്.എം.വൈ.എം.ന്റെ ഫൊറോനാ ഡയറക്ടർമാരായി സേവനമനുഷ്ഠിച്ച ഫാ. സെബാസ്റ്റ്യൻ മഞ്ചേരിക്കളം, ഫാ. മാത്യു കാവനാട്ട്, ഫാ. ജേക്കബ് കളത്തിവീട്ടിൽ, ഫാ. സെബാസ്റ്റ്യൻ മാമ്മൂട്ടിൽ എന്നിവർക്ക് അതിരൂപതാ യുവദീപ്തി–എസ്.എം.വൈ.എം. കുടുംബം നന്ദിയറിയിക്കുന്നു.

**ഫാ. ആന്റണി ആനക്കല്ലുങ്കൽ**
*(ഡയറക്ടർ)*

**ഫാ. സാവിയോ മാനാട്ട്**
*(ജോയിന്റ് ഡയറക്ടർ)*

**ഫാ. ജോസഫ് പുതുവീട്ടിൽക്കളം**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*

**അരുൺ റ്റോം**
*(പ്രസിഡന്റ്)*

# കാർപ്

## (DEPARTMENT OF COMMUNITY AWARENESS AND RIGHTS' PROTECTION)

### ബ്രയിൻ സ്റ്റോമിങ് സെഷൻ

കാർപ് ഡിപ്പാർട്ടുമെന്റിന്റെ തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ ജനുവരി 24ന് അതിരൂപതയുടെ പ്രോട്ടോസിഞ്ചെല്ലൂസ് വെരി റവ. ഫാ. ആന്റണി എത്തക്കാടിന്റെ അധ്യക്ഷതയിൽ ബ്രയിൻ സ്റ്റോമിങ് സെഷൻ നടത്തപ്പെട്ടു. ഡിപ്പാർട്ടുമെന്റുകളുടെ ചുമതലയുള്ള വൈദികർ, കാർപ് ഭാരവാഹികൾ, ജാഗ്രതാ സമിതിയംഗങ്ങൾ, സംഘടനാപ്രതിനിധികൾ എന്നിവർ ഇതിൽ പങ്കെടുത്തു. ഡോ. ജാൻസൻ ജോസഫ്, ഷിജോ സേവ്യർ, ബിജു സെബാസ്റ്റ്യൻ എന്നിവർ കരിയർ ഗൈഡൻസ്, സേവനകേന്ദ്രരൂപീകരണം, രാഷ്ട്രീയനിലപാടുസ്വീകരിക്കൽ എന്നീ വിഷയങ്ങളിൽ ഹ്രസ്വമായ അവതരണങ്ങൾ നടത്തി. തുടർന്നുള്ള ചർച്ചയിൽ ഡോ. പി. സി. അനിയൻകുഞ്ഞ് മോഡറേറ്ററായിരുന്നു.

### കേന്ദ്രസർക്കാർ ഇ.ഡബ്ല്യൂ.എസ്.

കേന്ദ്രസർക്കാരിന്റെ ഇ.ഡബ്ല്യൂ.എസ്. സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനു ഹൗസ് പ്ലോട്ട് കണക്കാക്കുന്ന മാനദണ്ഡത്തിൽ ഇളവ് അനുവദിക്കപ്പെട്ടതിനാൽ കൂടുതൽ പേർക്കു ലഭ്യമാണ്. നെറ്റ്, നീറ്റ്, യു.പി.എസ്.സി., ഐ.ബി.പി.എസ്. തുടങ്ങി കേന്ദ്രസർക്കാരിന്റെ എല്ലാ പരീക്ഷകൾക്കും മാർക്ക് ഇളവും സെൻട്രൽ യൂണിവേഴ്സിറ്റികൾ ഉൾപ്പെടെയുള്ള കേന്ദ്രവിദ്യാഭ്യാസസ്ഥാപനങ്ങളിൽ 10% സീറ്റ് സംവരണവും ലഭിക്കുന്നതാണ്.

### കതിർ ആപ് രജിസ്ട്രേഷൻ

കർഷകക്ഷേമവകുപ്പിന്റെ 'കതിർ ആപ് രജിസ്ട്രേഷൻ' എല്ലാ കർഷകർക്കും ആവശ്യമാണ്. *പ്രധാൻ മന്ത്രി കിസാൻ യോജന*യുടെ ആനുകൂല്യങ്ങളും സംസ്ഥാനകർഷകക്ഷേമവകുപ്പിന്റെ ആനുകൂല്യങ്ങളും കതിർ ആപ് രജിസ്ട്രേഷൻ നടത്തിയവർക്കാണ് ഇനി മുതൽ ലഭ്യമാവുക.

**ആവശ്യമായ രേഖകൾ:** കർഷകന്റെ ഫോട്ടോ, ആധാർ കാർഡ്, പുതിയ നികുതി രസീത്, ബാങ്ക് പാസ്ബുക്ക് കോപ്പി, റേഷൻ കാർഡ് കോപ്പി.

**ബേബി വട്ടക്കര** (9142121717)
**റ്റോം ജോസഫ്** (9447207700)
**ബിനു കുര്യാക്കോസ്** (7306513917)
*(കോഡിനേറ്റേഴ്സ്)*

**ഫാ. ജയിംസ് കൊക്കാവയലിൽ**
*(ഡയറക്ടർ)*
6238214912

# ചാസ്സ്
## (CHANGANACHERRY SOCIAL SERVICE SOCIETY)

### ചാസ്സിൽനിന്നും ആശംസകൾ

ചാസ്സിന്റെ ഡയറക്ടറായി ചുമതലയേല്പിക്കപ്പെട്ടിരിക്കുന്ന ഈ അവസരത്തിൽ നിങ്ങളുടെ പിന്തുണയും പ്രാർഥനയും അഭ്യർഥിക്കുന്നു. അസ്സി. ഡയറക്ടറായും ഡയറക്ടറായും കഴിഞ്ഞ ഏഴുവർഷക്കാലം ചാസ്സിനെ നയിച്ച ഫാ. തോമസ് കുളത്തുങ്കലിന് അഭിനന്ദനങ്ങളും നന്ദിയും ചാസ്സ്-ഖാദിയുടെ ഡയറക്ടറായി നിയമിതനായ ഫാ. സെബാസ്റ്റ്യൻ കണ്ണാടിപ്പാറയ്ക്കു സ്വാഗതവും ആശംസിക്കുന്നു. തുടർന്നും ഏവരുടെയും പ്രത്യേകിച്ചു മേഖല-യൂണിറ്റ് ഡയറക്ടർമാർ, ഭാരവാഹികൾ, പ്രവർത്തകർ എന്നിവരുടെ തീക്ഷ്ണതയുള്ള സഹകരണത്തിലൂടെ യൂണിറ്റുകളെ ശക്തിപ്പെടുത്തി ചാസ്സിനെ ഉണർവുള്ളതാക്കാം.

മാർച്ച് എട്ടിലെ അന്താരാഷ്ട്രവനിതാദിനാചരണം സ്ത്രീകളുടെ സമത്വം, സുരക്ഷ, സാമ്പത്തികശക്തീകരണം എന്നിവയ്ക്കായി കൂടുതൽ കാര്യങ്ങൾ ചെയ്യാനുണ്ടെന്ന വസ്തുത നമ്മെ ഓർമപ്പെടുത്തുന്നുണ്ട്. പ്രസ്തുത ആവശ്യകത വിളിച്ചോതുന്നതാണ് ഈ വർഷത്തെ വനിതാദിനത്തിന്റെ പ്രമേയം. 'ആക്സിലറേറ്റ് ആക്ഷൻ' എന്ന മുദ്രാവാക്യം ഉയർത്തിപ്പിടിക്കുന്നതിലൂടെ സമത്വത്തിലേക്കുള്ള യാത്ര ത്വരിതപ്പെടുത്തേണ്ടതാണ്. ഈ യജ്ഞത്തിൽ പങ്കാളികളാകേണ്ടതു നാമോരോരുത്തരുടെയും ചുമതലയാണ്. ഇതു തിരിച്ചറിഞ്ഞു പ്രവർത്തിക്കുന്നതിൽ ചാസ്സ് എന്നും മുന്നിൽ നിലകൊണ്ടിരുന്നു.

മൈക്രോ ക്രെഡിറ്റ് പ്രോഗ്രാം, സ്വയംസഹായസംഘം, സഞ്ചാരി തയ്യൽ പരിശീലനം, മഹിളാസമാജം, ഫാർമേഴ്സ് ക്ലബ്ബ്, ജെ.എൽ.ജി., കോപ്റ്റാക് തയ്യൽ-എംബ്രോയിഡറി പരിശീലനകേന്ദ്രം, സർക്കാരിന്റെ സബ്സിഡിയോടെ ചാസ്സ്-ഖാദിമേഖല നടത്തിവരുന്ന 31 ഇനം പരിശീലനപരിപാടികൾ ഇവയൊക്കെ ചാസ്സിന്റെ സ്ത്രീശക്തീകരണരംഗത്തെ ചുവടുവെപ്പുകളാണ്. സ്വാതന്ത്ര്യം, സുരക്ഷ എന്നീ മേഖലകളിൽ കഠിനമായ വെല്ലുവിളികളിലൂടെ ലോകത്തിന്റെ നാനാഭാഗങ്ങളിൽ സ്ത്രീകൾ കടന്നുപോകുന്നുണ്ടെന്ന വസ്തുതയും നമ്മൾ മറന്നുകൂടാ. സ്ത്രീകളുടെ സ്വപ്നങ്ങളെ പിന്തുടരാൻ അവർക്കൊപ്പം നിൽക്കാം. അവകാശങ്ങളും പുരോഗതിയും ആഘോഷിക്കുന്നതോടൊപ്പം അടിച്ചമർത്തലിന്റെ നാളുകളിൽനിന്നു തുല്യതയുടെയും നീതിയുടെയും ലോകത്തേക്കു സ്ത്രീകൾക്ക് ഉയിർത്തെഴുന്നേൽക്കാൻ സാധിക്കട്ടെ. ചാസ്സിന്റെ വനിതാപ്രവർത്തകർക്കു വനിതാദിനാശംസകൾ നേരുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. ജോർജ് പനക്കേഴം**
*(ഡയറക്ടർ)*

**ഫാ. സെബാസ്റ്റ്യൻ കണ്ണാടിപ്പാറ**
**ഫാ. ജോർജ് തൈച്ചേരിൽ**
**ഫാ. ജോസഫ് ചോരേട്ട്ചാമക്കാല**
**ഫാ. വർഗീസ് നമ്പിമഠം**
*(അസ്സിസ്റ്റന്റ് ഡയറക്ടേഴ്സ്)*

## അറിയിപ്പ്

**യാത്രയയപ്പ്**

കഴിഞ്ഞ ഏഴുവർഷക്കാലം അസ്സി. ഡയറക്ടറായും ഡയറക്ടറായും ചാസ്സിൽ സ്തുത്യർഹമായ സേവനമനുഷ്ഠിച്ചശേഷം പുതിയകർമപഥത്തിലേക്കു നിയുക്തനായ ഫാ. തോമസ് കുളത്തുങ്കലിനു ഫെബ്രുവരി 12ന് അതിരൂപതാ മെത്രാപ്പോലീത്താ അഭി. മാർ തോമസ് തറയിലിന്റെ സാന്നിധ്യത്തിൽ യാത്ര യയപ്പു നൽകി.

**ചുമതലയേറ്റു**

ഖാദി ഡയറക്ടറായി സേവനമനുഷ്ഠിച്ച ഫാ. ജോർജ് പനക്കേഴം ചാസ്സ് ഡയറക്ടറായും ഫാ. സെബാസ്റ്റ്യൻ കണ്ണാടിപ്പാറ ചാസ്സ്-ഖാദി ഡയറക്ടറായും ഫെബ്രുവരി 13നു ചുമതലയേറ്റു.

**നൂതനകാൽവെപ്പുകൾ**

| | | |
|---|---|---|
| * | **Solvita- Roof Top Solar Project** | **(9961718901)** |
| * | **Zoi-Drops Drinking Water** | **(9497391959)** |
| * | **CHASS Tours & Travels** | **(9496722548)** |

## കേന്ദ്രവാർത്തകൾ

**റിഹാസ്വിസ് പ്രോജക്റ്റ് വിലയിരുത്തൽ:** വിജയപുരം, എറണാകുളം, കൊച്ചി, ചങ്ങനാശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റികൾ, സൊസൈറ്റി ഓഫ് സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി എന്നിവയേറ്റെടുത്തുനടത്തുന്ന റിഹാസ്വിസ് പ്രോജക്റ്റുകളെക്കുറിച്ചു ജനുവരി 30നു കോട്ടയം സൂസൻ വില്ലയിൽ വിലയിരുത്തൽ നടത്തപ്പെട്ടു.

**ഭവനസന്ദർശനം:** ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജിലെ സോഷ്യൽ വർക്ക് ഡിപ്പാർട്ടുമെന്റ് അധ്യാപകരായ ഡോ. ദീപക് ജോസഫ്, ഫാ. വർഗീസ് ഇലഞ്ഞിപ്പറമ്പിൽ, സുധി കെ. വർഗീസ് എന്നിവർ ഫെബ്രുവരി അഞ്ചിനു ചാസ്സ്-റിഹാസ്വിസ് പദ്ധതിയിലംഗങ്ങളായ 8 ഭിന്നശേഷിക്കാരുടെ ഭവനങ്ങൾ സന്ദർശിച്ചു. ഫെബ്രുവരി ആറിനു ചാസ്സ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, ചാസ്സ് റ്റീം ലീഡർ ബാബു ജോസഫ്, പ്രോജക്റ്റ് കോഡിനേറ്റർ ഷീബ സന്തോഷ്, മേഖലാ കോഡിനേറ്റർമാർ എന്നിവരുമായി മുഖാഭിമുഖം നടത്തി.

**സ്വയംതൊഴിൽസംരംഭം-ചാരിറ്റി ഗോട്ട് ഫാം സന്ദർശനം:** റിഹാസ്വിസ് ഇൻഡ്യയുടെ പ്രസിഡന്റ് ജോസഫ് ഏറത്തോട്ട്, റ്റീമംഗങ്ങളായ മെലേന, ജോയി എന്നിവർ ഫെബ്രുവരി 12നു മൈലാടി യൂണിറ്റിലെ ഭിന്നശേഷിക്കാരായ മൂന്നു കുടുംബങ്ങൾ ഏറ്റെടുത്തുനടത്തുന്ന സ്വയംതൊഴിൽസംരംഭം, തോട്ടയ്ക്കാട് ചാരിറ്റി ഗോട്ട് ഫാം എന്നിവ സന്ദർശിച്ചു.

**ജൂബിലിനിറവിൽ ചാസ്സ് കുടുംബം:** ചാസ്സിന്റെയും അനുബന്ധപ്രസ്ഥാനങ്ങളായ കോപ്റ്റാക്, ഖാദി ഗ്രാമോദ്യോഗ് വിദ്യാലയ എന്നിവയുടെ വജ്ര-സുവർണ-റൂബി ജൂബിലിയാഘോഷം ഫെബ്രുവരി ആറിനു ചാസ്സിന്റെ കേന്ദ്രഓഫീസ് അങ്കണത്തിൽ നടത്തപ്പെട്ടു. അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്താ സമ്മേളനം ഉദ്ഘാടനം ചെയ്തു. അതിരൂപതാ സിഞ്ചെള്ളൂസും ചാസ്സ് പ്രസിഡന്റുമായ വെരി റവ. ഫാ. മാത്യു ചങ്ങങ്കരി അധ്യക്ഷതവഹിച്ചു. മെത്രോപ്പോലീറ്റൻ എമെരിത്തൂസ് അഭി. മാർ ജോസഫ് പെരുന്തോട്ടം അനുഗ്രഹപ്രഭാഷണം നടത്തി.

ചങ്ങനാശ്ശേരി എം.എൽ.എ. അഡ്വ. ജോബ് മൈക്കിൾ, ചങ്ങനാശ്ശേരി മുനിസിപ്പൽ ചെയർപേഴ്സൺ കൃഷ്ണകുമാരി രാജശേഖരൻ, മുനിസിപ്പൽ കൗൺസിലർ ബീന ജിജൻ എന്നിവർ ആശംസകളർപ്പിച്ചു. ചാസ്സ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, അസ്സി. ഡയറക്ടർമാരായ ഫാ. ജോർജ് പനക്കേഴം, ഫാ. ജോസഫ് ചോരേട്ട്ചാമക്കാല എന്നിവർ പ്രസംഗിച്ചു. അസ്സി. ഡയറക്ടർമാരായ ഫാ. ജോർജ് തൈച്ചേരിൽ, ഫാ. വർഗീസ് നമ്പിമഠം എന്നിവർ പരിപാടികൾക്കു നേതൃത്വം നൽകി. ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ്-അസംപ്ഷൻ കോളേജുകളിലെ സോഷ്യൽ വർക്ക് വിദ്യാർഥികൾ, ചെത്തിപ്പുഴ മേഴ്സി ഹോം, ഗിന്നസ് വേൾഡ് റെക്കോഡ് ജേതാവു ജോസുകുട്ടി എൽബിൻ എന്നിവർ പരിപാടികൾ അവതരിപ്പിച്ചു. ചാസ്സിന്റെ യൂണിറ്റുകളിൽനിന്നും പ്രതിനിധികൾ പങ്കെടുത്തു.

**ബാങ്ക് ലോൺ**

ചാസ്സിന്റെ യൂണിറ്റുകളിൽ പ്രവർത്തിക്കുന്ന മൂന്നു ജെ.എൽ.ജി.കളിലെ അംഗങ്ങൾക്കു സ്വയംതൊഴിൽസംരംഭം ഏറ്റെടുത്തുനടത്തുന്നതിനും കാർഷികാവശ്യങ്ങൾക്കുമായി ബാങ്ക് ഓഫ് ഇൻഡ്യയിൽനിന്നും 10 ലക്ഷം രൂപ ലോൺ ലഭ്യമാക്കി.

| *തീയതി* | *എസ്.എച്ച്.ജി.* | *ജെ.എൽ.ജി.* | *യൂണിറ്റ്* |
|---|---|---|---|
| 22.01.2025 | കേരളകർഷകകർമസേന | അക്ഷയ | ഫാത്തിമാപുരം |
| 25.01.2025 | ലിറ്റിൽ ഫ്ളവർ | മേരി മാതാ | ചങ്ങനാശ്ശേരി |
| 14.02.2025 | സൗഹൃദം | മാതാ | ഫാത്തിമാപുരം |

## സ്വാശ്രയസംഘരൂപീകരണം

| *തീയതി* | *യൂണിറ്റ്* | *സംഘം* | *അംഗങ്ങൾ* |
|---|---|---|---|
| 22.01.2025 | മണിമല ന്യൂ | ദിവ്യ | 10 |
| 10.02.2025 | തൃക്കൊടിത്താനം | അനശ്വര | 11 |
| 12.02.2025 | സാന്തോം | ളായിക്കാട് | 12 |

## സാമൂഹ്യസുരക്ഷാസഹായപദ്ധതി

**1. എസ്.എച്ച്.ജി. മരണാനന്തരസഹായം** (ഒരു കുടുംബത്തിന് 20,000 രൂപ വീതം 5 കുടുംബങ്ങൾക്ക് 1,00,000 രൂപ അനുവദിച്ചു)

| *പേര്* | *സംഘം* | *യൂണിറ്റ്* | *മേഖല* |
|---|---|---|---|
| 703. സജി ജോസഫ് | അക്ഷയ | മൈലാടി | നെടുങ്കുന്നം |
| 704. റോസമ്മ സ്കറിയ | ചെറുപുഷ്പം | മൈലാടി | നെടുങ്കുന്നം |
| 705. സി. ഡി. മാത്യു | മാവേലി | ഏറ്റുമാനൂർ | |
| 706. വൽസമ്മ തമ്പി | ഭാവന | വെട്ടിമുകൾ | അതിരമ്പുഴ |
| 707. മേരിക്കുട്ടി ചെറിയാൻ | അർച്ചന | വെട്ടിമുകൾ | |

**2. മ്യൂചൽ ബനഫിറ്റ് സ്കീം (എം.ബി.എസ്.)** ഒരു കുടുംബത്തിന് 10,000 രൂപ വീതം 16 കുടുംബങ്ങൾക്ക് 1,60,000 രൂപ മരണാനന്തരസഹായം അനുവദിച്ചു.

| *പേര്* | *യൂണിറ്റ്* | *മേഖല* |
|---|---|---|
| 1185. ലീലാമ്മ ആന്റണി മഠത്തിൽപറമ്പിൽ | ചേന്നങ്കരി | ചമ്പക്കുളം |
| 1186. ദാക്ഷായണി ചന്ദ്രൻ നെല്ലാനിക്കൽ | മിത്രക്കരി | പുളിങ്കുന്ന് |
| 1187. ത്രേസ്യാമ്മ ആന്റണി പുളിമൂട്ടിൽ | മാന്നില | കുറുമ്പനാടം |
| 1188. സജി ജോസഫ് ചെറുശ്ശേരിയിൽ | മൈലാടി | നെടുങ്കുന്നം |
| 1189. തോമസ് ഔസേഫ് വെള്ളൂർ | വില്ലൂന്നി | കുടമാളൂർ |
| 1190. കെ. വി. ജോസഫ് തടത്തിൽ | കുടമാളൂർ | കുടമാളൂർ |
| 1191. ഇമ്മാനുവൽ വി. സി. വെളിയിൽ | ആറാട്ടുവഴി | ആലപ്പുഴ |
| 1192. ഏലിക്കുട്ടി വർഗീസ് കോയിക്കളം | പച്ച–ചെക്കിടിക്കാട് | എടത്വാ |
| 1193. ഉഷസ് ബെന്നി കൊച്ചുവീട്ടിൽ | ചമ്പക്കര | നെടുങ്കുന്നം |
| 1194. കമലം പാലയ്യൻ | രാജഗിരി | അമ്പൂരി |
| 1195. വൽസമ്മ തമ്പി അരുൺ നിവാസ് | വെട്ടിമുകൾ | അതിരമ്പുഴ |
| 1196. കെ. കെ. പ്രകാശ് ശ്രീവിലാസം | ഐക്കരച്ചിറ | |
| 1197. കെ. എം. ചാക്കോ കൊല്ലംപറമ്പിൽ | ഐക്കരച്ചിറ | കുടമാളൂർ |
| 1198. യു. യു. ജോസഫ് ഉമ്പക്കാട്ട് | കുമാരനല്ലൂർ | |
| 1199. ഈപ്പൻ മോനിച്ചൻ ബിനോ ഭവൻ | കല്ലൂർക്കാട് | ചമ്പക്കുളം |
| 1200. വി. ജെ. ജോസഫ് വണ്ടകംവളയത്തിൽ | കല്ലൂർക്കാട് | ചമ്പക്കുളം |

## മേഖലാവാർത്തകൾ

### സൗജന്യ മെഡിക്കൽ ക്യാംപ്

ലോക ക്യാൻസർ ദിനാചരണത്തോടനുബന്ധിച്ച് ആശുപത്രികളുടെ സഹകരണത്തോടെ ചാസ്സിന്റെ യൂണിറ്റുകളിൽ സൗജന്യ മെഡിക്കൽ ക്യാംപ് നടത്തപ്പെട്ടു. യൂണിറ്റ് ഡയറക്ടർമാരും ഭാരവാഹികളും ഇതിനു നേതൃത്വം നൽകി.

| *തീയതി* | *യൂണിറ്റ്* | *ആശുപത്രി* |
|---|---|---|
| 24.01.2025 | പച്ച-ചെക്കിടിക്കാട് | സെന്റ് തോമസ്, ചെത്തിപ്പുഴ |
| 26.01.2025 | പഴവങ്ങാടി | സഹൃദയ, തത്തംപള്ളി |
| 26.01.2025 | കായൽപ്പുറം | |
| 02.02.2025 | കാവാലം സെന്റ് തെരേസാസ് | പുഷ്പഗിരി മെഡിക്കൽ കോളേജ്, തിരുവല്ല |
| 03.02.2025 | ചമ്പക്കുളം | |
| 09.02.2025 | പുളിങ്കുന്ന് | സെന്റ് തോമസ്, ചെത്തിപ്പുഴ |

**സ്വാശ്രയസംഘവാർഷികം:** കാവാലം സെന്റ് ജോസഫ്സ് ട്രസ്റ്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന 'ശാലോം' സ്വാശ്രയസംഘത്തിന്റെ വാർഷികം ജനുവരി 26നു നടത്തപ്പെട്ടു. യൂണിറ്റ് ഡയറക്ടർ ഫാ. ഐസക് ആലഞ്ചേരിയുടെ അധ്യക്ഷതയിലുള്ള സമ്മേളനം ചാസ്സ് അസ്സി. ഡയറക്ടർ ഫാ. ജോർജ് പനക്കേഴം ഉദ്ഘാടനം ചെയ്തു.

**ശില്പശാല:** ഇരവുചിറ സോഷ്യൽ സർവീസ് ട്രസ്റ്റിന്റെ കീഴിൽ യൂണിറ്റ് ഡയറക്ടർ ഫാ. ജയിംസ് അത്തിക്കളത്തിന്റെ നേതൃത്വത്തിൽ ജനുവരി 30നു 'വ്യക്തിത്വവികസനം-സ്വയംസംരംഭകത്വം' എന്ന ശില്പശാല നടത്തപ്പെട്ടു.

**മേഖലാ എക്സിക്യൂട്ടിവ് മീറ്റിങ്:** എടത്വാ മേഖലാ എക്സിക്യൂട്ടിവ് മീറ്റിങ് ജനുവരി 24നു പച്ച-ചെക്കിടിക്കാട് ലൂർദ് മാതാ പള്ളിയുടെ ഹാളിൽ നടത്തപ്പെട്ടു. മേഖലാ പ്രസിഡന്റ് മനീഷ് മാത്യുവിന്റെ അധ്യക്ഷതയിലുള്ള യോഗത്തിൽ മേഖലാ സെക്രട്ടറി പോളി തോമസ് അജണ്ട വിശദീകരിച്ചു. യൂണിറ്റ് ശക്തീകരണം, 2025-2026 പ്രവർത്തനവർഷത്തേക്കുള്ള ഫണ്ട് സ്വരൂപണം, വനിതാദിനാചരണം എന്നിവയെക്കുറിച്ചു ചർച്ച ചെയ്ത് അവയുടെ നടത്തിപ്പിനായി കമ്മിറ്റികൾ രൂപീകരിച്ചു.

ഫെബ്രുവരി എട്ടിനു ചമ്പക്കുളം മേഖലാ എക്സിക്യൂട്ടിവ് മീറ്റിങ് വടക്കേ അമിച്ചകരി യൂണിറ്റിൽ നടത്തപ്പെട്ടു. യൂണിറ്റ് ഡയറക്ടർ ഫാ. അലക്സ് പാറപ്പുറം അധ്യക്ഷതവഹിച്ച യോഗം ചാസ്സ് അസ്സി. ഡയറക്ടർ ഫാ. ജോസഫ് ചോരേട്ട്ചാമക്കാല ഉദ്ഘാടനം ചെയ്തു. മേഖലാ കോഡിനേറ്റർ ബിനു ജോസഫ് പരിപാടികൾക്കു നേതൃത്വം നൽകി.

**മാലിന്യസംസ്കരണ സെമിനാർ:** അടുക്കളമാലിന്യങ്ങൾ സംസ്കരിച്ചു ജൈവവളമാക്കി ജൈവകൃഷി പ്രോത്സാഹിപ്പിക്കുക, അതുവഴി ആരോഗ്യസുരക്ഷ ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളോടെ രാമങ്കരി യൂണിറ്റിൽ ഫെബ്രുവരി ഏഴിനു മാലിന്യസംസ്കരണ സെമിനാർ നടത്തപ്പെട്ടു. സയന്റിസ്റ്റ് ഡോ. അഭിഷേക് ക്ലാസ്സെടുത്തു. യൂണിറ്റ് ഡയറക്ടർ ഫാ. തോമസ് ആര്യൻകാല സെമിനാർ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് പ്രസിഡന്റ് ബൈജു സി. സേവ്യർ അധ്യക്ഷത വഹിച്ചു. 75 അംഗങ്ങൾ സെമിനാറിൽ പങ്കെടുത്തു.

**ഹരിതസമൃദ്ധിപദ്ധതി ഉദ്ഘാടനം:** ഈശോയുടെ മനുഷ്യാവതാരത്തിന്റെ 2025-ാം ജൂബിലി വർഷാചരണത്തിന്റെ ഭാഗമായി പാറേൽ സോഷ്യൽ സർവീസ് ട്രസ്റ്റിന്റെ ആഭിമുഖ്യത്തിലാരംഭിച്ച ഹരിതസമൃദ്ധിപദ്ധതി അതിരൂപതാ സിഞ്ചെള്ളൂസും ചാസ്സ് പ്രസിഡന്റുമായ വെരി റവ. ഫാ. മാത്യു ചങ്ങങ്കരി ഫെബ്രുവരി 10നു ഉദ്ഘാടനം ചെയ്തു. യൂണിറ്റ് ഡയറക്ടർ ഫാ. ജേക്കബ് വാരിക്കാട്ട് സമ്മേളനത്തിന് അധ്യക്ഷതവഹിച്ചു. പ്രസിഡന്റ് ബാബു വള്ളപ്പുര, സെക്രട്ടറി തങ്കച്ചൻ പുല്ലുകാട്ട്, എക്സിക്യൂട്ടിവംഗങ്ങളായ തോമസ് കെ. വി., ജോസുകുട്ടി കുട്ടംപേരൂർ, ടോമിച്ചൻ വാത്യാകരി, മനു മൂന്നങ്കരി, ബിന്ദു സ്രാമ്പിക്കൽ, ടെസ് പാണംപറമ്പിൽ എന്നിവർ പ്രസംഗിച്ചു. വിവിധയിനം ഫലവൃക്ഷത്തൈകൾ വിപണനം ചെയ്തു.

**ബോധവത്കരണ സെമിനാർ:** ഏറ്റുമാനൂർ യൂണിറ്റിൽ ക്യാൻസർ ദിനാചരണത്തോടനുബന്ധിച്ചു ഫെബ്രുവരി 11നു 'ജീവിതശൈലീരോഗം' 'ലിവ് ഫ്രീ' കോട്ടൺ സാനിട്ടറി പാഡിന്റെ ഉപയോഗം എന്നിവയെക്കുറിച്ചു മേഖലാ കോഡിനേറ്റർ സജി ഷാജി ബോധവത്കരണ സെമിനാർ നയിച്ചു. യൂണിറ്റ് സെക്രട്ടറി പി. വി. ജോസഫ് പുഞ്ചയിൽ, മഹിളാസമാജഭാരവാഹികൾ എന്നിവർ പരിപാടികൾക്കു നേതൃത്വം നൽകി.

**'നവജീവൻ' സ്വാശ്രയസംഘം 801-ാമതു യോഗം:** പുളിങ്കുന്ന് യൂണിറ്റിലെ 'നവജീവൻ' സ്വാശ്രയസംഘത്തിന്റെ 801-ാമതു യോഗം ഫെബ്രുവരി 16നു പ്രസിഡന്റ് ബാബു വടക്കേകളത്തിലിന്റെ അധ്യക്ഷതയിൽ ചാസ്സ് ഡയറക്ടർ ഫാ. ജോർജ് പനക്കേഴം ഉദ്ഘാടനം ചെയ്തു. ഫൊറോനാ ഡയറക്ടർ ഫാ. റ്റോം പുത്തൻകളം മുഖ്യപ്രഭാഷണം നടത്തി. ചാസ്സ് അസ്സി. ഡയറക്ടർ ഫാ. ജോസഫ് ചോരേട്ട്ചാമക്കാല, പഞ്ചായത്ത് പ്രസിഡന്റ് നീനു ജോസഫ്, പഞ്ചായത്ത് മെമ്പർ തോമസ് വാഴച്ചിറ എന്നിവർ പ്രസംഗിച്ചു.

**ഓഫീസ് ഉദ്ഘാടനം:** കണ്ടങ്കരി യൂണിറ്റിന്റെ സാമൂഹികസേവനപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി ഫെബ്രുവരി 16നു യൂണിറ്റിന്റെ ഓഫീസ് പ്രവർത്തനമാരംഭിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ജോൺ പതാലിൽ ഓഫീസ് വെഞ്ചരിച്ചു.

കൈതവന സോഷ്യൽ സർവീസ് ട്രസ്റ്റിന്റെ പേരിൽ പുതുതായാരംഭിച്ച ഓഫീസിന്റെ വെഞ്ചരിപ്പു ഫെബ്രുവരി 16നു യൂണിറ്റ് ഡയറക്ടർ ഫാ. അബ്രാഹം തയ്യിലിന്റെ അധ്യക്ഷതയിലുള്ള സമ്മേളനത്തിൽ ഫാ. തോമസ് കുളത്തുങ്കൽ നിർവഹിച്ചു.

## പരിശീലനപരിപാടികൾ

**തയ്യൽപരിശീലനസമാപനം:** രാമങ്കരി യൂണിറ്റിലെ തയ്യൽപരിശീലനം ജനുവരി 31നു സമാപിച്ചു. പരിശീലനാർഥികൾക്കു യൂണിറ്റ് ഡയറക്ടർ ഫാ. തോമസ് ആര്യൻകാലയുടെ അധ്യക്ഷതയിലുള്ള സമ്മേളനത്തിൽ മേഖലാ കോഡിനേറ്റർ ബിനു ജോസഫ് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

യൂണിറ്റ് പ്രസിഡന്റ് ബൈജു സി. സേവ്യർ, സെക്രട്ടറി റ്റോമിച്ചൻ ചേന്നാട്ടുശ്ശേരി എന്നിവർ ആശംസകളർപ്പിച്ചു.

**തയ്യൽപരിശീലനാരംഭം:** ചമ്പക്കുളം യൂണിറ്റിൽ ഫെബ്രുവരി 17നു മൂന്നു മാസത്തെ തയ്യൽപരിശീലനമാരംഭിച്ചു. ഫൊറോനാ ഡയറക്ടർ ഫാ. ജയിംസ് പാലയ്ക്കലിന്റെ അധ്യക്ഷതയിലുള്ള സമ്മേളനത്തിൽ ചാസ്സ് അസ്സി. ഡയറക്ടർ ഫാ. ജോസഫ് ചോരേട്ട്ചാമക്കാല പരിശീലനം ഉദ്ഘാടനം ചെയ്തു. തയ്യൽ പരിശീലക സാലിമ്മ വർഗീസിന്റെ നേതൃത്വത്തിൽ 20 വനിതകൾ പരിശീലനത്തിൽ പങ്കെടുക്കുന്നുണ്ട്.

## എസ്.എൽ.സി.എ.-കേരള

### എൻ.എം.ബി.എ. മാസ്റ്റർ ട്രെയിനിങ് പ്രോഗ്രാം

സ്റ്റേറ്റ് ലെവൽ കോഡിനേറ്റിങ് ഏജൻസിയായ ചാസ്സിന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ ജില്ലകളിൽ *നഷാ മുക്ത് ഭാരത് അഭിയാൻ*ന്റെ (എൻ.എം.ബി.എ.) വോളണ്ടിയർമാർക്കായി നടത്തപ്പെട്ട ബോധവത്കരണ ക്ലാസ്സുകൾ പൂർത്തീകരിച്ചു. ചാസ്സ് അസ്സി. ഡയറക്ടറും എസ്.എൽ.സി.എ. കോഡിനേറ്ററുമായ ഫാ. ജോസഫ് ചോരേട്ട്ചാമക്കാല, എസ്.എൽ.സി.എ. റ്റീമംഗങ്ങളായ റ്റി. എം. മാത്യു തച്ചിലേട്ട്, അമൽ മത്തായി എന്നിവർ ക്ലാസ്സുകൾക്കു നേതൃത്വം നൽകി.

| ***തീയതി*** | ***സ്ഥലം*** |
|---|---|
| 27.01.2025 | തൂലിക കോൺഫെറൻസ് ഹാൾ, കളക്ട്രേറ്റ് കോട്ടയം |
| 29.01.2025 | കായിലോൺ സോഷ്യൽ സർവീസ് സൊസൈറ്റി, കൊല്ലം |

## നിത്യതയിലേക്ക്



**സി. മരിയ ഗൊരേത്തി അഴകൻപറമ്പിൽ SH**

"ഞാൻ നന്നായി പൊരുതി; എന്റെ ഓട്ടം പൂർത്തിയാക്കി; വിശ്വാസം കാത്തു." *(2 തിമോ. 4:7)*

# ചാസ്സ്-ഖാദി ഗ്രാമവ്യവസായമേഖല

### വെയ്സ്റ്റ് വുഡ് ക്രാഫ്റ്റ് പരിശീലനം

കേന്ദ്രസർക്കാരിന്റെ ഖാദി ഗ്രാമവ്യവസായ കമ്മിഷന്റെ അംഗീകാരത്തോടെ ചാസ്സ്-ഖാദി ഗ്രാമോദ്യോഗ് വിദ്യാലയയുടെ കീഴിൽ മാമ്മൂട് ചാസ്സ് ഫർണിച്ചർ യൂണിറ്റിൽ 20 പേർക്കായി ജനുവരി 20ന് ആരംഭിച്ച വെയ്സ്റ്റ് വുഡ് ക്രാഫ്റ്റ് പരിശീലനത്തിന്റെ രണ്ടാമത്തെ ബാച്ച് ഫെബ്രുവരി 11നു സമാപിച്ചു. മല്ലപ്പള്ളി ഖാദി ഗ്രാമോദ്യോഗ് വിദ്യാലയ പ്രിൻസിപ്പൽ ഫാ. ജോർജ് പനക്കേഴത്തിന്റെ അധ്യക്ഷതയിലുള്ള സമ്മേളനത്തിൽ ഖാദി ഗ്രാമവ്യവസായ കമ്മിഷൻ എക്സിക്യൂട്ടിവ് ആർ. റ്റി. ജയകുമാർ പരിശീലനം ഉദ്ഘാടനം ചെയ്തു.

ചങ്ങനാശ്ശേരി ഇൻഡ്യൻ ബാങ്ക് മാനേജർ നിഥിൻ പി., ചാസ്സ്-ഖാദി ജനറൽ മാനേജർ ജോൺ സക്കറിയാസ്, ചാസ്സ് ഫർണിച്ചർ മാമ്മൂട് യൂണിറ്റ് മാനേജർ ആന്റണി ജേക്കബ് എന്നിവർ പ്രസംഗിച്ചു. പരിശീലനം പൂർത്തിയാക്കിയവർക്കു ഖാദി ഗ്രാമവ്യവസായ കമ്മിഷൻ 8800 രൂപയുടെ റ്റൂൾ കിറ്റ് സൗജന്യമായി നൽകി.

### ബീ-കീപ്പിങ് സർട്ടിഫിക്കറ്റ് കോഴ്സ്

മുണ്ടക്കയം കൃഷിഭവനിൽ ജനുവരി 24ന് ആരംഭിച്ച ഒരുമാസത്തെ ബീ-കീപ്പിങ് സർട്ടിഫിക്കറ്റ് കോഴ്സ് ഫെബ്രുവരി 23നു സമാപിച്ചു. 15 പേർ പങ്കെടുത്തു.

പരുമല ദേവസ്വം ബോർഡ് കോളേജിൽ ജനുവരി 29ന് ആരംഭിച്ച ഒരു മാസത്തെ ബീ-കീപ്പിങ് സർട്ടിഫിക്കറ്റ് കോഴ്സ് ഫെബ്രുവരി 28നു സമാപിച്ചു. 32 വിദ്യാർഥികൾ പങ്കെടുത്തു.

### പഴവർഗസംസ്കരണപരിശീലനം

പാലാ അൽഫോൻസാ കോളേജിൽ ജനുവരി 24ന് ആരംഭിച്ച ഒരുമാസത്തെ പഴവർഗസംസ്കരണപരിശീലനം ഫെബ്രുവരി 23നു സമാപിച്ചു. 20 വിദ്യാർഥികൾ പങ്കെടുത്തു.

### വ്യവസായസംരംഭകത്വ സെമിനാർ

പരുമല ദേവസ്വം ബോർഡ് കോളേജിൽ ജനുവരി 28നു നടത്തപ്പെട്ട ഏകദിന സ്വയംതൊഴിൽവ്യവസായസംരംഭകത്വ സെമിനാറിൽ 32 പേർ പങ്കെടുത്തു.

### ഫ്രെയിം ലൂം വിവീങ് കോഴ്സ്

ഫെബ്രുവരി ഒന്നിനു മല്ലപ്പള്ളി ഖാദി ഗ്രാമോദ്യോഗ് വിദ്യാലയയിൽ ആറു മാസത്തെ ഫ്രെയിം ലൂം വിവീങ് കോഴ്സ് ആരംഭിച്ചു. 10 പേർ പങ്കെടുക്കുന്നുണ്ട്.

**ബേക്കറി പരിശീലനം**

ഫെബ്രുവരി മൂന്നിനു കാഞ്ഞിരപ്പള്ളി കുന്നുംഭാഗം സെന്റ് ജോസഫ്സ് പബ്ലിക് സ്കൂളിലാരംഭിച്ച ഒരുമാസത്തെ ബേക്കറി പരിശീലനത്തിൽ 33 വിദ്യാർഥികൾ പങ്കെടുക്കുന്നുണ്ട്.

**ടോയ്‌ലറ്റ് സോപ്പ് നിർമാണപരിശീലനം**

ഫെബ്രുവരി മൂന്നിനു കോട്ടയം ബസേലിയസ് കോളേജിലാരംഭിച്ച ഒരു മാസത്തെ ടോയ്‌ലറ്റ് സോപ്പ് നിർമാണപരിശീലനത്തിൽ 20 വിദ്യാർഥികൾ പങ്കെടുക്കുന്നുണ്ട്.

**പേപ്പർ ക്യാരിബാഗ് നിർമാണപരിശീലനം**

ഫെബ്രുവരി മൂന്നിനു കോട്ടയം ബസേലിയസ് കോളേജിലാരംഭിച്ച ഒരു മാസത്തെ പേപ്പർ ക്യാരിബാഗ് നിർമാണപരിശീലനത്തിൽ 40 വിദ്യാർഥികൾ പങ്കെടുക്കുന്നുണ്ട്.

**2025 ഫെബ്രുവരിയിലാരംഭിച്ച സ്റ്റൈപ്പെന്ററി/ ഫീ ബേസിസ് കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു (9961274993, 9447160207, 7907144684)**

| കോഴ്സുകൾ | തുടങ്ങുന്ന തീയതി | കാലാവധി | ഫീസ് | പ്രതിമാസ സ്റ്റൈപ്പെന്റ് | സ്ഥലം | പങ്കെടുക്കുന്നവർ |
|---|---|---|---|---|---|---|
| തയ്യൽപരിശീലനം | 19.02.2025 | ഒരു മാസം | 1000 | - | സെന്റ് തോമസ് കോളേജ്, കോഴഞ്ചേരി | 15 |
| ബ്യൂട്ടീഷൻ കോഴ്സ് | | | 2000 | - | | 15 |
| വെയ്സ്റ്റ് വുഡ് ക്രാഫ്റ്റ് സൗജന്യ പരിശീലനം | 27.02.2025 | 20 ദിവസം | - | - | ചാസ്സ് ഫർണിച്ചർ, മാമ്മൂട് | 20 |


**ഫാ. സെബാസ്റ്റ്യൻ കണ്ണാടിപ്പാറ**
*(ഡയറക്ടർ, ചാസ്സ്-ഖാദി;*
*പ്രിൻസിപ്പൽ, കെ.ജി.വി. മല്ലപ്പള്ളി)*
*7994111005*

**ഫാ. ജോർജ് പനക്കേഴം**
*(എക്സിക്യൂട്ടീവ് ഡയറക്ടർ)*
*9496807124*

**ഫാ. വർഗീസ് നമ്പിമഠം**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*
*9633521483*

# ക്രിസ്സ്
## (KUTTANAD RESEARCH AND REVIVAL INITIATIVE SOCIETY)

### ക്രിസ്സ്-ഇൻഫാമിൽനിന്നും സ്നേഹാശംസകൾ

പ്രിയപ്പെട്ടവരേ,

ഈശോയുടെ മനുഷ്യാവതാരത്തിന്റെ 2025-ാം ജൂബിലി വർഷത്തിലെ വലിയനോമ്പുകാലത്തേക്കു നാം പ്രവേശിക്കുകയാണ്. ഈശോയെ അനുഗമിക്കാൻ ആഗ്രഹിച്ച ഏവർക്കും അവിടുന്നു പ്രത്യാശയുടെ സന്ദേശം പകർന്നുകൊടുത്തതുപോലെ അവശർ, ആലംബഹീനർ, അനീതിയനുഭവിക്കുന്നവർ, അരികുവത്കരിക്കപ്പെട്ടവർ എന്നിവരെ ചേർത്തുപിടിച്ച് ആശ്വാസം നൽകേണ്ടവളാണ് ഈശോയുടെ തുടർച്ചയായ തിരുസഭ. കുട്ടനാടിന്റെ സാമൂഹികസേവന-ജീവകാരുണ്യപ്രവർത്തനങ്ങളുടെ മുഖമായി ഇൻഫാം മാറേണ്ടതു കാലഘട്ടത്തിന്റെ ആവശ്യമായി നമുക്ക് ഒന്നുചേർന്ന് ഏറ്റെടുക്കാം. ഈ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ കൂടുതൽ ക്രിയാത്മകവും ഫലപ്രദവുമാകാൻ ഏവരുടെയും പ്രാർഥനയും പിന്തുണയും പ്രതീക്ഷിച്ചുകൊണ്ട്,

ഈശോയിൽ സ്നേഹപൂർവം,

**ഫാ. ജോസഫ് പള്ളിച്ചിറയിൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. തോമസ് താന്നിയത്ത്**
*(ഡയറക്ടർ)*

**ജി.എ.പി. സർട്ടിഫിക്കറ്റ്-അംഗത്വകാർഡ് വിതരണങ്ങൾ**

നെൽകൃഷിയിലെ നിലമൊരുക്കൽ മുതൽ കൊയ്ത്തുവരെയുള്ള പ്രവർത്തനങ്ങളുടെ ശാസ്ത്രീയ-പ്രായോഗികപരിശീലനമായ ഗുഡ് അഗ്രിക്കൾച്ചറൽ പ്രാക്റ്റീസിൽ പങ്കെടുത്ത 60 കർഷകർക്കു ഫെബ്രുവരി 10നു മങ്കൊമ്പ് കാർഷിക ഗവേഷണകേന്ദ്രത്തിന്റെ ഡയറക്ടർ ഡോ. എം. സുരേന്ദ്രൻ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. അതിരൂപതയുടെ സിഞ്ചെള്ളൂസ് വെരി റവ. ഫാ. മാത്യു ചങ്ങങ്കരി അധ്യക്ഷതവഹിച്ച സമ്മേളനം ഇൻഫാമിന്റെ സംസ്ഥാന ഡയറക്ടർ ഫാ. ജോർജ് പൊട്ടയ്ക്കൽ ഉദ്ഘാടനം ചെയ്തു. ക്രിസ്സ് ഡയറക്ടർ ഫാ. തോമസ് താന്നിയത്ത്, റ്റോം ജോസഫ്, വർഗീസ് എം. കെ തുടങ്ങിയവർ പ്രസംഗിച്ചു. ക്രിസ്സ് അസ്സി. ഡയറക്ടർ ഫാ. ജോസഫ് പള്ളിച്ചിറയിൽ, ഡോ. സേവിച്ചൻ പി. ജെ., ജോസി ഡൊമിനിക് തുടങ്ങിയവർ പരിപാടികൾക്കു നേതൃത്വം നൽകി. വെരി റവ. ഫാ. മാത്യു ചങ്ങങ്കരി ഇൻഫാമിന്റെ രണ്ടാംഘട്ട അംഗത്വവിതരണം നിർവഹിച്ചു.

**ഇൻഫാം സംസ്ഥാന അസ്സംബ്ലി**

ഫെബ്രുവരി 12നു പാറത്തോട് മലനാട് ഡിവലെപ്പുമെന്റ് സൊസൈറ്റിയിൽ നടത്തപ്പെട്ട ഇൻഫാം സംസ്ഥാന അസ്സംബ്ലിയിൽ ചങ്ങനാശ്ശേരി കാർഷിക

*ശേഷം പേജ് 58ൽ* ➤➤➤

# ജീവകാരുണ്യനിധി ട്രസ്റ്റ്

## കളർ എ ഹോം ഭവനനിർമാണപദ്ധതി

കളർ എ ഹോം ഭവനനിർമാണപദ്ധതിയിൽ **2024 ഡിസംബറിൽ** ഇടവകകൾ സമാഹരിച്ച തുകയും **2025 ജനുവരി 23 മുതൽ ഫെബ്രുവരി 18 വരെ** അതിരൂപതാ കേന്ദ്രത്തിൽ ലഭിച്ച തുകയും (40%)

| | ഇടവക | ആകെ സമാഹരിച്ച തുക | അതിരൂപതയിൽ ലഭിച്ച തുക |
|---|---|---|---|
| 25. | പുഴവാത് | 57570 | 23028 |
| 26. | പെരുന്ന ഈസ്റ്റ് | 43550 | 17420 |
| 27. | പായിപ്പാട് | 211661 | 84664 |
| 28. | തോട്ടുവാത്തല | 30775 | 12310 |
| 29. | ചേന്നങ്കരി | 91750 | 36700 |
| 30. | ചമ്പക്കുളം | 519920 | 208148 |
| 31. | കുറുമ്പനാടം | 633771 | 253508 |
| 32. | നിർമലപുരം | 11100 | 4500 |
| 33. | ചമ്പക്കര | 191440 | 76576 |
| 34. | ആറാട്ടുവഴി | 82630 | 33050 |
| 35. | നെടുങ്കുന്നം | 384716 | 153886 |
| 36. | പുതുശ്ശേരി | 13950 | 13950 |
| 37. | കാവാലം സെന്റ് ജോസഫ്സ് | 21300 | 21300 |
| 38. | കുട്ടമംഗലം | 24450 | 9780 |
| 39. | വെട്ടിത്തുരുത്ത് | 19000 | 19000 |
| 40. | അയിരൂർ | 20060 | 20060 |
| 41. | മണലാടി | 47100 | 18840 |
| 42. | തായങ്കരി | 93750 | 37200 |
| 43. | പുല്ലങ്ങടി | 47471 | 18990 |
| 44. | കൊടുപ്പുന്ന | 45100 | 18040 |
| 45. | തടിയൂർ | 18500 | 7400 |
| 46. | എഴുമറ്റൂർ | 11370 | 4550 |
| 47. | കോയിൽമുക്ക് | 44410 | 44410 |
| 48. | കൊടിനാട്ടുംകുന്ന് | 168971 | 67590 |
| 49. | ചെത്തിപ്പുഴ | 755110 | 302344 |
| 50. | വെള്ളായണി | 33863 | 13465 |

| | | | |
|---|---|---|---|
| 51. | കുറുമ്പനാടം അസംപ്ഷൻ | 132240 | 53226 |
| 52. | ആയൂർ | 38900 | 15560 |
| 53. | ചെറിയവെളിനെല്ലൂർ | 27360 | 10944 |
| 54. | മണ്ണാർകുന്ന് | 131820 | 52730 |
| 55. | കുന്നങ്കരി-പുലിമുഖം | 21000 | 8400 |
| 56. | പങ്ങട | 65500 | 26200 |
| 57. | ചേപ്പുംപാറ | 133270 | 53310 |
| 58. | തകഴി-തെന്നടി | 40840 | 16336 |
| 59. | തൃക്കൊടിത്താനം | 512249 | 204900 |
| 60. | തിരുവനന്തപുരം | 815941 | 326376 |
| 61. | ഡാലുമുഖം | 11200 | 4500 |
| 62. | കിടങ്ങറ | 81220 | 32488 |
| 63. | അയർക്കുന്നം | 286095 | 114438 |
| 64. | വടവാതൂർ | 146750 | 58700 |
| 65. | മിത്രക്കരി | 75950 | 30380 |
| 66. | പുത്തനങ്ങാടി | 270900 | 108360 |
| 67. | അതിരമ്പുഴ ലിസ്യൂ | 69910 | 27964 |
| 68. | കുറിച്ചി | 201450 | 201450 |
| 69. | പൊടിപ്പാറ | 225600 | 90240 |
| 70. | മീൻകുളം | 50000 | 20000 |
| 71. | മനയ്ക്കച്ചിറ | 70400 | 70400 |

*(തുടരും...)*

---

**>>> *ക്രിസ്സ് തുടർച്ച...***

ജില്ലയിലെ പ്രതിനിധികൾ പങ്കെടുത്തു. ഇൻഫാം രക്ഷാധികാരി അഭി. മാർ റെമിജിയോസ് ഇഞ്ചനാനിയിൽ, അഭി. മാർ ജോസ് പുളിയ്ക്കൽ, അഭി. മാർ മാത്യു അറയ്ക്കൽ, ഇൻഫാം ദേശീയ ചെയർമാൻ ഫാ. തോമസ് മറ്റമുണ്ടയിൽ തുടങ്ങിയവർ അസംബ്ലിക്കു നേതൃത്വം നൽകി. ക്രിസ്സ് ഡയറക്ടർ ഫാ. തോമസ് താന്നിയത്ത്, ക്രിസ്സ് അസ്സി. ഡയറക്ടർ ഫാ. ജോസഫ് പള്ളിച്ചിറയിൽ, ഡോ. സേവിച്ചൻ പി. ജെ., റ്റോം ജോസഫ്, ജോസി ഡൊമിനിക്, റോയി ജോസഫ്, ജിജി മൈക്കിൾ എന്നിവരുടെ നേതൃത്വത്തിൽ 11 പേർ ഇതിൽ പങ്കെടുത്തു.

STH SAH

# ആതുരശുശ്രൂഷാമേഖല

## സെന്റ് തോമസ് ഹോസ്പിറ്റൽ ചെത്തിപ്പുഴ

### ചങ്ങനാശ്ശേരിയിലെ ആദ്യസമ്പൂർണ ഡിജിറ്റൽ മാമ്മോഗ്രാം

ചങ്ങനാശ്ശേരിയിലെ ആദ്യസമ്പൂർണ ഡിജിറ്റൽ മാമ്മോഗ്രാം സംവിധാനം ആശുപത്രിയിൽ ആരംഭിച്ചു. ഫെബ്രുവരി നാലിനു ലോക ക്യാൻസർ ദിനത്തിൽ അപ്പസ്തോലികസ്ഥാനപതി അഭി. മാർ ജോർജ് കോച്ചേരിയുടെ സാന്നിധ്യത്തിൽ അതിരൂപതയുടെ മെത്രാപ്പോലീത്താ അഭി. മാർ തോമസ് തറയിൽ ആശീർവാദം നിർവഹിച്ചു മാമ്മോഗ്രാമിന്റെ പ്രവർത്തനം ഉദ്ഘാടനം ചെയ്തു. സാമൂഹികപ്രവർത്തക നിഷ ജോസ് കെ. മാണി ചടങ്ങിൽ മുഖ്യാതിഥി യായിരുന്നു.

ഉദ്ഘാടനത്തിന്റെ ഭാഗമായി ഒരുമാസക്കാലയളവിലേക്കു മാമ്മോഗ്രഫി പരിശോധന 1500 രൂപയ്ക്കു ലഭ്യമാണ്. ആധുനികസാങ്കേതികവിദ്യയുടെ പിന്തുണയോടെ ഉയർന്നനിലവാരത്തിലുള്ള ദൃശ്യമികവും രോഗനിർണയവും സാധ്യമാക്കുന്ന മാമ്മോഗ്രാമാണ് ആശുപത്രിയിലുള്ളത്. ഫുൾ-ഫീൽഡ് ഡിജിറ്റൽ മാമ്മോഗ്രഫി സിസ്റ്റമായി പ്രവർത്തിക്കുന്ന ഈ സംവിധാനം മികച്ച സ്കാനിങ് ഗുണമേന്മ ഉറപ്പാക്കുന്നു. സീറോ പോയിന്റ് എക്സ്പോഷർ സാങ്കേതികത അടിസ്ഥാനമാക്കിയുള്ള ഓട്ടോമേറ്റഡ് എക്സ്പോഷർ കൺട്രോൾ, പൂർണമായും മോട്ടോറൈസ്ഡ് ഐസോസെൻട്രിക് മാമ്മോഗ്രഫി സിസ്റ്റം, ഓട്ടോമാറ്റിക് ഫിൽട്ടർ സെലക്ഷൻ എ.പി.ആർ. തുടങ്ങിയ സവിശേഷതകളും ഇതിലുണ്ട്. കൂടുതൽ വിവരങ്ങൾക്ക് **0481 2722100** എന്ന നമ്പറിൽ വിളിക്കുക.

### അഡ്വാൻസ്ഡ് പാലിയേറ്റിവ് ട്രെയിനിങ് പ്രോഗ്രാം

പെയിൻ ആൻഡ് പാലിയേറ്റിവ് മെഡിസിൻ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി എട്ടിനു സൗജന്യ അഡ്വാൻസ്ഡ് പാലിയേറ്റിവ് കെയർ ട്രെയിനിങ് പ്രോഗ്രാം നടത്തപ്പെട്ടു. കോട്ടയം ഗവൺമെന്റ് മെഡിക്കൽ കോളേജിലെ റിട്ടയേഡ് പ്രൊഫ. ഡോ. സാറാമ്മ വർഗീസ് പരിശീലനത്തിനു നേതൃത്വം നൽകി. ജില്ല യിലെ പാലിയേറ്റിവ് കെയർ വോളന്റിയർമാർ ഇതിൽ പങ്കെടുത്തു.

ഗുരുതരരോഗാവസ്ഥയിലൂടെ കടന്നുപോകുന്ന രോഗികൾക്കും അവരുടെ കുടുംബങ്ങൾക്കും ശാരീരിക-മാനസിക-സാമൂഹികപിന്തുണകൾ നൽകുന്നതിൽ പാലിയേറ്റിവ് കെയർ പ്രവർത്തകർ വലിയപങ്കു വഹിക്കുന്നുണ്ട്. ഈ പരിശീലനം പാലിയേറ്റിവ് കെയർ മേഖലയിലെ ആരോഗ്യപ്രവർത്തകരുടെ കഴിവുകളെ പരിപോഷിപ്പിക്കുന്നതിന് ഉതകുന്നവിധത്തിലാണു രൂപകല്പന ചെയ്തത്.

അസ്സോ. ഡയറക്ടർമാരായ ഫാ. മാർട്ടിൻ മുപ്പതിൽചിറ, ഫാ. ജോസ് പുത്തൻ ചിറ, പാലിയേറ്റിവ് വിഭാഗത്തിന്റെ മേധാവി ഡോ. സി.ഇ.എം റോയ് എന്നിവർ പരിപാടികൾക്കു നേതൃത്വം നൽകി. ഏറ്റവും മികച്ച പരിചരണം ഉറപ്പാക്കാൻ

പൂർണസജ്ജമായ പാലിയേറ്റിവ് കെയർ സംവിധാനം ആശുപത്രിയിലുണ്ടെന്ന് എക്സി. ഡയറക്ടർ ഫാ. ജയിംസ് പി. കുന്നത്ത് അറിയിച്ചു.

**റിപ്പബ്ലിക് ദിനാഘോഷം**

ജനുവരി 26ന് ഇൻഡ്യയുടെ 76-ാമതു റിപ്പബ്ലിക് ദിനം വർണാഭമായി ആഘോഷിച്ചു. എക്സി. ഡയറക്ടർ ഫാ. ജയിംസ് പി. കുന്നത്ത് ദേശീയപതാക ഉയർത്തി ആഘോഷപരിപാടികൾക്കു തുടക്കം കുറിച്ചു.

**ജന്മദിനാഘോഷം**

ഫെബ്രുവരി നാലിന് അപ്പസ്തോലികസ്ഥാനപതി ആർച്ചുബിഷപ് ജോർജ് കോച്ചേരിയുടെ 80-ാം ജന്മദിനം സെന്റ് തോമസ് ഇൻസ്റ്റിറ്റ്യൂഷൻസ് ഓഫ് ഹെൽത്ത്കെയർ ആൻഡ് മെഡിക്കൽ എജ്യുക്കേഷനിൽ ആഘോഷിച്ചു.

**സൗജന്യ മെഡിക്കൽ ക്യാംപ്**

തോട്ടയ്ക്കാട് സെന്റ് ജോർജ് പള്ളിയിലെ കെ.എൽ.എം ജോർജിയൻ യൂണിറ്റിന്റെ നേതൃത്വത്തിൽ തോട്ടയ്ക്കാട് ഇരവുചിറ സെന്റ് തോമസ് ഹെൽത്ത് സെന്ററിന്റെ സഹകരണത്തോടെ ജനുവരി 19നു സൗജന്യ മെഡിക്കൽ ക്യാംപ് നടത്തപ്പെട്ടു. ഡോ. മെർവിൻ കെ. മാർക്ക് (ജനറൽ സർജറി), ഡോ. മിമിത എ. എം. (ജനറൽ മെഡിസിൻ), ഡോ. അരവിന്ദ് കൃഷ്ണൻ (ഗൈനക്കോളജി), ഡോ. ആൽഫ കുര്യൻ (ഇ.എൻ.റ്റി.), ഡോ. പ്രകാശ് സി. നൈനാൻ (പീഡിയാട്രിക്സ്) എന്നിവരുടെ സേവനം ക്യാംപിൽ ലഭ്യമായിരുന്നു.

**ചുമതലയേറ്റു**

കൺസൾട്ടന്റ് ഇന്റെർവെൻഷണൽ കാർഡിയോളജിസ്റ്റായി ഡോ. അരുൺ ജേക്കബ് ചുമതലയേറ്റു.

**ഫാ. മാർട്ടിൻ മുപ്പതിൽചിറ**
**ഫാ. ജേക്കബ് അത്തിക്കളം**
**ഫാ. ജോസ് പുത്തൻചിറ**
*(അസ്സോസിയേറ്റ് ഡയറക്ടേഴ്സ്)*

**ഫാ. ജയിംസ് പി. കുന്നത്ത്**
*(എക്സിക്യൂട്ടിവ് ഡയറക്ടർ)*

## സഹൃദയ ഹോസ്പിറ്റൽ ആലപ്പുഴ

**റിപ്പബ്ലിക് ഡേ ആചരണം**

ജനുവരി 26ന് ഇൻഡ്യയുടെ 76-ാം റിപ്പബ്ലിക് ഡേ ആചരണം നടത്തപ്പെട്ടു. അസ്സി. എക്സി. ഡയറക്ടർ ഫാ. ആന്റണി പെരുമ്പള്ളിത്തറ, ഇൻ-ചാർജുമാർ, മറ്റു സ്റ്റാഫ് എന്നിവരുടെ സാന്നിധ്യത്തിൽ എക്സി. ഡയറക്ടർ ഫാ. തോമസ് മാളിയേക്കൽ ദേശീയപതാക ഉയർത്തി. റിപ്പബ്ലിക് ദിനത്തിൽ നമ്മുടെ ഭരണഘടനയെയും അതു പ്രതിനിധീകരിക്കുന്നവയെയും സംരക്ഷിക്കുമെന്ന പ്രതിജ്ഞയെടുക്കാമെന്ന ആഹ്വാനം ഫാ. തോമസ് മാളിയേക്കൽ നൽകി.

**സൗജന്യ മെഗാ മെഡിക്കൽ ക്യാംപ്**

ആശുപത്രിയുടെയും പഴവങ്ങാടി ചാസ്സ് യൂണിറ്റിന്റെയും സംയുക്താഭിമുഖ്യത്തിൽ ജനുവരി 26നു പഴവങ്ങാടി സെന്റ് ആന്റണീസ് എൽ.പി. സ്കൂളിൽ പൊതുജനങ്ങൾക്കായി സൗജന്യ മെഡിക്കൽ ക്യാംപ് നടത്തപ്പെട്ടു. ആലപ്പുഴ–പഴവങ്ങാടി മാർ സ്ലീവാ ഫൊറോന തീർഥാടനപ്പള്ളിയുടെ വികാരി ഫാ. സിറിയക് കോട്ടയിൽ ക്യാംപ് ഉദ്ഘാടനം ചെയ്തു. ജോസഫ് ബംഗ്ലാവുപറമ്പ് സ്വാഗതപ്രസംഗവും ചാസ്സ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ആമുഖപ്രസംഗവും നടത്തി. എക്സി. ഡയറക്ടർ ഫാ. തോമസ് മാളിയേക്കൽ ആശംസയർപ്പിച്ചു.

കൺസൾട്ടന്റ് പൾമണോളജി & ക്രിട്ടിക്കൽ കെയർ വിഭാഗത്തിന്റെ മേധാവി ഡോ. അരവിന്ദ് കുമാർ മിശ്ര, ഡോ. ശിവസുബ്രഹ്മണ്യൻ പി. (ഓർത്തോപീഡിക്സ്), ഡോ. അഞ്ജന അശോക് (ഇ.എൻ.ടി.), ഡോ. അനിൽ ദത്ത് (ഒഫ്താൽമോളജി) എന്നിവർ ക്യാംപിനു നേതൃത്വം നൽകി. ക്ലിനിക്കൽ ആൻഡ് നോൺ ക്ലിനിക്കൽ സ്റ്റാഫും ക്യാംപിൽ പങ്കെടുത്തു. പ്രമേഹം–രക്തസമ്മർദം–യൂറിക് ആസിഡ്–തൈറോയിഡ് പരിശോധനകൾ, കണ്ണുകളുടെ ടെസ്റ്റുകൾ, മരുന്നു വിതരണം എന്നിവ സൗജന്യമായിരുന്നു.

**ആശീർവാദകർമം**

ഡിപ്പാർട്ടുമെന്റ് ഓഫ് സർജിക്കൽ & മെഡിക്കൽ ഗ്യാസ്ട്രോയെന്റെറോളജിയിലെ എൻഡോസ്കോപ്പി മെഷീന്റെ ആശീർവാദകർമം ഫെബ്രുവരി എട്ടിന് എക്സി. ഡയറക്ടർ ഫാ. തോമസ് മാളിയേക്കൽ നിർവഹിച്ചു. ഗ്യാസ്ട്രോ മെഡിസിൻ വിഭാഗത്തിലെ ഡോ. ഗോപു ആർ. ബാബു, ഡോ. അനിൽ പി. ജോൺ, ഗ്യാസ്ട്രോ സർജൻ ഡോ. ഡാനി ജോയ്, ഇൻ–ചാർജുമാർ, മറ്റു സ്റ്റാഫ് എന്നിവർ ഇതിൽ പങ്കെടുത്തു.

ഈ മെഷീനിലെ നൂതനസാങ്കേതികവിദ്യകളായ മൾട്ടി ലൈറ്റ് ടെക്നോളജി, ആർട്ടിഫിഷൽ ഇന്റലിജൻസ്, ബ്ലൂ ലൈറ്റ് ഇമേജിങ്, ലിങ്ക്ഡ് കളർ ഇമേജിങ്, ടെക്നോളജി എച്ച്.ഡി. എ.ഐ. കംപാറ്റബിൾ മൾട്ടി എൽ.ഇ.ഡി. വീഡിയോ എൻഡോസ്കോപ്പി ടെക്നോളജി എന്നിവ രോഗികളുടെ അന്നനാള–ആമാശയ പരിശോധനകൾക്കു സഹായകരമാണ്.

**വേൾഡ് ക്യാൻസർ ഡേ ആചരണം**

വേൾഡ് ക്യാൻസർ ദിനത്തോടനുബന്ധിച്ച് ഓങ്കോളജി വിഭാഗത്തിലെ ഡോ. സൂരിജ് സാലിഹിന്റെ നേതൃത്വത്തിൽ ഫെബ്രുവരി നാലിന് ആശുപത്രിയിലെത്തിച്ചേർന്നവർക്കായി ബോധവത്കരണ സെമിനാർ നടത്തപ്പെട്ടു. ക്ലിനിക്കൽ & നോൺ ക്ലിനിക്കൽ സ്റ്റാഫ് സെമിനാറിൽ പങ്കെടുത്തു. ഡിപ്പാർട്ടുമെന്റുകളിലെ സ്റ്റാഫിന്റെ സഹകരണത്തോടെ പോസ്റ്റർ പ്രസന്റേഷനുമുണ്ടായിരുന്നു.

**നാഷണൽ റ്റൂത്തെയ്ക്ക് ഡേ ആചരണം**

സമ്പൂർണദന്താരോഗ്യത്തിന്റെ ഭാഗമായി *ദന്തപ്രശ്നങ്ങൾ എങ്ങനെ തടയാം* എന്ന വിഷയത്തെ ആസ്പദമാക്കി ഫെബ്രുവരി ഒമ്പതിനു ഡിപ്പാർട്ടുമെന്റുകളിലെ സ്റ്റാഫിനായി ബോധവത്കരണ സെമിനാർ നടത്തപ്പെട്ടു. ദന്തശുചിത്വശീലങ്ങൾ പ്രോത്സാഹിപ്പിക്കുക, പല്ലുകൾ പരിപാലിക്കുക, ദന്തപ്രശ്നങ്ങൾ എങ്ങനെ തടയാം എന്നിവ ബോധവത്കരിക്കുന്നതിനാണ് ഈ ദിനം ആഘോഷിക്കുന്നതെന്നു തന്റെ സന്ദേശത്തിൽ ഡെന്റൽ വിഭാഗത്തിലെ ഡോ. മിലി സാന്റി വിശദീകരിച്ചു. ദിനചര്യയുടെ ഭാഗമായി 'ദന്തസംരക്ഷണം ഇനി കൂടുതൽ കരുത്തോടെ' എന്ന വീഡിയോയും പ്രദർശിപ്പിച്ചു.

**ലോകരോഗീദിനാചരണം**

ലോകരോഗീദിനാചരണത്തിന്റെ ഭാഗമായി ഫെബ്രുവരി 11നു രോഗികൾക്കായി എക്സി. ഡയറക്ടർ ഫാ. തോമസ് മാളിയേക്കലിന്റെ കാർമികത്വത്തിൽ പ്രത്യേകമായ പ്രാർഥന നടത്തപ്പെട്ടു. 'നല്ല ആരോഗ്യത്തിനായി നല്ലശീലങ്ങൾ' വിശദമാക്കുന്ന ആരോഗ്യ ബ്രോഷർ രോഗികൾക്കു വിതരണം ചെയ്തു. അസ്സി. എക്സി. ഡയറക്ടർ ഫാ. ആന്റണി പെരുമ്പള്ളിത്തറ, ഇൻ-ചാർജുമാർ, മറ്റു സ്റ്റാഫ് എന്നിവർ പരിപാടികൾക്കു നേതൃത്വം നൽകി. രോഗീസന്ദർശനം, ഈശോയുടെ മനുഷ്യാവതാരത്തിന്റെ 2025-ാം ജൂബിലിയുടെ ഭാഗമായി ഫലവൃക്ഷത്തൈവിതരണം, ആശുപത്രിയിലെ മുതിർന്ന രോഗികളെ പൊന്നാട അണിയിച്ചാദരിക്കൽ എന്നിവ ആചരണത്തിന്റെ ഭാഗമായിരുന്നു.

**ഫാ. ആന്റണി പെരുമ്പള്ളിത്തറ**
*(അസ്സിസ്റ്റന്റ് എക്സിക്യുട്ടിവ്*

**ഫാ. തോമസ് മാളിയേക്കൽ**
*(എക്സിക്യുട്ടിവ് ഡയറക്ടർ)*

# പ്രവാസി അപ്പോസ്തലേറ്റ്

പ്രവാസി അപ്പോസ്തലേറ്റിൽനിന്നും പ്രാർഥനാശംസകൾ

മ്ശിഹായിൽ സ്നേഹമുള്ള പ്രവാസിസഹോദരങ്ങളേ,

അനുഗൃഹീതമായ വലിയനോമ്പിലേക്കു നമ്മൾ പ്രവേശിക്കുകയാണ്. പ്രാർഥനയുടെയും അനുരഞ്ജനത്തിന്റെയും ആത്മപരിത്യാഗത്തിന്റെയും അമ്പതുദിനങ്ങളാക്കി മാറ്റാം.

പ്രവാസി അപ്പോസ്തലേറ്റ് എന്ന ശുശ്രൂഷാസംവിധാനമരംഭിച്ചിട്ടു പത്തു വർഷങ്ങൾ പൂർത്തീകരിക്കുകയാണ്. നമ്മുടെ പത്താം വാർഷികവും കുടുംബ സംഗമവും **ജൂലൈ 19** രാവിലെ 9 മുതൽ ഉച്ചയ്ക്ക് ഒന്നുവരെ ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയുടെ ഹാളിൽ നടത്തപ്പെടുന്നതാണ്. അതിനായി അതിരൂപതാ സെൻട്രൽ കമ്മിറ്റിയിലെ അംഗങ്ങൾ, രാജ്യങ്ങളിലെ കോഡിനേറ്റർമാർ, എക്സിക്യൂട്ടിവംഗങ്ങൾ എന്നിവരുൾപ്പെടുന്ന കമ്മിറ്റികൾ രൂപീകരിച്ചു. കമ്മിറ്റികളുടെ മീറ്റിങ് ഫെബ്രുവരി 7, 14, 16, 18, 21, 22, 23 എന്നീ തീയതികളിൽ നടത്തപ്പെട്ടു. പത്താം വാർഷികത്തിന്റെ ലോഗോ ഫെബ്രുവരി 19നു ഡയറക്ടർ അച്ചൻ പ്രകാശനം ചെയ്തു.

2025-2028 വർഷത്തിലേക്കുള്ള പ്രസ്ബിറ്ററൽ കൗൺസിലിലേക്കും പ്രസ്ബിറ്ററൽ കൗൺസിലിൽ പ്രവാസികളുടെ ഉത്തരവാദിത്വമുള്ള കൺവീനറായും തെരഞ്ഞെടുക്കപ്പെട്ട അസ്സി. ഡയറക്ടർ അച്ചനു പ്രവാസി അപ്പോസ്തലേറ്റ് കുടുംബം പ്രാർഥനാശംസകൾ നേരുന്നു.

**ഫാ. മാത്യു മാറാട്ടുകളം**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. ജോസഫ് പുതുവീട്ടിൽക്കളം**
*(ഡയറക്ടർ)*

**NB: ഓഫീസ് സമയം- രാവിലെ 10 മുതൽ വൈകിട്ട് 5 വരെ**
**വിളിക്കേണ്ട നമ്പർ- 9207470117/ 8089920614 (NORKA HELP DESK)**

# കത്തോലിക്കാകോൺഗ്രസ് (AKCC)

**'പൊതു ആവശ്യങ്ങൾക്കായി ക്രൈസ്തവർ ഉയിർത്തെഴുന്നേൽക്കും': മാർ തോമസ് തറയിൽ**

പൊതുവായ ആവശ്യങ്ങൾക്കായി ഉയിർത്തെഴുന്നേൽക്കുന്നവരാണു ക്രിസ്ത്യാനികളെന്നു രാഷ്ട്രീയ-ഭരണനേതൃത്വങ്ങൾ തിരിച്ചറിയണമെന്ന് അതിരൂപതാ മെത്രാപ്പോലീത്താ അഭി. മാർ തോമസ് തറയിൽ പ്രസ്താവിച്ചു. നീതിനിഷേധങ്ങൾക്കും അവകാശലംഘനങ്ങൾക്കുമെതിരെ ഫെബ്രുവരി 15നു കത്തോലിക്കാ കോൺഗ്രസ് അതിരൂപതാസമിതിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട കർഷക രക്ഷാനസ്രാണിമുന്നേറ്റത്തിന്റെ ഭാഗമായുള്ള ലോങ് മാർച്ചിനും അവകാശ സംരക്ഷണറാലിക്കും ശേഷം ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജിലെ അവകാശപ്രഖ്യാപനമഹാസംഗമം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അഭി. മെത്രാപ്പോലീത്താ.

അതിജീവനത്തിനായി ക്ലേശിക്കുമ്പോൾ അടിസ്ഥാനപ്രശ്നങ്ങളെ അവഗണിച്ചാൽ ഉയിർത്തെഴുന്നേൽക്കാൻ കഴിവുള്ളവനാണു ക്രിസ്ത്യാനിയെന്നുള്ളതിനു തെളിവാണ് ഈ നസ്രാണിമുന്നേറ്റസംഗമമെന്നും അന്തസായി സ്വന്തം നാട്ടിൽ ജീവിക്കാൻ ആഗ്രഹിക്കുന്ന ജനങ്ങൾ പ്രവാസികളായി ജീവിക്കേണ്ടി വരുന്നതും നമ്മുടെ മിടുക്കരായ യുവജനങ്ങൾ ശമ്പളത്തിനായി വിദേശികളുടെ മുന്നിൽ കൈ നീട്ടേണ്ടിവരുന്നതും യുവജനങ്ങൾക്കു പ്രത്യാശ നൽകുന്ന അവസ്ഥ കേരളത്തിലില്ലാത്തതുകൊണ്ടാണെന്നും അഭി. മെത്രാപ്പോലീത്താ കൂട്ടിച്ചേർത്തു.

ഫെബ്രുവരി 15 രാവിലെ ഒമ്പതിനു മങ്കൊമ്പ് നെല്ലുഗവേഷണകേന്ദ്രത്തിനു സമീപം ഡോ. എം. എസ് സ്വാമിനാഥൻ നഗറിൽനിന്നും അതിരൂപതയുടെ പ്രോട്ടോസിഞ്ചെള്ളൂസ് വെരി റവ. ഫാ. ആന്റണി എത്തക്കാട് ലോങ് മാർച്ചിന്റെ ഉദ്ഘാടനം, ഫ്ളാഗ് ഓഫ് എന്നിവ നിർവഹിച്ചു ജാഥയുടെ ക്യാപ്റ്റനും അതിരൂപതാ പ്രസിഡന്റുമായ ബിജു സെബാസ്റ്റ്യൻ പടിഞ്ഞാറേവീട്ടിലിനു പേപ്പൽ പതാക കൈമാറി. അതിരൂപതാ വൈസ് പ്രസിഡന്റ് സി. റ്റി. തോമസ് അധ്യക്ഷതവഹിച്ച ചടങ്ങിൽ അതിരൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ചാമക്കാല മാർച്ചിനു സ്വീകരണം നൽകുന്ന സ്ഥലങ്ങളെ പരിചയപ്പെടുത്തി ആമുഖസന്ദേശം നൽകി.

ഫൊറോനാ പ്രസിഡന്റുമാരായ ഷെയ്ൻ ജോസഫ് (കുടമാളൂർ), സാജു കടമാട് (ചമ്പക്കുളം), സോണിച്ചൻ ആന്റണി (പുളിങ്കുന്ന്), തോമസ് ഫ്രാൻസിസ് (എടത്വാ), കുഞ്ഞുമോൻ തൂമ്പുങ്കൽ (ചങ്ങനാശ്ശേരി), മുഹമ്മ-ആലപ്പുഴ ഫൊറോനാ പ്രതിനിധികളായ തോമസ് ഡി. കുറ്റേൽ, ടോമിച്ചൻ മേത്തശ്ശേരി എന്നിവർ പതാക ഏറ്റുവാങ്ങി പതാകവാഹകരായി ലോങ് മാർച്ചിൽ അണിചേർന്നു. അതിരൂപതാ ജനറൽ സെക്രട്ടറി ബിനു ഡൊമിനിക് നടുവിലേഴം,

അതിരൂപതാ സെക്രട്ടറിമാരായ ചാക്കപ്പൻ ആന്റണി, സെബാസ്റ്റ്യൻ വർഗീസ് എന്നിവർ പ്രസംഗിച്ചു.

ചമ്പക്കുളം ഫൊറോനയുടെ നേതൃത്വത്തിൽ പള്ളിക്കൂട്ടുമ്മയിലെ ഫാ. ഗ്രിഗറി ഓണംകുളം നഗർ, പുളിങ്കുന്ന് ഫൊറോനയുടെ നേതൃത്വത്തിൽ രാമങ്കരിയിലെ ഐ. സി. ചാക്കോ നഗർ, എടത്വാ ഫൊറോനയുടെ നേതൃത്വത്തിൽ മാമ്പുഴക്കരിയിലെ ഇ. ജോൺ ജേക്കബ് നഗർ, ചങ്ങനാശ്ശേരി ഫൊറോനയുടെ നേതൃത്വത്തിൽ കിടങ്ങറയിലെ ജോസഫ് മുരിക്കൻ നഗർ എന്നിവിടങ്ങളിൽ മാർച്ചിനു സ്വീകരണം നൽകി.

പെരുന്ന എസ്. സ്‌ക്വയറിലെ സി. എഫ്. തോമസ് നഗറിൽനിന്നും ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജിലെ മൈതാനിയിലേക്ക് അവകാശസംരക്ഷണറാലി നടത്തപ്പെട്ടു. അതിരൂപതാ സിഞ്ചെല്ലൂസ് വെരി റവ. ഫാ. മാത്യു ചങ്ങങ്കരി റാലി ഉദ്ഘാടനം ചെയ്തു. അതിരൂപതാ കുടുംബക്കൂട്ടായ്മയുടെ ഡയറക്ടർ ഫാ. ജോർജ് മാന്തുരുത്തിൽ ആമുഖപ്രഭാഷണം നടത്തി. ആയിരങ്ങൾ അണിചേർന്ന റാലി ചങ്ങനാശ്ശേരി നഗരത്തിനു പുത്തൻചരിത്രമായി മാറി. നാടിന്റെ സാമൂഹികപ്രശ്നങ്ങളും വെല്ലുവിളികളും ഉയർത്തിയ മുദ്രാവാക്യങ്ങളും ഫ്ലോട്ടുകളും വാദ്യമേളങ്ങളും റാലിയെ വർണാഭമാക്കി. റാലി എസ്.ബി. കോളേജ് മൈതാനത്തിലെത്തിയ ശേഷം മാർ ജോസഫ് പവ്വത്തിൽപിതാവിന്റെ ഛായാചിത്രത്തിൽ പുഷ്പാർച്ചന നടത്തി മഹാസമ്മേളനമാരംഭിച്ചു.

അതിരൂപതാ പ്രസിഡന്റ് ബിജു സെബാസ്റ്റ്യൻ പടിഞ്ഞാറേവീട്ടിലിന്റെ അധ്യക്ഷതയിലുള്ള സമ്മേളനം അതിരൂപതാ മെത്രാപ്പോലീത്താ അഭി. മാർ തോമസ് തറയിൽ ഉദ്ഘാടനം ചെയ്തു. അതിരൂപതയുടെ മുൻ മെത്രാപ്പോലീത്താ അഭി. മാർ ജോസഫ് പെരുന്തോട്ടം അനുഗ്രഹപ്രഭാഷണവും അതിരൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ചാമക്കാല ആമുഖപ്രഭാഷണവും ഗ്ലോബൽ പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിൽ മുഖ്യപ്രഭാഷണവും നടത്തി.

അതിരൂപതയുടെ പ്രോട്ടോസിഞ്ചെല്ലൂസ് വെരി റവ. ഫാ. ആന്റണി എത്തക്കാട്, ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ, ചങ്ങനാശ്ശേരി എം.എൽ.എ. അഡ്വ. ജോബ് മൈക്കിൾ, അതിരൂപതാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. രേഖ മാത്യൂസ്, അതിരൂപതാ പി.ആർ.ഒ അഡ്വ. ജോജി ചിറയിൽ, അതിരൂപതാ ജനറൽ സെക്രട്ടറി ബിനു ഡൊമിനിക് നടുവിലേഴം, ഗ്ലോബൽ വൈസ് പ്രസിഡന്റ് രാജേഷ് ജോൺ നന്തികാട്ട്, അതിരൂപതാ ജനറൽ കൺവീനർ ജിനോ ജോസഫ് കളത്തിൽ, സണ്ണി ഇടിമണ്ണിക്കൽ, സേവ്യർ തോമസ് കൊണ്ടോടി എന്നിവർ പ്രസംഗിച്ചു.

**'കാർഷികവിളകൾക്കു ന്യായവില ഉറപ്പുവരുത്തണം': കർഷകരക്ഷാമഹാസംഗമം**

നാളികേരം, റബർ, നെല്ല് എന്നിവയുൾപ്പെടെയുള്ള കാർഷികവിളകൾക്കു വിലസ്ഥിരത ഉറപ്പുവരുത്തുക, ജസ്റ്റിസ് ബഞ്ചമിൻ കോശി കമ്മിഷൻ റിപ്പോർട്ട്

സമുദായനേതാക്കളുമായി ചർച്ച ചെയ്തു നടപ്പിലാക്കുക, കുട്ടനാടൻമേഖലയിലെ കടുത്തകുടിവെള്ളക്ഷാമത്തിനു പരിഹാരം കാണുക, നെൽകൃഷിമേഖലയിലെ പ്രതിസന്ധി പരിഹരിക്കുക, പരിസ്ഥിതിലോലപ്രദേശം-വനനിയമങ്ങൾ എന്നിവയിലെ ജനദ്രോഹപരമായ വ്യവസ്ഥകൾ ഒഴിവാക്കുക, വന്യജീവിയാക്രമണങ്ങളിൽനിന്നു ജനങ്ങൾക്കും കൃഷിയിടങ്ങൾക്കും സംരക്ഷണം നൽകുക, ദളിതുക്രൈസ്തവർക്കു പട്ടികജാതിസംവരണം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുക, ഞായറാഴ്ച പ്രവൃത്തിദിനമാക്കുന്ന സർക്കാരിന്റെയും വിവിധവകുപ്പുകളുടെയും പ്രവണത അവസാനിപ്പിക്കുക, ലഹരികളുടെ വ്യാപനം തടയാൻ സത്വരമായ നടപടികൾ സ്വീകരിക്കുക തുടങ്ങിയ പ്രമേയങ്ങൾ അതിരൂപതയിലെ സംഘടനാപ്രതിനിധികളായ ജിനോദ് എബ്രഹാം, കുഞ്ഞ് കളപ്പുര, ഡോ. സിജോ ജേക്കബ്, ജോയൽ ജോൺ റോയ്, ബീന ജോസഫ്, ഷാജി കോര, പി. ജെ. സേവിച്ചൻ എന്നിവർ അവതരിപ്പിച്ചു.

**'കേരളനവോത്ഥാനത്തിൽ ക്രൈസ്തവസംഭാവന അവിസ്മരണീയം': ഫാ. ജയിംസ് പാലയ്ക്കൽ**

കേരളനവോത്ഥാനത്തിനു ക്രൈസ്തവസഭയുടെ സംഭാവനകൾ വിസ്മരിക്കാനാകാത്തതാണെന്നും പതിതരെയും പാർശ്വവത്കരിക്കപ്പെട്ടവരെയും മാറ്റിനിർത്തപ്പെട്ടവരെയും ചേർത്തുനിർത്തിയുള്ള സ്നേഹസംസ്കാരത്തിലൂടെയാണു നവോത്ഥാനമേഖലയിൽ ക്രൈസ്തവസഭ ഉണർന്നുപ്രവർത്തിച്ചിട്ടുള്ളത്. എതിർപ്പുകളും പ്രതിസന്ധികളുമുണ്ടായാലും ദുർബലരിൽ ദൈവത്തെ കാണുകയെന്ന മഹനീയമായ ചിന്ത എന്നും സഭകൾ ഉയർത്തുമെന്നും അതു കാലോചിതമായ നവോത്ഥാനത്തിന്റെ ചിന്തയായി പൊതുസമൂഹം കാണണമെന്നും ചമ്പക്കുളം മാർത്ത് മറിയം ബസിലിക്കയുടെ റെക്ടർ ഫാ. ജയിംസ് പാലയ്ക്കൽ മുന്നറിയിപ്പു നൽകി. കർഷകരക്ഷാനസ്രാണിമുന്നേറ്റത്തിനു മുന്നോടിയായി ഫെബ്രുവരി എട്ടിനു ചമ്പക്കുളം മാർത്ത് മറിയം ബസിലിക്കയുടെ ഹാളിൽ നടത്തപ്പെട്ട നവോത്ഥാനസദസ് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദേഹം.

1864ൽ 'പള്ളിയോടൊപ്പം പള്ളിക്കൂടം' എന്ന വി. ചാവറയച്ചന്റെ ആശയം കേരളനവോത്ഥാനത്തിനു പുതിയ അധ്യായം കുറിച്ചു. സമത്വം-സാഹോദര്യം-കരുണ എന്നിവയിലൂന്നിയ പുതിയ ഉണർത്തെഴുന്നേൽപ്പാണ് എന്നും സഭയുടെ പ്രചോദനഘടകമായി സാമൂഹികമേഖലയിൽ നിലനിർത്തിയിട്ടുള്ളത്. ക്രൈസ്തവസമൂഹത്തിന്റെ സംഭാവനകളെ തിരസ്കരിക്കുമ്പോഴും മറന്നുപോകുമ്പോഴും ഏറ്റെടുത്തതും നിലനിർത്തേണ്ടതും തുടർന്നുപോകേണ്ടതുമായ ജീവകാരുണ്യപ്രവർത്തനങ്ങളും സാമൂഹികസാംസ്കാരികമുന്നേറ്റങ്ങളും ഒരു തടസവുമില്ലാതെ സഭ തുടരുമെന്നും അദേഹം കൂട്ടിച്ചേർത്തു.

യോഗത്തിൽ അതിരൂപതാ പ്രസിഡന്റ് ബിജു സെബാസ്റ്റ്യൻ പടിഞ്ഞാറേവീട്ടിൽ അധ്യക്ഷനായിരുന്നു. ഡോ. ജാൻസൻ ജോസഫ് വിഷയാവതരണവും

അതിരൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ചാമക്കാല ആമുഖപ്രഭാഷണവും നടത്തി. അതിരൂപതാ ജനറൽ സെക്രട്ടറി ബിനു ഡൊമിനിക് നടുവിലേഴം, അതിരൂപതാ വൈസ് പ്രസിഡന്റ് സി. റ്റി. തോമസ്, അതിരൂപതാ ജനറൽ കൺവീനർ ജിനോ ജോസഫ് കളത്തിൽ, അതിരൂപതാ സെക്രട്ടറിമാരായ ചാക്കപ്പൻ ആന്റണി, കുഞ്ഞ് കളപ്പുര, കെ. എസ്. ആന്റണി, സെബാസ്റ്റ്യൻ വർഗീസ്, ഫൊറോനാ ജനറൽ സെക്രട്ടറി ആന്റപ്പൻ മുട്ടേൽ, യൂണിറ്റ് പ്രസിഡന്റ് ചാക്കപ്പൻ വരാപ്പുഴ എന്നിവർ പ്രസംഗിച്ചു.

**'കുട്ടനാട്ടിൽ കാർഷിക കോളേജ് ആരംഭിക്കണം': വെരി റവ. ഫാ. ജോൺ തേക്കേക്കര**

മനുഷ്യനും മത്സ്യവും മൃഗങ്ങളും പരസ്പരം ബന്ധപ്പെട്ടു കഴിയുന്ന സുന്ദരമായ നാട് എന്ന നിലയിൽ കുട്ടനാട് എന്നും പ്രസക്തമാണെന്നും ഇവിടെ ഒന്നിനും തനിച്ചു ജീവിക്കാൻ കഴിയില്ലെന്നും ഇവയെ മനുഷ്യൻ കൃത്യമായി ചേർത്തുനിർത്തിയാൽ സുന്ദരമാകുന്ന നാടാണു കുട്ടനാടെന്നും ആയതിനാൽ പുതിയതലമുറ ഈ നാടിനെക്കുറിച്ചു പഠിക്കാൻ കാർഷിക കോളേജുകൾ കുട്ടനാട് കേന്ദ്രീകൃതമായിയുണ്ടാകേണ്ടത് ആ നാടിന്റെ നിലനിൽപ്പിനുതന്നെ അനിവാര്യമാണെന്നും അതിരൂപതയുടെ സിഞ്ചെല്ലൂസ് വെരി റവ. ഫാ. ജോൺ തെക്കേക്കര ആവശ്യപ്പെട്ടു. കൂടുതൽ വിളവെന്നതിലാശ്രയിച്ചു കൃത്യമല്ലാത്ത വളവും വിഷവും കുട്ടനാടിന്റെ മണ്ണിനെ വിഷലിപ്തമാക്കിയതിനാൽ പഠനവും ഗവേഷണങ്ങളും മാത്രമേ ഈ നാടിനെ ഉയർച്ചയിലെത്തിക്കുകയുള്ളൂ എന്നും അദ്ദേഹം കൂട്ടിച്ചേർത്തു

കർഷകരക്ഷാനസ്രാണിമുന്നേറ്റത്തിനു മുന്നോടിയായി ഫെബ്രുവരി 10നു മാമ്പുഴക്കരിയിലെ ക്രിസ്സ് സെന്ററിൽ ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജിലെ സോഷ്യോളജി ഡിപ്പാർട്ടുമെന്റിന്റെ സഹകരണത്തോടെ നടത്തപ്പെട്ട 'കുട്ടനാട് ഇന്നലെ, ഇന്ന്, നാളെ' എന്ന സിംപോസിയം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. കുട്ടനാട്ടിലെ വികസനത്തെ തടസപ്പെടുത്തുന്ന രാഷ്ട്രീയനേതൃത്വം ഈ നാടിന്റെ അനന്തസാധ്യതകളെ കണ്ടെത്തുന്നതിൽ പരാജയപ്പെട്ടു എന്നും അതു തിരിച്ചറിയാൻ കുട്ടനാട്ടിലെ ജനതയ്ക്കു സാധിക്കണമെന്നും അദ്ദേഹം മുന്നറിയിപ്പു നൽകി.

സമ്മേളനത്തിൽ അതിരൂപതാ പ്രസിഡന്റ് ബിജു സെബാസ്റ്റ്യൻ പടിഞ്ഞാറേവീട്ടിൽ അധ്യക്ഷനായിരുന്നു. അതിരൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ചാമക്കാല വിഷയാവതരണവും എസ്.ബി. കോളേജിലെ സോഷ്യോളജി ഡിപ്പാർട്ടുമെന്റ് തലവൻ ഫാ. മാർട്ടിൻ മുടന്താഞ്ഞലിൽ ആമുഖപ്രസംഗവും നടത്തി. അതിരൂപതാ ജനറൽ സെക്രട്ടറി ബിനു ഡൊമിനിക് നടുവിലേഴം, അതിരൂപതാ ജനറൽ കൺവീനർ ജിനോ ജോസഫ്, അതിരൂപതാ പ്രോഗ്രാം കോഡിനേറ്റർ ജോസി ഡൊമിനിക്, അതിരൂപതാഭാരവാഹികളായ സി. ടി. തോമസ്, ജോർജുകുട്ടി മുക്കത്ത്, ഷിജി ജോൺസൺ, ഗ്ലോബൽ ഭാരവാഹിക

ളായ രാജേഷ് ജോൺ, ടോമിച്ചൻ അയ്യരുകുളങ്ങര, മോഡറേറ്റർ ഡോ. പി. സി. അനിയൻകുഞ്ഞ്, വിഷയാവതാരകരായ ആന്റണി ആറിൽച്ചിറ, ഡോ. കെ. ജി. പത്മകുമാർ, ബിനു വെളിയനാട് എന്നിവർ പ്രസംഗിച്ചു.

ഭൂപരിഷ്കരണനിയമം കുട്ടനാടൻ അവലോകനം, കുട്ടനാടൻ കാർഷിക തനിമയും പാരിസ്ഥിതികപ്രതിസന്ധികളും, കുട്ടനാടൻജനതയുടെ ആരോഗ്യ-സാമ്പത്തികസ്ഥിതിയും ഭാവിസാധ്യതകളും എന്നീ വിഷയങ്ങളിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കപ്പെട്ടു.

**പ്രാർഥനാദിനം**

കർഷകരക്ഷാനസ്രാണിമുന്നേറ്റത്തിനു മുന്നോടിയായി ഫെബ്രുവരി 7 പ്രാർഥനാദിനമായി ആചരിച്ചു. അന്നേദിവസം അതിരൂപതാ എക്സിക്യുട്ടിവ് കമ്മിറ്റിയംഗങ്ങൾ അതിരൂപതാകേന്ദ്രത്തിലെ സന്ദേശനിലയത്തിന്റെ ചാപ്പലിൽ അതിരൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ചാമക്കാലയുടെ നേതൃത്വത്തിൽ പ്രാർഥന നടത്തി.

**ഐക്യദാർഢ്യദിനം**

കത്തോലിക്കാകോൺഗ്രസ് അതിരൂപതാസമിതിയുടെ നേതൃത്വത്തിൽ അതിരൂപതയിലെ സംഘടനകളുടെ സഹകരണത്തോടെയുള്ള കർഷകരക്ഷാനസ്രാണിമുന്നേറ്റത്തിന്റെ ഭാഗമായി ഫെബ്രുവരി 9 ഐക്യദാർഢ്യദിനമായി ആചരിച്ചു. യൂണിറ്റുകളിൽ പതാക ഉയർത്തൽ, പ്രതിജ്ഞ, വിഷയാനുബന്ധ സന്ദേശം തുടങ്ങിയവ ഇതിന്റെ ഭാഗമായി നടത്തപ്പെട്ടു.

**ഫൊറോനാ ലീഡേഴ്സ് മീറ്റ്**

ഫൊറോനാസമിതിയംഗങ്ങളെ അതിരൂപതാസമിതി സന്ദർശിച്ചു പ്രവർത്തനങ്ങൾ വിലയിരുത്തുകയും കർഷകരക്ഷാനസ്രാണിമുന്നേറ്റത്തിന് ഒരുക്കങ്ങൾ നടത്തുകയും ചെയ്ത 'ഫൊറോനാ ലീഡേഴ്സ് മീറ്റ്' ആലപ്പുഴ, തുരുത്തി, ചങ്ങനാശ്ശേരി, അതിരമ്പുഴ എന്നിവിടങ്ങളിൽ നടത്തപ്പെട്ടു.

**യൂണിറ്റ് രൂപീകരണം**

കത്തോലിക്കാകോൺഗ്രസ് അതിരൂപതാസമിതിയുടെ നേതൃത്വത്തിൽ മണ്ണഞ്ചേരി സെന്റ് മേരീസ്, കലവൂർ സെന്റ് തോമസ്, പാദുവാപുരം സെന്റ് സെബാസ്റ്റ്യൻസ്, ചാരമംഗലം ലൂർദ് മാതാ എന്നിവിടങ്ങളിൽ ജനുവരി 26നു യൂണിറ്റുകൾ രൂപീകരിച്ചു ഭാരവാഹികളെ തെരഞ്ഞെടുത്തു.

**എവേയ്ക്ക് '24**

കത്തോലിക്കാകോൺഗ്രസ് അതിരൂപതാസമിതിയുടെ നേതൃത്വത്തിലുള്ള യൂണിറ്റ് ശക്തീകരണപരിപാടിയായ AWAKE '24 ഏറ്റുമാനൂർ ക്രൈസ്റ്റ് ദ കിങ്, വെട്ടിമുകൾ സെന്റ് മേരീസ്, നാലുകോടി സെന്റ് തോമസ്, വെളിയനാട്

നോർത്ത് സെന്റ് ഗ്രിഗറീസ്, മിത്രക്കരി സെന്റ് സേവ്യേഴ്സ്, ഇരവുചിറ സെന്റ് മേരീസ്, മാടപ്പള്ളി ലിറ്റിൽ ഫ്ളവർ, വേഴപ്രാ സെന്റ് പോൾസ്, മാന്നില ഹോളി ഫാമിലി, കണ്ണാടി സെന്റ് റീത്താസ്, കൊല്ലാട് ലിറ്റിൽ ഫ്ളവർ, കാവാലം ലിസ്യൂ, തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഫൊറോന, കുന്നന്താനം സെന്റ് ജോസഫ്സ് എന്നീ യൂണിറ്റുകളിൽ നടത്തപ്പെട്ടു.

**ഭാരവാഹികളുടെ മീറ്റിങ്**

കത്തോലിക്കാകോൺഗ്രസിന്റെ അതിരൂപതാഭാരവാഹികളുടെ മീറ്റിങ് ജനുവരി 26ന് അതിരൂപതാകേന്ദ്രത്തിലെ സന്ദേശനിലയത്തിന്റെ ഹാളിൽ നടത്തപ്പെട്ടു.

**അതിരൂപതാസംയുക്തസംഗമം**

കത്തോലിക്കാകോൺഗ്രസിന്റെ അതിരൂപതാ എക്സിക്യൂട്ടിവ് കമ്മിറ്റി അംഗങ്ങൾ, ഫൊറോനാ പ്രസിഡന്റുമാർ എന്നിവരുടെ സംയുക്തസമ്മേളനം ഫെബ്രുവരി 2, 13 തീയതികളിൽ അതിരൂപതാകേന്ദ്രത്തിലെ സന്ദേശനിലയത്തിന്റെ ഹാളിൽ നടത്തപ്പെട്ടു.

**സംഘടനാനേതാക്കളുടെ സംയുക്തയോഗം**

കത്തോലിക്കാകോൺഗ്രസ് അതിരൂപതാസമിതിയുടെ നേതൃത്വത്തിലുള്ള കർഷകരക്ഷാനസ്രാണിമുന്നേറ്റത്തിനു മുന്നോടിയായി അതിരൂപതയിലെ സംഘടനകളുടെ നേതാക്കളുടെ യോഗം ഫെബ്രുവരി ഏഴിന് അതിരൂപതാകേന്ദ്രത്തിലെ ജാഗ്രതാസമിതി ഓഫീസിൽ നടത്തപ്പെട്ടു. അതിരൂപതാ പ്രസിഡന്റ് ബിജു സെബാസ്റ്റ്യൻ പടിഞ്ഞാറേവീട്ടിൽ യോഗത്തിൽ അധ്യക്ഷനായിരുന്നു. അതിരൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ചാമക്കാല ആമുഖസന്ദേശം നൽകി.

പിതൃവേദിയുടെ അതിരൂപതാ പ്രസിഡന്റ് ജിനോദ് എബ്രഹാം; അതിരൂപതാ ജനറൽ സെക്രട്ടറി ജോഷി കൊല്ലാപുരം, കെ.എൽ.എം.ന്റെ അതിരൂപതാ ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പി. ജെ., അതിരൂപതാ സെക്രട്ടറി ഷാജി കോര, ഡി.സി.എം.എസ്.ന്റെ അതിരൂപതാ വൈസ് പ്രസിഡന്റ് ലാസർ ജോൺ; അതിരൂപതാ സെക്രട്ടറി മാത്യു ജോസഫ്, യുവദീപ്തി-എസ്.എം.വൈ.എം. അതിരൂപതാ പ്രസിഡന്റ് ജോയൽ ജോൺ റോയി, മാതൃവേദി അതിരൂപതാ പ്രസിഡന്റ് ബീന ജോസഫ്, അതിരൂപതാ ജനറൽ സെക്രട്ടറി ബിനു ഡൊമിനിക്, കർഷകരക്ഷാനസ്രാണിമുന്നേറ്റം ജനറൽ കൺവീനർ ജിനോ ജോസഫ് എന്നിവർ പങ്കെടുത്തു.

**വോളണ്ടിയേഴ്സ് മീറ്റിങ്**

കത്തോലിക്കാകോൺഗ്രസ് അതിരൂപതാസമിതിയുടെ നേതൃത്വത്തിലുള്ള കർഷകരക്ഷാനസ്രാണിമുന്നേറ്റത്തിന്റെ ലോങ് മാർച്ച്, അവകാശസംരക്ഷണ

*ശേഷം പേജ് 72ൽ* ➤➤➤

# കേരള ലേബർ മൂവുമെന്റ്
# (KLM)

### പൽഹൂസാ നേതൃത്വ കൺവെൻഷൻ

**കുടമാളൂർ:** കെ.എൽ.എം. കുടമാളൂർ ഫൊറോനയുടെ ആഭിമുഖ്യത്തിൽ ജനുവരി 26നു കുടമാളൂർ സെന്റ് മേരീസ് മേജർ ആർക്കി എപ്പിസ്കോപ്പൽ പള്ളിയുടെ ഹാളിൽ പൽഹൂസാ നേതൃത്വ കൺവെൻഷൻ നടത്തപ്പെട്ടു. ആർച്ചുപ്രീസ്റ്റ് ഫാ. മാണി പുതിയിടം കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം, അസ്സി. വികാരി ഫാ. ആന്റണി എതിരേറ്റുകുടിലിൽ, അതിരൂപതാ ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പി. ജെ., കുടമാളൂർ ഫൊറോനാ കോഡിനേറ്റർ ജോൺസൺ കെ. തോമസ്, ഫൊറോനാ സെക്രട്ടറി ഷൈജു തോമസ്, ഫൊറോനാ ട്രെഷറർ ജയിംസ് ജേക്കബ് എന്നിവർ പ്രസംഗിച്ചു. അതതു യൂണിറ്റ് സെക്രട്ടറിമാർ യൂണിറ്റുകളിലെ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് അവതരിപ്പിച്ചു. കെ. ഡി. ചാക്കോ, ഷാജി കോര എന്നിവർ സംരംഭകത്വനവീനസാധ്യതകളെപ്പറ്റി ക്ലാസ്സുകളെടുത്തു.

**തുരുത്തി:** കെ.എൽ.എം. തുരുത്തി ഫൊറോനയുടെ ആഭിമുഖ്യത്തിൽ ഫെബ്രുവരി രണ്ടിനു തുരുത്തി മാർത്ത് മറിയം ഫൊറോനാപ്പള്ളിയുടെ ഹാളിൽ പൽഹൂസാ നേതൃത്വ കൺവെൻഷൻ നടത്തപ്പെട്ടു. ഫൊറോനാവികാരി ഫാ. ജോസ് വരിക്കപ്പള്ളിൽ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം, അതിരൂപതാ ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പി. ജെ., ഫൊറോനാ സെക്രട്ടറി മിനി സിബിച്ചൻ, യൂണിറ്റ് കോഡിനേറ്റർ ജോസിമോൻ എന്നിവർ പ്രസംഗിച്ചു. അതതു യൂണിറ്റ് സെക്രട്ടറിമാർ യൂണിറ്റുകളിലെ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് അവതരിപ്പിച്ചു. കെ. ഡി. ചാക്കോ, ഷാജി കോര എന്നിവർ സംരംഭകത്വനവീനസാധ്യതകളെപ്പറ്റി ക്ലാസ്സുകളെടുത്തു.

**ചങ്ങനാശ്ശേരി:** കെ.എൽ.എം. ചങ്ങനാശ്ശേരി ഫൊറോനയുടെ ആഭിമുഖ്യത്തിൽ ഫെബ്രുവരി ഒമ്പതിനു ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയുടെ ഹാളിൽ പൽഹൂസാ നേതൃത്വ കൺവെൻഷൻ നടത്തപ്പെട്ടു. ഫൊറോനാ വികാരി ഫാ. ജോസ് കൊച്ചുപറമ്പിൽ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം, യൂണിറ്റ് ഡയറക്ടർ ഫാ. മാത്യു കാവനാട്ട്, അതിരൂപതാ ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പി. ജെ., അതിരൂപതാ ജോയിന്റ് സെക്രട്ടറി ലാലി ബോബൻ, ഫൊറോനാ കോഡിനേറ്റർ റ്റിസൺ തോമസ്, ട്രെഷറർ ജോൺസൺ തോമസ്, യൂണിറ്റ് കോഡിനേറ്റർ മാർട്ടിൻ ആന്റണി എന്നിവർ പ്രസംഗിച്ചു. അതതു യൂണിറ്റ് സെക്രട്ടറിമാർ യൂണിറ്റുകളിലെ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് അവതരിപ്പിച്ചു. കെ. ഡി. ചാക്കോ, ഷാജി കോര എന്നിവർ സംരംഭകത്വനവീനസാധ്യതകളെപ്പറ്റി ക്ലാസ്സുകളെടുത്തു.

**കുറുമ്പനാടം:** കെ.എൽ.എം. കുറുമ്പനാടം ഫൊറോനയുടെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 16നു കുറുമ്പനാടം അസംപ്ഷൻ പള്ളിയുടെ ഹാളിൽ പൽഹൂസാ നേതൃത്വ കൺവെൻഷൻ നടത്തപ്പെട്ടു. ഫൊറോനാവികാരി ഫാ. ചെറിയാൻ കറുകപ്പറമ്പിൽ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം, അതിരൂപതാ ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പി. ജെ., അതിരൂപതാ ജോയിന്റ് സെക്രട്ടറി ലാലി ബോബൻ, ഫൊറോനാ സെക്രട്ടറി റെനി കുര്യാക്കോസ്, ഫൊറോനാ ട്രെഷറർ സിനു ഫിലിപ്പ് എന്നിവർ പ്രസംഗിച്ചു. അതതു യൂണിറ്റ് സെക്രട്ടറിമാർ യൂണിറ്റുകളിലെ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് അവതരിപ്പിച്ചു. കെ. ഡി. ചാക്കോ കളരിക്കൽ, ഷാജി കോര എന്നിവർ സംരംഭകത്വനവീനസാധ്യതകളെപ്പറ്റി ക്ലാസ്സുകളെടുത്തു.

**തിരുനാൾപ്രസുദേന്തി**

പൊടിപ്പാറ ഹോളി ഫാമിലി പള്ളിയിലെ തിരുനാൾ കെ.എൽ.എം. സെന്റ് തോമസ് എസ്.എച്ച്.ജി. അംഗങ്ങൾ ചേർന്നു നടത്തി.

**അഭിനന്ദനങ്ങൾ**

വിശുദ്ധഗ്രന്ഥം പകർത്തിയെഴുതിയ അതിരൂപതാ ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പി. ജെ., അതിരൂപതാസമിതിയംഗം ജോൺസൺ തോമസ്, സംസ്ഥാനവനിതാ ഫോറം സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട തുരുത്തി ഫൊറോനാ സെക്രട്ടറി റോസമ്മ കെ. റ്റി. എന്നിവർക്കു കെ.എൽ.എം. അതിരൂപതാകുടുംബം അഭിനന്ദനങ്ങൾ അറിയിക്കുന്നു.

**കർഷകരക്ഷാനസ്രാണിമുന്നേറ്റം**

ഫെബ്രുവരി 15ന് അതിരൂപതാ കത്തോലിക്കാകോൺഗ്രസ് നേതൃത്വം നൽകിയ കർഷകരക്ഷാനസ്രാണിമുന്നേറ്റത്തിൽ കെ.എൽ.എം. അംഗങ്ങൾ പങ്കെടുത്തു. ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജിന്റെ മൈതാനിയിലെ പൊതുസമ്മേളനത്തിൽ തൊഴിലാളികളുടെ ക്ഷേമം ചൂണ്ടിക്കാട്ടി അതിരൂപതാ ജോയിന്റ് സെക്രട്ടറി ഷാജി കോര പ്രമേയം അവതരിപ്പിച്ചു.

**പുതിയസംഘം**

കുടമാളൂർ യൂണിറ്റിൽ 'സെന്റ് അൽഫോൻസാ' എന്ന പേരിൽ പുതിയ എസ്.എച്ച്.ജി. രൂപീകരിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ആന്റണി എതിരേറ്റുകുടിലിൽ അധ്യക്ഷതവഹിച്ച സമ്മേളനം അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം ഉദ്ഘാടനം ചെയ്തു. അതിരൂപതാ ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പി. ജെ., അതിരൂപതാ ജോയിന്റ് സെക്രട്ടറി ഷാജി കോര, കുറുമ്പനാടം ഫൊറോനാ കോഡിനേറ്റർ കെ. ഡി. ചാക്കോ, കുടമാളൂർ ഫൊറോനയുടെ കോഡിനേറ്റർ ജോൺസൺ കെ. തോമസ്, സെക്രട്ടറി ഷൈജു തോമസ് എന്നിവർ പങ്കെടുത്തു.

**കെ.എൽ.എം. സംസ്ഥാന എ.ജി.എം.**

ഫെബ്രുവരി 15, 16 തീയതികളിൽ എറണാകുളം പി.ഒ.സി.ൽ നടത്തപ്പെട്ട കെ.എൽ.എം. സംസ്ഥാനവാർഷികസമ്മേളനത്തിൽ അതിരൂപതയെ പ്രതിനിധീകരിച്ച് അതിരൂപതാ ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പി. ജെ., അതിരൂപതാ സമിതിയംഗങ്ങളായ ഷൈജു തോമസ്, മിനി സിബിച്ചൻ എന്നിവർ പങ്കെടുത്തു.

**പുതിയസംരംഭം**

കെ.എൽ.എം. നാലുകോടി സെന്റ് ഫ്രാൻസിസ് അസ്സീസ്സി സംഘത്തിന്റെ പുതിയസംരംഭമായ ആംബുലൻസ് & മഞ്ചൽ സർവീസിന്റെ വെഞ്ചരിപ്പുകർമം നാലുകോടി സെന്റ് തോമസ് പള്ളിയുടെ വികാരി ഫാ. സക്കറിയാസ് കരിവേലിൽ നിർവഹിച്ചു. അതിരൂപതാ സെക്രട്ടറി  ഷാജി കോര, സംഘത്തിന്റെ ഭാരവാഹികൾ, കെ.എൽ.എം. നാലുകോടി യൂണിറ്റംഗങ്ങൾ എന്നിവർ സന്നിഹിതരായിരുന്നു.

**ആദരാഞ്ജലികൾ**

ചീരഞ്ചിറ സെന്റ് തോമസ് സംഘാംഗം ബാബു ആന്റണി കുന്നേൽ, ഇത്തിത്താനം സെന്റ് അൽഫോൻസാ സംഘാംഗം കെ. സി. തോമസ് കല്ലുകളം എന്നിവരുടെ നിര്യാണത്തിൽ കെ.എൽ.എം. കുടുംബം അനുശോചനവും പ്രാർഥനയും അറിയിക്കുന്നു.

**സെബാസ്റ്റ്യൻ പി. ജെ.**
*(ജനറൽ സെക്രട്ടറി)*

**ഫാ. ജോൺ വടക്കേകളം**
*(ഡയറക്ടർ)*

---

## ➢➢➢ *കത്തോലിക്കാകോൺഗ്രസ് തുടർച്ച...*

റാലി, മഹാസമ്മേളനം എന്നിവയിൽ വോളണ്ടിയർമാരായി സംഘടനകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടവരുടെ സമ്മേളനം ഫെബ്രുവരി 11ന് അതിരൂപതാ കേന്ദ്രത്തിലെ സന്ദേശനിലയത്തിന്റെ ഹാളിൽ നടത്തപ്പെട്ടു. അതിരൂപതാ പ്രസിഡന്റ് ബിജു സെബാസ്റ്റ്യൻ പടിഞ്ഞാറേവീട്ടിൽ അധ്യക്ഷനായിരുന്ന സമ്മേളനം അതിരൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ചാമക്കാല ഉദ്ഘാടനം ചെയ്തു. സംഘടനകളിൽനിന്നുള്ള 155 പ്രതിനിധികൾ ഇതിൽ പങ്കെടുത്തു.

**ഫാ. സെബാസ്റ്റ്യൻ ചാമക്കാല**
*(ഡയറക്ടർ)*

**ബിജു സെബാസ്റ്റ്യൻ**
*(പ്രസിഡന്റ്)*

**ബിനു ഡൊമിനിക്**
*(ജനറൽ സെക്രട്ടറി)*

# ആത്മതാകേന്ദ്രം

**(ARCHDIOCESAN TEMPERANCE MOVEMENT FOR AWARENESS & TREATMENT OF ADDICTS)**

## കെ.സി.ബി.സി. മദ്യവിരുദ്ധസമിതി

സംസ്ഥാനസർക്കാരിന്റെ മദ്യനയത്തിനെതിരെ ഫെബ്രുവരി 11ന് അതിരൂപതയുടെ കെ.സി.ബി.സി. മദ്യവിരുദ്ധസമിതി ആത്മതാകേന്ദ്രത്തിൽ അടിയന്തരമായി സമ്മേളിച്ചു. അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം യോഗം ഉദ്ഘാടനം ചെയ്തു. യുവത്വത്തെയും കൗമാരത്തെയും തകർക്കുന്ന മദ്യനയം സർക്കാർ തിരുത്തിയില്ലെങ്കിൽ പ്രത്യക്ഷസമരപരിപാടികൾ ആരംഭിക്കാൻ യോഗം തീരുമാനിച്ചു.

അതിരൂപതാ പ്രസിഡന്റ് റാംസെ ജെ. റ്റി. മെതിക്കളം യോഗത്തിന് അധ്യക്ഷത വഹിച്ചു. റ്റി. എം. മാത്യു വിഷയാവതരണം നടത്തി. തോമസുകുട്ടി മണക്കുന്നേൽ, ബേബിച്ചൻ പുത്തൻപറമ്പിൽ, ജോസി കല്ലുകളം, പാപ്പച്ചൻ നേര്യംപറമ്പിൽ, ഷാജി വാഴേപ്പറമ്പിൽ, സിബി പാർപ്പാ, ബിജു കൊച്ചുപുരയ്ക്കൽ, ബേബിച്ചൻ തടത്തിൽ, സെബാസ്റ്റ്യൻ ഞാറക്കാട്ടിൽ, ആന്റണി ചിറവാലിൽ, തോമസ് കല്ലുകളം, ജോൺസൺ കൊച്ചുതറ, ജോസ് പത്തിൽ, ഷേർളി കീരുവേലിൽ, ജെമിനി കണ്ണംപള്ളി, ലൗലി മാളിയേക്കൽ, ട്രീസ മാത്യു എന്നിവർ പങ്കെടുത്തു.

## ആസാദ് സേന പ്രോഗ്രാം

കേരളസർക്കാരിന്റെ സാമൂഹികനീതി-ഉന്നതവിദ്യാഭ്യാസവകുപ്പുകൾ ചേർന്നു നാഷണൽ സർവീസ് സ്കീം വഴി നടപ്പിലാക്കുന്ന 'ആസാദ് സേന' എന്ന ലഹരിക്കെതിരായ പ്രത്യേകപരിശീലനപരിപാടിയുടെ പഠനഗ്രന്ഥം തയ്യാറാക്കാൻ ഫെബ്രുവരി 3-5 തീയതികളിൽ തിരുവനന്തപുരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജുമെന്റ് ഇൻ ഗവൺമെന്റിൽ നടത്തപ്പെട്ട ത്രിദിന വർക്കുഷോപ്പിൽ ആത്മതാകേന്ദ്രത്തിൽനിന്നു റ്റി. എം. മാത്യു അഞ്ചു വിഭാഗങ്ങളിലുള്ള ക്ലാസ്സുകളുടെ പഠനഭാഗം തയ്യാറാക്കി അവതരിപ്പിച്ചു.

ഫെബ്രുവരി 13-15 തീയതികളിൽ തിരുവനന്തപുരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജുമെന്റ് ഇൻ ഗവൺമെന്റിൽ കേരളത്തിലെ ജില്ലകളിൽനിന്നുള്ള തെരഞ്ഞെടുക്കപ്പെട്ട ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളെ പ്രതിനിധീകരിക്കുന്ന ജില്ലാ കോഡിനേറ്റർമാരായ നാഷണൽ സർവീസ് സ്കീം പ്രോഗ്രാം ഓഫീസർമാരുടെ ത്രിദിനപരിശീലനപരിപാടിയിൽ ആത്മതാകേന്ദ്രത്തിൽനിന്നു റ്റി. എം. മാത്യു ക്ലാസ്സെടുത്തു.

## തടവിൽ ശിക്ഷിക്കപ്പെട്ടു കഴിയുന്നവർക്കു ലഹരിക്കെതിരെ ബോധവത്കരണം

പൊൻകുന്നം, പാലാ എന്നിവിടങ്ങളിലെ ജയിലുകളിൽ തടവിൽക്കഴിയുന്ന ആളുകൾക്കു ലഹരിമുക്തജീവിതത്തെക്കുറിച്ചും കുടുംബജീവിതത്തിൽ ലഹരിയുടെ സ്വാധീനത്തിൽ തകരുന്ന ബന്ധങ്ങളെക്കുറിച്ചും ഫെബ്രുവരി 13നു റ്റി. എം. മാത്യു സെമിനാർ നടത്തി. ജില്ലാ പ്രൊബേഷണറി ഓഫീസർ സബീന

ബീഗം, ജയിൽ സൂപ്രണ്ടുമാരായ ഷാജി, ജാഫർഖാൻ എന്നിവർ ആശംസകൾ നേർന്നു.

**പോലീസ് ഓഫീസേഴ്സിനു ക്ലാസ്സ്**

ഫെബ്രുവരി 15നു കൊല്ലം ജില്ലയിലെ പോലീസ് ഓഫീസർമാരുടെ സമ്മേളനത്തിൽ റ്റി. എം. മാത്യു ക്ലാസ്സെടുത്തു.

**സപ്പോർട്ട് എ ചൈൽഡ് പദ്ധതി**

ആത്മതാകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിലുള്ള 'സപ്പോർട്ട് എ ചൈൽഡ് പദ്ധതി' യുടെ സമ്മേളനം, 44,500 രൂപയുടെ ധനസഹായവിതരണം എന്നിവ ഫെബ്രുവരി 22നു ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ ആത്മതാകേന്ദ്രം ഡയറക്ടർ ജോൺ വടക്കേകളം അച്ചന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. സണ്ണി മാത്യു, ട്രീസ മാത്യു എന്നിവർ പരിപാടികൾക്കു നേതൃത്വം നല്കി.

**ഹോമിയോചികിത്സാപദ്ധതി**

ലഹരിവസ്തുക്കളുടെ ദുരുപയോഗത്തിന് അടിമപ്പെട്ടവർക്കു പാർശ്വഫലങ്ങളില്ലാത്ത, സൗജന്യനിരക്കിലുള്ള ഹോമിയോചികിത്സ താഴെപ്പറയുന്ന ദിവസങ്ങളിലും സ്ഥലങ്ങളിലുമായി നൽകിവരുന്നു. വിദഗ്ധരായ ഡോക്ടേഴ്സിന്റെയും കൗൺസെലേഴ്സിന്റെയും സേവനം ഈ പദ്ധതിയിൽ ലഭ്യമാണ്.

**സമയം:** രാവിലെ 10 മുതൽ ഉച്ചയ്ക്ക് 12.30 വരെ

| | | |
|---|---|---|
| ചൊവ്വ | (ആലപ്പുഴ) | തത്തംപള്ളി, മരിയൻ ഹോമിയോ ഡിസ്പെൻസറി |
| ബുധൻ | | തോട്ടയ്ക്കാട്, സെന്റ് ജോർജ് പള്ളി |
| വ്യാഴം | (കോട്ടയം) | അതിരമ്പുഴ, സെന്റ് മേരീസ് ഫൊറോനാപ്പള്ളി |
| വെള്ളി | | ചങ്ങനാശ്ശേരി, പാസ്റ്ററൽ സെന്റർ |

പ്രസ്തുതവിവരം വികാരിയച്ചന്മാർ പള്ളിയിലറിയിക്കുമല്ലോ.

**ലഹരിവിമുക്തവിശുദ്ധീകരണധ്യാനം**

കുന്നന്താനം പ്രൊവിഡൻസ് റിന്യൂവൽ സെന്ററിൽ **മാർച്ച് 16 മുതൽ മാർച്ച് 21 വരെ** ലഹരിവിമുക്തകുടുംബവിശുദ്ധീകരണധ്യാനം നടത്തപ്പെടുന്നതാണ്. *മാർച്ച് 16 വൈകുന്നേരം അഞ്ചിന് ആരംഭിച്ചു മാർച്ച് 21 രാവിലെ 10നു* ധ്യാനം അവസാനിക്കുന്നു. താമസിച്ചുള്ള ഈ ധ്യാനത്തിനു ഫീസുണ്ടായിരിക്കുന്നതല്ല. പ്രഗത്ഭരായ ഡോക്ടേഴ്സ്, സൈക്കോളജിസ്റ്റ് എന്നിവരുടെ ക്ലാസ്സ്, കൗൺസെലിങ് എന്നിവ ധ്യാനത്തിൽ ലഭ്യമാണ്.

എൽ.എസ്.ഡി.പി. പ്രൊവിഡൻസ് റിന്യൂവൽ സെന്റർ, കുന്നന്താനം
0469 2692462, 2693413, 2690414, 9495193406

**ഫാ. ജോൺ വടക്കേകളം**
*(ഡയറക്ടർ)*

# ദളിത് കത്തോലിക്കാ മഹാജന സഭ
## (DCMS)

### സംയുക്ത എക്സിക്യുട്ടിവ് മീറ്റിങ്

ഡി.സി.എം.സ്.-ഡി.സി.വി.സ്.-ഡി.സി.വൈ.എൽ. എന്നിവയുടെ സംയുക്ത എക്സിക്യുട്ടിവ് സമ്മേളനം ഫെബ്രുവരി രണ്ടിനു ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിലെ മിനി ഹാളിൽ നടത്തപ്പെട്ടു. അതിരൂപതാ പ്രസിഡന്റ് ഡോ. സിജോ ജേക്കബ് അധ്യക്ഷതവഹിച്ച സമ്മേളനത്തിൽ അതിരൂപതാ സെക്രട്ടറി മാത്യു ജോസഫ് സ്വാഗതമറിയിച്ച് അജണ്ട വിശദീകരിച്ചു. നിലവിലുള്ള യൂണിറ്റ്-ഫൊറോന-അതിരൂപതാ കമ്മിറ്റികളുടെ കാലാവധി പൂർത്തിയാകുന്നതിനാൽ യൂണിറ്റുകളിൽ മെമ്പർഷിപ്പ് പുതുക്കുന്നതിനും അംഗങ്ങളെ ചേർക്കുന്നതിനുമുള്ള നടപടികൾ ആരംഭിക്കുന്നതിനു കമ്മിറ്റി തീരുമാനമെടുത്തു.

അതിരൂപതാ കത്തോലിക്കാകോൺഗ്രസിന്റെ നേതൃത്വത്തിൽ അതിരൂപതയിലെ സംഘടനകളെ പങ്കെടുപ്പിച്ചുള്ള കർഷകരക്ഷാനസ്രാണിമുന്നേറ്റത്തിന്റെ ഭാഗമായുള്ള ലോങ് മാർച്ച്, അവകാശസംരക്ഷണറാലി, അവകാശപ്രഖ്യാപന മഹാസമ്മേളനം എന്നിവയെക്കുറിച്ചു അറിയിക്കുന്നതിനും ഡി.സി.എം.എസ്.നെ ക്ഷണിക്കുന്നതിനും കത്തോലിക്കാകോൺഗ്രസിന്റെ അതിരൂപതാ പ്രസിഡന്റും കൺവീനറും സമ്മേളനത്തിലെത്തി. അതിരൂപതാ വൈസ് പ്രസിഡന്റ് ലാസർ ജോൺ നന്ദി രേഖപ്പെടുത്തി.

ഫെബ്രുവരി 15ന് അതിരൂപതാ കത്തോലിക്കാകോൺഗ്രസിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട കർഷകരക്ഷാനസ്രാണിമുന്നേറ്റത്തിന്റെ ഭാഗമായുള്ള അവകാശപ്രഖ്യാപനറാലിയിലും മങ്കൊമ്പിൽനിന്നാരംഭിച്ച ലോങ് മാർച്ചിലും ഡി.സി.എം.എസ്. അതിരൂപതാ പ്രസിഡന്റിന്റെ നേതൃത്വത്തിൽ അതിരൂപതാ വൈസ് പ്രസിഡന്റ്, അതിരൂപതാ സെക്രട്ടറി, അതിരൂപതാ കമ്മിറ്റിയംഗങ്ങൾ, ഫൊറോന-യൂണിറ്റ് ഭാരവാഹികൾ, കുടുംബാംഗങ്ങൾ എന്നിവർ പങ്കെടുത്തു. സമ്മേളനവേദിയിൽ അതിരൂപതാ പ്രസിഡന്റ് ഡോ. സിജോ ജേക്കബ് സംസാരിച്ചു.

സ്നേഹപൂർവം,

**ഡോ. സിജോ ജേക്കബ്**
*(പ്രസിഡന്റ്)*

**ഫാ. ജോൺ വടക്കേകളം**
*(ഡയറക്ടർ)*

**മാത്യു ജോസഫ്**
*(സെക്രട്ടറി)*

''സമാധാനം - സൗഭാഗ്യം''

# സെക്കുലർ ഫ്രാൻസിസ്കൻ ഓർഡർ (SFO)

പ്രിയസഹോദരങ്ങളേ,

നമ്മുടെ അതിരൂപതാസമിതിയുടെ ജനറൽ ബോഡി യോഗം ഫെബ്രുവരി എട്ടിന് അതിരൂപതാ പ്രസിഡന്റ് വി. സി. അലക്സ് വലിയപറമ്പിലിന്റെ അധ്യക്ഷതയിൽ വാഴപ്പള്ളി ഗത്സേമനി കപ്പൂച്ചിൻ ആശ്രമത്തിൽ നടത്തപ്പെട്ടു. എടത്വാ റീജൻ പ്രസിഡന്റ് ബ്രദർ സാബു കരിക്കംപള്ളി സ്വാഗതമാശംസിച്ചു റീജൻ സംഗമത്തിന്റെ ഗുണങ്ങളും വിജയങ്ങളും എങ്ങനെയെന്നു വിശദീകരിച്ചു. സെക്രട്ടറി റിപ്പോർട്ടും ഖജാൻജി ബ്രദർ കെ. എം. മാത്യു കണക്കും അവതരിപ്പിച്ചു പാസാക്കി. അതിരൂപതാ സ്പിരിചൽ അസ്സി. ഫാ. തോമസ് വെട്ടിക്കൽ അനുഗ്രഹപ്രഭാഷണം നടത്തി.

ലോകം മുഴുവനുമുള്ളവർ ഈ ലോകനേട്ടങ്ങൾക്കും അധികാരങ്ങൾക്കും വേണ്ടി പടയോട്ടങ്ങൾ നടത്തി നേട്ടങ്ങൾ കൊയ്യാൻ ശ്രമിച്ചു ദൈവത്തിൽ നിന്നും സ്വർഗരാജ്യത്തിൽനിന്നും അകന്നുപോകുമ്പോൾ നമ്മൾ ''സ്വർഗം നിറയ്ക്കൽ'' എന്ന സമരമാണു ചെയ്യേണ്ടതെന്നും അതിനുവേണ്ടി നമ്മുടെ ദശാംശം ചെലവഴിക്കണമെന്നും അതു നമ്മുടെ സമ്പത്തു മാത്രമല്ല സമയം, സന്തോഷം, സഹകരണം, കരുണ എന്നിവയെല്ലാം വിനിയോഗിക്കണമെന്നും ഒരാത്മാവുപോലും നഷ്ടപ്പെടാതിരിക്കാൻ പരിശ്രമിക്കണമെന്നും അതിനേറ്റം നല്ലതു ഫ്രാൻസിസ്കൻ ജീവിതശൈലിയാണെന്നും ഇതിനു നമ്മളെ ദൈവം തെരഞ്ഞെടുത്തതാണെന്നു മനസിലാക്കി ജീവിക്കണമെന്നും വി. ഫ്രാൻസിസ് അസ്സീസ്സി പറഞ്ഞത് ഓർമിക്കണമെന്നും അച്ചൻ പഠിപ്പിച്ചു.

''എങ്ങനെ ജീവിക്കണമെന്ന് എന്നെ ആരും പഠിപ്പിച്ചില്ല! എന്നാൽ, എന്റെ ദൈവാത്മാവാണ് എന്നെ പ്രചോദിപ്പിച്ചതെന്നും'' മറ്റുള്ളവരെ നോക്കാതെ ഈശോയെ നോക്കാനും അതുപോലാകാനും! അങ്ങനെ ആയിത്തീർന്ന രണ്ടാം മ്ശിഹായായ വി. ഫ്രാൻസിസിന്റെ ജീവിതശൈലി പിന്തുടരണമെന്നും നമ്മൾ ഏതെല്ലാം സംഘടനകളിലും മേഖലകളിലും പ്രവർത്തിച്ചാലും ഫ്രാൻസിസ്കൻ ജീവിതശൈലി കൈവിട്ടു പോകാതിരിക്കാൻ നമ്മൾ പരിശ്രമിക്കണമെന്നും ഈശോയെ നോക്കി ജീവിക്കാൻ മറ്റുള്ളവരെക്കൂടി പഠിപ്പിക്കാൻ നമുക്ക് ഉത്തരവാദിത്വമുണ്ടെന്നും മറ്റുള്ളവർ നമ്മുടെ സ്വന്തമാണെന്നു കരുതി സ്നേഹിക്കണമെന്നും സംരക്ഷിക്കണമെന്നും അച്ചൻ ഉദ്ബോധിപ്പിച്ചു

പുതുതായി രണ്ടു ഭ്രാതൃത്വങ്ങൾ രൂപീകൃതമായിട്ടുണ്ട്: 1. ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ഭ്രാതൃത്വം, 2. പുന്നക്കുന്നത്തുശ്ശേരി സെന്റ് ജോസഫ് ഭ്രാതൃത്വം. അവയിലെ അംഗങ്ങളെല്ലാവരും ആത്മാർഥമായി മരണം

*ശേഷം പേജ് 79ൽ* ➤➤➤

# വിൻസെൻഷ്യൻ വേദി
# (SSVP)

*"പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല"* (റോമാ 5:5)

പ്രത്യാശ നമ്മുടെ ആത്മാവിന്റെ സുരക്ഷിതത്വവും സുസ്ഥിരവുമായ നങ്കൂരം പോലെയാണ്. ഈശോയുടെ മനുഷ്യാവതാരത്തിന്റെ 2025-ാം ജൂബിലി വർഷത്തിൽ നമ്മൾ 'പ്രത്യാശയുടെ തീർഥാടകർ' എന്നാണു വിളിക്കപ്പെടുന്നത്. ഒരു തീർഥാടകനെന്നതുകൊണ്ട് എന്താണർഥമാക്കുന്നത്? ഒരുതീർഥാടകനെന്നാൽ വിനോദസഞ്ചാരിയല്ല, തീർഥാടകന് ഒരു ലക്ഷ്യമുണ്ട്. ഈശോയിൽ തുടങ്ങി ഈശോയിൽ അവസാനിക്കുന്ന, സഹയാത്രികനായി ഈശോയുടെകൂടെയുള്ള യാത്രയാണത്. തീർഥാടനം ഒരു വിശുദ്ധയാത്രയാണ്. ദൈവത്തോടൊപ്പമുള്ള യാത്ര. നമ്മോടൊപ്പം യാത്ര ചെയ്യുന്ന ദൈവത്തിന്റെ പേരാണ് എമ്മാനുവൽ. യാത്രയുടെ അവസാനത്തിൽ ദൈവം നമ്മെ കരംപിടിച്ചു സ്വാഗതം ചെയ്യും. ജീവിതം ഒരു തീർഥാടനമാണ്. നിങ്ങൾക്കു വിശ്വസ്തനായ ഒരു സഹയാത്രികനുണ്ടെന്ന കാര്യം വിസ്മരിക്കരുത്. അതു നമ്മുടെ കർത്താവാണ് (ആർച്ചുബിഷപ് സോക്രട്ടീസ് ഫിലിപെയിൻസ്).

അനുരഞ്ജനത്തിന്റെയും പാപമോചനത്തിന്റെയും വിശുദ്ധവർഷമായിട്ടാണു ജൂബിലി വർഷം തിരുസഭയിലാരംഭിച്ചത്. ജൂബിലി വർഷത്തിലെ വലിയനോമ്പുകാലാചരണത്തിലാണു നമ്മൾ. ആരാധനാവത്സരത്തിലെ പുണ്യം പുഷ്പിക്കുന്ന വസന്തകാലമെന്നാണു നോമ്പുകാലം വിശേഷിപ്പിക്കപ്പെടുന്നത്. പാരമ്പര്യത്തിന്റെ ശ്രേഷ്ഠതയും പ്രാധാന്യവും സമൂഹത്തിനു പകർന്നു നൽകാനുള്ള ചുമതല നമുക്കുണ്ട്.

പ്രാർഥനയ്ക്കും ഉപവാസത്തിനും ദാനധർമത്തിനും പ്രത്യേകമായ പ്രാധാന്യം നൽകുന്ന കാലഘട്ടമാണു നോമ്പുകാലം. ഈ അനുഷ്ഠാനങ്ങൾ നമ്മുടെയുള്ളിൽ പരിവർത്തനമുളവാക്കുന്നില്ലെങ്കിൽ, ഫലദായകമാകുന്നില്ലെങ്കിൽ അതിന്റെ പ്രധാനകാരണം അവയുടെ യാന്ത്രികതയാണ്. പ്രാർഥനാജീവിതത്തിൽ ആഴപ്പെടുകയാണ് ഏറ്റവും പ്രധാനമായ കാര്യം. വി. ജോൺ മരിയ വിയാനിയോട് ഒരാൾ ചോദിച്ചു: 'അങ്ങ് എങ്ങനെയാണു പ്രാർഥിക്കുന്നത്'? അതിന് അദേഹം നൽകിയ മറുപടി ഇങ്ങനെയാണ്: 'ഞാൻ ഈശോയെ നോക്കിയിരിക്കും; ഈശോ എന്നെയും'. നോട്ടത്തിലെത്രമാത്രം ആഴപ്പെടാൻ സാധിക്കുമോ അത്രമാത്രം ലോകത്തോടും ലോകവസ്തുക്കളോടുമുള്ള താത്പര്യത്തിൽനിന്നു മുക്തരാകാൻ നമുക്കു സാധിക്കും.

ലോകമിന്ന് ആന്തരികമായി നിശബ്ദതക്കും വിശ്രമത്തിനുംവേണ്ടിയുള്ള സഹനത്തിലാണെന്നാണ് ആർച്ചുബിഷപ് ഫുൾട്ടൻ ജെ. ഷീൻ പറയുന്നത്. നിശബ്ദതയിൽ ദൈവത്തെ കണ്ടുമുട്ടാൻ സാധിക്കണം. പ്രാർഥന ആസ്വാദി

ക്കുകയെന്നതു വെല്ലുവിളിയാണ്. യഥാർഥമായ ഒരു ബന്ധം ദൈവവുമായി വ്യക്തിപരമായുണ്ടാക്കാൻ സാധിക്കണം. ഇതിൽനിന്നാകണം സമൂഹാരാധനയിലേക്കു കടക്കാൻ. അതിൽ പ്രധാനപ്പെട്ടതാണു കുടുംബപ്രാർഥന. 'കുടുംബത്തിലെ കുർബാനയാണു സന്ധ്യാപ്രാർഥന'യെന്നാണു ഭാഗ്യസ്മരണാർഹനായ ബനഡിക്റ്റ് 16-ാമൻ മാർപാപ്പ പറഞ്ഞിട്ടുള്ളത്. നമ്മുടെ ഭവനങ്ങൾ ഇക്കാര്യത്തിൽ സമൂഹത്തിനു മാതൃകയാകണം.

ജീവിതനവീകരണത്തിനായി ഫ്രാൻസിസ് മാർപാപ്പ നൽകുന്ന നിർദേശങ്ങളിലൊന്നാമത്തേത് അനുദിനമുള്ള പരിശുദ്ധ കുർബാനയിലെ പങ്കാളിത്തമാണ്. ഒരു കുടുംബത്തിൽനിന്നും ഒരാളെങ്കിലും എല്ലാ ദിവസവും പരിശുദ്ധ കുർബാനയിൽ പങ്കെടുക്കാൻ പാപ്പ നിർദേശിക്കുന്നു. ഓരോ പരിശുദ്ധ കുർബാനയും മനുഷ്യജീവിതത്തിന്റെ ഉറവിടവും ഉന്നതിയുമാണ്. പരിശുദ്ധ കുർബാനയിൽ പങ്കാളിയാകുക ജീവിതത്തിന്റെ ഏറ്റവും മഹോന്നതമായ കാര്യമാണെന്ന തിരിച്ചറിവോടെ, അനുരഞ്ജിതമായ ഹൃദയത്തോടെ, ദൈവത്തിനു സ്വീകാര്യമായ ബലിയർപ്പിക്കുക നമ്മുടെ കടമയാണ്.

ഉപവാസം, ദാനധർമം, നീതി എന്നിവയോടുകൂടിയാകുമ്പോൾ പ്രാർഥന നല്ലതാണ് *(തോബി. 12:8)* എന്നാണു വിശുദ്ധഗ്രന്ഥം പഠിപ്പിക്കുന്നത്. ഉപവാസമനുഷ്ഠിക്കുമ്പോൾ ശരീരം ഭക്ഷണത്തെയും ആത്മാവു തിന്മകളെയും വെടിയണം. നമ്മുടെയുള്ളിലുള്ള വെറുപ്പ്, കോപം, അസൂയ തുടങ്ങിയ തിന്മകളെയും ആസക്തികളെയും വിജയിക്കാൻ സാധിക്കണം. പ്രാർഥന പൂർണമാകുന്നത് അതു പ്രവൃത്തിയിലാകുമ്പോഴാണ്. ഹൃദയം ശുദ്ധമല്ലെങ്കിൽ ബാഹ്യമായ ആചാരങ്ങൾക്കു പ്രസക്തിയില്ല. ദാനധർമം മരണത്തിൽനിന്നു രക്ഷിക്കുന്നു; സകലപാപങ്ങളും തുടച്ചുനീക്കുന്നു *(തോബി. 12:9)* എന്നാണു വചനം പഠിപ്പിക്കുന്നത്. ദാനധർമമെന്നതു ക്രൈസ്തവരെന്നനിലയിലും വിൻസെൻഷ്യൻ പ്രവർത്തകനെന്നനിലയിലും നമ്മുടെ കടമയാണ്. നാമതു ചെയ്യുന്നതോടൊപ്പം അതിനായി മറ്റുള്ളവരെ പ്രേരിപ്പിക്കുകയെന്ന ഉത്തരവാദിത്വവുമുണ്ട്.

വാർഷികക്കണക്കുകൾ തയ്യാറാക്കുമ്പോൾ സെൻട്രൽ കൗൺസിൽ നൽകുന്ന നിർദേശങ്ങൾ കൃത്യമായി പാലിക്കാനും ബാലൻസ് തുക അത്യാവശ്യത്തിനു മാത്രമുള്ളതാകാനും പ്രത്യേകമായി ശ്രദ്ധിക്കണം. നിയമങ്ങൾ കർശനമാക്കുന്ന സാഹചര്യത്തിൽ കൂടുതൽ തുക മിച്ചം വെക്കുന്നതു നടപടികൾക്കു കാരണമായേക്കാം; അതിന് അതതു കോൺഫെറൻസുകൾ/ ഏരിയ കൗൺസിലുകൾ ഉത്തരവാദിത്വം വഹിക്കേണ്ടതാണ്. **ഏപ്രിൽ പന്ത്രണ്ടിനകം** ഏരിയ കൗൺസിലുകൾ കണക്കുകൾ ഓഡിറ്റ് ചെയ്തതു സെൻട്രൽ കൗൺസിലിൽ എത്തിക്കേണ്ടതാണ്.

**മെയ് 18നു** തുരുത്തി മാർത്ത് മറിയം ഫൊറോനാപ്പള്ളിയിലാണ് ഇത്ത വണത്തെ സെൻട്രൽ കൗൺസിൽ വാർഷികം എന്ന കാര്യം അറിയിക്കുന്നു. ഈ കാലയളവിൽ നമ്മെ പിരിഞ്ഞ കുടമാളൂർ സെന്റ് മേരീസ് കോൺഫെറൻസ് അംഗം ബ്രദർ കെ. പി. ജോണിനെ പ്രാർഥനയിലോർക്കാം. ഹൃദയലാളിത്യ ത്തോടെ ജീവിക്കാനും മറ്റുള്ളവർക്കുവേണ്ടി ചിന്തിക്കാനും അപരനു നന്മകൾ ചെയ്യാനും സാധിക്കട്ടെയെന്ന പ്രാർഥനയോടെ

ഈശോയിൽ സ്നേഹപൂർവം,

**ബ്രദർ തോമസ് ടി. മൂലയിൽ**
*സെൻട്രൽ കൗൺസിൽ പ്രസിഡന്റ്*

---

## ➤➤➤ *സെക്കുലർ ഫ്രാൻസിസ്കൻ ഓർഡർ തുടർച്ച...*

വരെ സ്വർഗത്തിനുവേണ്ടി ഫ്രാൻസിസ്കൻ ചൈതന്യത്തിൽ ജീവിക്കാൻ ദൈവം അനുഗ്രഹിക്കട്ടെയെന്നു പ്രാർഥിക്കുന്നു.

റീജൻ സംഗമങ്ങൾ പൂർത്തിയായാലുടനെ മുടങ്ങിക്കിടക്കുന്ന ഭ്രാതൃത്വ ങ്ങളിലെ തെരഞ്ഞെടുപ്പ്, നോമ്പുകാലപീഡാനുഭവപദയാത്ര എന്നിവ നടത്തണമെന്നും ഈശോയുടെ മനുഷ്യാവതാരത്തിന്റെ 2025-ാം ജൂബിലി വർഷത്തിൽ എല്ലാ അംഗങ്ങളും ഫാ. ലിയോ കീപ്രത്ത് കപ്പൂച്ചിൻ എഴുതിയ 'അസ്സീസ്സിയിലെ വി. ഫ്രാൻസിസ്' എന്ന പുസ്തകം വായിച്ചു പ്രബുദ്ധരാ കണമെന്നും നമ്മുടെ നിയമാവലിയനുസരിച്ചു ജീവിക്കണമെന്നും വെട്ടിക്കൽ അച്ചൻ പറഞ്ഞു.

**സ്വർഗപ്രാപ്തി**

കുറുമ്പനാടം റീജൻ തൃക്കൊടിത്താനം സെന്റ് ഫ്രാൻസിസ് ഭ്രാതൃത്വാംഗം സഹോദരൻ തോപ്പിൽ ഡോ. വർഗീസ് ദേവസ്യ, കുന്നന്താനം സെന്റ് ജോസഫ് ഭ്രാതൃത്വാംഗം സഹോദരി അന്നമ്മ ചാക്കോ കാഞ്ഞിരത്താനം എന്നീ സഹോ ദരങ്ങളുടെ ആത്മശാന്തിക്കായി പ്രത്യേകം പ്രാർഥിക്കാം.

**ബ്രദർ വി.സി. അലക്സ് വലിയപറമ്പിൽ**
*(പ്രസിഡന്റ്)*

**ഫാ. തോമസ് വെട്ടിക്കൽ OFM Cap.**
*(സ്പിരിചൽ അസ്സിസ്റ്റന്റ്)*

# കരിസ്മാറ്റിക് നവീകരണം

കാലം കടന്നുപോകുന്നതനുസരിച്ചു സ്വസ്ഥമായി ഇരിക്കാനും ശീലിച്ചവ മാത്രം പ്രവർത്തിക്കാനുമുള്ള പ്രലോഭനം കൂടിക്കൊണ്ടിരിക്കും. അതാശ്വാസ പ്രദമാണെങ്കിലും നന്മയുള്ളതായിരിക്കുകയില്ല. സഭാത്മകപക്വത കൈവരി ക്കുന്നതിനു നിങ്ങൾക്കു നൽകപ്പെട്ടിരിക്കുന്ന വരദാനങ്ങളുടെ പുതുമ നില നിർത്തുക. ഓരോരുത്തരുടെയും വ്യക്തിസ്വാതന്ത്രത്തെ മാനിക്കുകയും ചെയ്യുക. ആശയവിനിമയത്തിനായി എപ്പോഴും ഒരുക്കമുള്ളവരായിരിക്കുക. ഐക്യമെ ന്നത് ഏകരൂപമല്ല. ആശയസംഘർഷം നിലവിലുള്ളപ്പോഴും നിലനിൽക്കുന്ന താണ് ഐക്യം.

**ഫ്രാൻസിസ് മാർപാപ്പ**
(കത്തോലിക്കാ ഫ്രറ്റേണിറ്റികളുടെ സംഗമം നവംബർ 2014)

### അല്മായവചനപ്രഘോഷകർക്കുള്ള പരിശീലനം

അതിരൂപതയുടെ നേതൃത്വത്തിൽ അല്മായവചനപ്രഘോഷകർക്കുള്ള പരി ശീലനം **മാർച്ച് 1-2** തീയതികളിൽ കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ നടത്തപ്പെടുന്നതാണ്. *മാർച്ച് 1 രാവിലെ 9 മുതൽ മാർച്ച് 2 വൈകുന്നേരം 4 വരെയാണു* ക്യാംപ്. അഭി. പിതാക്കന്മാരും വചനപ്രഘോഷകരുമാണു ക്യാംപ് നയിക്കുന്നത്. അതിരൂപതയുടെ കാർഡ് ഈ ക്യാംപിനുശേഷം വിതരണം ചെയ്യുന്നതാണ്. രജിസ്ട്രേഷൻ ഫീസ്: 800 രൂപ.

### സോണൽ സേവനസമിതിയോഗം

ജനുവരി 25നു ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്റർ ഓഫീസിൽ സേവന സമിതി സമ്മേളിച്ചു. ഈശോയുടെ മനുഷ്യാവതാരത്തിന്റെ 2025-ാം ജൂബിലി വർഷത്തോടബന്ധിച്ച് അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്താ വിളിച്ചു ചേർത്ത സംഘടനകളുടെ യോഗത്തിൽ കരിസ്മാറ്റിക് നവീകരണശുശ്രൂഷ യുടെ അടുത്തവർഷത്തെ പ്രവർത്തനപദ്ധതി സമർപ്പിച്ച കാര്യം കോഡിനേറ്റർ അറിയിച്ചു.

### കെരിഗ്മ കോഴ്സ്

വ്യക്തിപരമായും സമൂഹങ്ങളെ അഭിമുഖീകരിച്ചും ഈശോയെ പരിചയ പ്പെടുത്താനും പ്രഘോഷിക്കാനും പ്രായോഗികപരിശീലനം നൽകുന്ന പരിശീലനപരിപാടിയാണു കെരിഗ്മ കോഴ്സ്. **മാർച്ച്** 27 രാവിലെ 9 മുതൽ **മാർച്ച്** 30 വൈകുന്നേരം 4 വരെ കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ നടത്തപ്പെടുന്ന ഈ പരിശീലനപരിപാടിക്ക് **99612982172** (ജിജോ സഖറിയ) എന്ന നമ്പറിൽ വിളിച്ചു ബുക്ക് ചെയ്യാവുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 1200 രൂപ.

**കുടുംബസംഗമം**

ഫെബ്രുവരി എട്ടിനു ചെത്തിപ്പുഴ സബ്സോണിന്റെ കുടുംബോത്സവം ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയുടെ ഹാളിൽ നടത്തപ്പെട്ടു. കെ.സി.ബി.സി. കരിസ്മാറ്റിക് കമ്മിഷൻ ആനിമേറ്റർ ഫാ. ജോസഫ് താമരവെളി മുഖ്യപ്രഭാഷകനായിരുന്നു. സോണൽ ആനിമേറ്റർ ഫാ. തോമസ് പ്ലാപ്പറമ്പിൽ സമ്മേളനത്തിന് അധ്യക്ഷതവഹിച്ചു. മുൻ ആനിമേറ്റർമാരായിരുന്ന ഫാ. ജോർജ് പഴയപുര, ഫാ. തോമസ് കല്ലുകളം സി.എം.ഐ., ഫാ. മാത്യു താന്നിയത്ത്, ആദ്യകാലങ്ങളിലെ കരിസ്മാറ്റിക് നേതൃനിര എന്നിവരെ ആദരിച്ചു. ഫാ. സിറിയക് കാഞ്ഞിരത്തുംമൂട്ടിൽ നേതൃത്വം നൽകിയ പരിശുദ്ധ കുർബാനയുടെ ആരാധനയോടെ കുടുംബോത്സവം അവസാനിച്ചു.

**ജൂബിലേവൂസ്: ജൂബിലിയൊരുക്ക പ്രാർഥനാ കൺവെൻഷൻ**

ഫെബ്രുവരി അഞ്ചിന് എടത്വാ സെന്റ് ജോർജ് ഫൊറോനാപ്പള്ളിയിൽ ജൂബിലേവൂസ് നടത്തപ്പെട്ടു. തിരുവല്ല സബ്സോണൽ ആനിമേറ്റർ ഫാ. മാത്യു പൊട്ടുകളം ഇതിനു നേതൃത്വം നൽകി.

**ലോഡ്സ് കപ്പിൾസ് മിനിസ്ട്രി**

ഫെബ്രുവരി ഒന്നിനു ചങ്ങനാശ്ശേരി സോണിന്റെ 71-ാമതു സമ്മേളനം ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ടു. കപ്പിൾസ് മിനിസ്ട്രി കോൺടാക്റ്റ് പേഴ്സൺ വി. ലൂക്കായുടെ സുവിശേഷം ആറാം അധ്യായം 12 മുതലുള്ള വാക്യങ്ങൾ വായിച്ചു വചനവിചിന്തനം നടത്തി. മിനിസ്ട്രിയുടെ കോഡിനേറ്റർ എല്ലാവരെയും സ്വാഗതം ചെയ്തു. അഞ്ചു ദമ്പതികൾ ഇതിൽ പങ്കെടുത്തു. അവരവരുടെ ഇടവകകളിലെ പ്രവർത്തനങ്ങളെക്കുറിച്ച് എല്ലാവരും പങ്കുവെച്ചു. മാടപ്പള്ളി, രാജമറ്റം എന്നീ ഇടവകകളിൽ കപ്പിൾസ് മിനിസ്ട്രിയുടെ പ്രവർത്തനങ്ങളാരംഭിക്കാൻ ഇടവകവികാരിമാരുടെ അനുവാദം വാങ്ങിയിട്ടുണ്ട്. ഫാ. ലൂയിസ് വെള്ളാനിക്കലിന്റെ സൗഖ്യത്തിനായി പ്രത്യേകം പ്രാർഥിച്ചു. അടുത്ത മീറ്റിങ് ഫെബ്രുവരി 22നു നടത്താൻ തീരുമാനിച്ചു. സെക്രട്ടറി എല്ലാവർക്കും നന്ദി രേഖപ്പെടുത്തി.

സ്നേഹപൂർവം,

**ബ്രദർ മഞ്ജു മാത്തൂർ**
*(കോഡിനേറ്റർ)*

**ഫാ. തോമസ് പ്ലാപ്പറമ്പിൽ**
*(ആനിമേറ്റർ)*

മൽപാൻ ഫാ. മാത്യു വെള്ളാനിക്കൽ



# നിഷ്കളങ്കശുശ്രൂഷയും വിശുദ്ധിക്ക് ആഹ്വാനവും

(തിരുവചനഭാഗം: 2 കോറിന്തോസ് 6,1–7,1)

2 കോറിന്തോസ് 6,1–7,1 ൽ തന്റെ ശ്ലൈഹികശുശ്രൂഷ നിഷ്കളങ്കമാണെന്ന ബോധ്യത്തിലേക്കു കോറിന്തോസുകാർ വന്നതിലുള്ള സന്തോഷം പൗലോസ് ശ്ലീഹാ പ്രകടമാക്കുകയും വിശുദ്ധിയിലേക്കുള്ള വിളിക്കു പ്രത്യുത്തരം നൽകണമെന്ന് അവർക്ക് ആഹ്വാനം നൽകുകയും ചെയ്യുന്നു. ഈ തിരുവചനഭാഗം താഴെക്കാണുംവിധം വിഭജിക്കാം.

1. ദൈവത്തിന്റെ സഹപ്രവർത്തകർ (6,1–3)
2. ദൈവത്തിന്റെ ദാസന്മാർ (6,4–10)
3. ഹൃദയം തുറന്നു പെരുമാറുക (6,11–13)
4. അവിശ്വാസികളുമായി കൂട്ടുചേരരുത് (6,14–16)
5. വിശുദ്ധി പരിപൂർണമാക്കുക (6,17–7,1)

ഈ വചനഭാഗം അജപാലകർക്കു നൽകുന്ന സന്ദേശങ്ങൾ മനസിലാക്കാൻ ശ്രമിക്കാം.

### 1. ദൈവത്തിന്റെ സഹപ്രവർത്തകർ

*''നിങ്ങൾക്കു കൈവന്നിരിക്കുന്ന ദൈവകൃപ വ്യർഥമാക്കരുതെന്ന് അവിടുത്തെ സഹപ്രവർത്തകരെന്നനിലയിൽ ഞങ്ങൾ നിങ്ങളോട് അപേക്ഷിക്കുന്നു. അവിടുന്ന് അരുളിച്ചെയ്യുന്നു: സ്വീകാര്യമായ സമയത്തു ഞാൻ നിന്റെ പ്രാർഥന കേട്ടു. രക്ഷയുടെ ദിവസത്തിൽ ഞാൻ നിന്നെ സഹായിക്കുകയും ചെയ്തു. ഇതാ, ഇപ്പോൾ സ്വീകാര്യമായ സമയം. ഇതാ, ഇപ്പോൾ രക്ഷയുടെ ദിവസം. ഞങ്ങളുടെ ശുശ്രൂഷയിൽ ആരും കുറ്റം കാണാതിരിക്കേണ്ടതിനു ഞങ്ങൾ ആർക്കും ഒന്നിനും പ്രതിബന്ധം ഉണ്ടാക്കുന്നില്ല''* (6,1–3).

അനുരഞ്ജനത്തിന്റെ ശുശ്രൂഷയിൽ ദൈവത്തിന്റെ സഹപ്രവർത്തകർ എന്ന നിലയിലാണു തന്റെ അഭ്യർഥനയെന്ന് ആദ്യവാക്യത്തിൽതന്നെ പൗലോസ് ശ്ലീഹാ വ്യക്തമാക്കുന്നു. ദൈവം മ്ശിഹായിലൂടെ ലോകത്തെ തന്നോടു രമ്യപ്പെടുത്തി. ദൈവത്തിന്റെ സ്ഥാനപതിയെന്നനിലയിൽ പൗലോസിനെ അനുരഞ്ജനത്തിന്റെ ഈ ശുശ്രൂഷ ദൈവം ഭരമേല്പിച്ചിരിക്കുന്നു. ഇക്കാരണത്താലാണു

ദൈവത്തിന്റെ സഹപ്രവർത്തകരെന്നനിലയിൽ പൗലോസും സഹപ്രവർത്ത കരും കോറിന്തോസുകാരോടു ഫലശൂന്യമാകാതിരിക്കാൻ അവർ ദൈവകൃപ നിരസിക്കരുതെന്ന് അഭ്യർഥിക്കുന്നത്. അനുരഞ്ജനപ്പെടുകയെന്നതു കൃപ സ്വീകരിച്ചതിന്റെ സ്വാഭാവികഫലമാണ്. തന്നോടും തന്റെ സഹകാരികളോടു മുള്ള മനോഭാവം മാറ്റിക്കൊണ്ടാണ് ഇതു സാധ്യമാക്കേണ്ടത്.

കോറിന്തോസുകാരോടുള്ള മനോഭാവം മാറ്റി വളരെ ഹൃദയപൂർവം താൻ അവരോട് ഇടപെടുന്നതുപോലെ അവരുടെ ഭാഗത്തുനിന്നുള്ള പ്രതികരണവും ശ്ലീഹാ പ്രതീക്ഷിക്കുന്നു. കോറിന്തോസിലെ സഭയും പൗലോസും തമ്മിലുള്ള ബന്ധത്തിന്റെ നിർണായകമായ സമയമാണിത്. ഇക്കാര്യം ഊന്നിപ്പറയാൻ ഏശയ്യായുടെ പ്രവചനത്തിലെ ഒരു തിരുവചനം ശ്ലീഹാ ഇവിടെച്ചേർക്കുന്നു (ഏശ. 49,8). യഹൂദരായ റബ്ബിമാരുടെ വ്യാഖ്യാനശൈലിയിൽ ഈ വചനത്തെ അപഗ്രഥിച്ചുകൊണ്ട് അവിടെ സൂചിപ്പിച്ചിരിക്കുന്ന നിർണായകസമയം കോറി ന്തോസിലെ സഭയെ സംബന്ധിച്ചിടത്തോളം ഇപ്പോഴാണെന്നു സ്ഥാപിക്കുന്നു (6,2). തന്റെ ശുശ്രൂഷയിലൂടെ കോറിന്തോസുകാർക്കുവേണ്ടി ദൈവത്തിന്റെ സ്വീകാര്യമായ സമയം പൗലോസ് അവർക്കു നൽകി. പൗലോസിനോടും മറ്റുള്ള വരോടും തമ്മിൽത്തമ്മിലും അനുരഞ്ജനപ്പെട്ടുകൊണ്ട് ഈ കൃപ അവർ സമൃദ്ധമാക്കണം. തങ്ങളുടെ ശുശ്രൂഷയിൽ അനുരഞ്ജനശുശ്രൂഷയ്ക്ക് അജ പാലകർ പ്രധാനമായ ഒരു സ്ഥാനം നൽകണമെന്ന് ഈ തിരുവചനഭാഗം ഓർമ പ്പെടുത്തുന്നു.

### 2. ദൈവത്തിന്റെ ദാസന്മാർ

*"മറിച്ച്, എല്ലാവിധത്തിലും ദൈവത്തിന്റെ ദാസന്മാരാണെന്നു ഞങ്ങൾ അഭി മാനിക്കുന്നു; വലിയസഹനത്തിൽ, പീഡകളിൽ, ഞെരുക്കങ്ങളിൽ, അത്യാഹിത ങ്ങളിൽ, മർദനങ്ങളിൽ, കാരാഗൃഹങ്ങളിൽ, ലഹളകളിൽ, അധ്വാനങ്ങളിൽ, ജാഗരണത്തിൽ, വിശപ്പിൽ, ശുദ്ധതയിൽ, ജ്ഞാനത്തിൽ, ക്ഷമയിൽ, ദയയിൽ, പരിശുദ്ധാത്മാവിൽ, നിഷ്കളങ്കസ്നേഹത്തിൽ; സത്യസന്ധമായ വാക്കിൽ, ദൈവത്തിന്റെ ശക്തിയിൽ, വലത്തുകൈയിലും ഇടത്തുകൈയിലുമുള്ള നീതി യുടെ ആയുധത്തിൽ; ബഹുമാനത്തിലും അവമാനത്തിലും, സത്കീർത്തിയിലും ദുഷ്കീർത്തിയിലും ഞങ്ങൾ അഭിമാനിക്കുന്നു. വഞ്ചകരെപ്പോലെ ഞങ്ങൾ കരുതപ്പെടുന്നു; എങ്കിലും ഞങ്ങൾ സത്യസന്ധരാണ്"* (6,4-8).

തന്നെക്കുറിച്ചും സഹകാരികളെക്കുറിച്ചും ദൈവദാസന്മാരെന്നനിലയിൽ ശ്ലീഹാ ചില ന്യായീകരണങ്ങൾ ഇവിടെ അവതരിപ്പിക്കുന്നു. അനുരഞ്ജനത്തിന്റെ ഈ ശുശ്രൂഷ കുറ്റമറ്റതാണ്. ഇതേവരെ സ്വന്തം ശുശ്രൂഷയെപ്പറ്റി പൗലോസ് മേനി പറഞ്ഞിരുന്നില്ല. മാത്രമല്ല, അപ്രകാരം പറഞ്ഞു നടക്കുന്നവരെ കടുത്ത ഭാഷയിൽ വിമർശിക്കുകയും ചെയ്തിരുന്നു (2 കോറി. 3,1-6). എന്നാലിപ്പോൾ യഥാർഥശ്ലൈഹികശുശ്രൂഷയെ വിലയിരുത്തേണ്ടതെങ്ങനെയെന്നതിനു തങ്ങ

ളുടെ ജീവിതത്തെത്തന്നെ മാതൃകയായി അവതരിപ്പിക്കുന്നു. അതു വ്യക്തി പരമായ ആത്മപ്രശംസയോ, ആധികാരികത തെളിയിക്കലോ അല്ല. മറിച്ച് അദ്ദേഹം തങ്ങളുടെ ശുശ്രൂഷയുടെ മഹനീയത ഇവിടെ പ്രകടമാക്കുകയാണ്.

തുടർന്നുവരുന്ന വാക്യങ്ങളിൽ തന്റെ ശ്ലൈഹികശുശ്രൂഷ എത്രമാത്രം വേദനകളും പ്രതിസന്ധികളും നിറഞ്ഞതാണെന്നു പൗലോസ് അക്കമിട്ടു ചൂണ്ടിക്കാട്ടുന്നു. ശ്ലൈഹികശുശ്രൂഷയുടെ അടയാളമായി താൻ മ്ശിഹായ്ക്കു വേണ്ടി സഹിച്ചവയുടെയും ഇപ്പോഴും സഹിക്കുന്നവയുടെയും വലിയപട്ടിക തന്നെയാണു ശ്ലീഹാ അവതരിപ്പിക്കുന്നത്. വലിയസഹനത്തിൽ (6,4) എന്നതു പൊതുവായ വിഷയാവതരണമാണ്. തുടർന്ന് 18 കാര്യങ്ങളാണു ശ്ലീഹാ എടുത്തു പറയുന്നത്. ഇവയെ രണ്ടുതരത്തിലുള്ള കാര്യങ്ങളായി മനസിലാക്കാം. ആദ്യത്തെ ഒമ്പതുകാര്യങ്ങൾ സഹനങ്ങളാണ് (6,4-5). പിന്നീടുള്ള ഒമ്പതുകാര്യ ങ്ങൾ ശ്ലീഹായുടെ ധാർമികതയുടെ അടിത്തറയുടെയും ശ്ലീഹാ പിന്തുടരുന്ന ശൈലിയുടെയും ചിത്രം നൽകുന്നു (6,6-7). ഇവ സുവിശേഷത്തിനായി എത്ര ശ്രദ്ധാപൂർവം ജീവിതത്തെ ക്രമപ്പെടുത്തിയെന്നു വ്യക്തമാക്കുന്നു. തുടർന്നു വരുന്ന രണ്ടുകാര്യങ്ങളിലൂടെ (6,8) താൻ സുവിശേഷത്തിനായി നിലകൊണ്ട വിരുദ്ധസാഹചര്യങ്ങൾ ശ്ലീഹാ സൂചിപ്പിക്കുന്നു. ഈ സാഹചര്യങ്ങളെല്ലാം ശ്ലീഹായ്ക്ക് അഭിമാനിക്കാനുള്ളതാണ്. ഗുരുവിന്റെ വഴിയെന്തോ അതുതന്നെ യാണു ശിഷ്യന്റേതും. മ്ശിഹായെപ്പോലെ സഹനദാസനാകുന്നവനാണു യോഗ്യനായ ശുശ്രൂഷകൻ. അജപാലനശുശ്രൂഷയിൽ അനുഭവവേദ്യമാകുന്ന സഹനങ്ങൾ സഹനദാസനായ മ്ശിഹായോട് അനുരൂപപ്പെടാനുള്ള അവസര ങ്ങളായി അജപാലകർ കരുതണം.

### 3. ഹൃദയം തുറന്നു പെരുമാറുക

*''കോറിന്തോസുകാരേ, ഞങ്ങൾ നിങ്ങളോടു വളരെ തുറന്നുസംസാരിക്കുന്നു. ഞങ്ങളുടെ ഹൃദയം നിങ്ങളെ തുറന്നുകാണിക്കുകയും ചെയ്യുന്നു. ഞങ്ങൾ മുഖാന്തരമല്ല നിങ്ങൾ ഞെരുങ്ങുന്നത്; നിങ്ങൾ നിങ്ങളിൽത്തന്നെയാണു ഞെരു ങ്ങുന്നത്. മക്കളോട് എന്നതുപോലെ ഞാൻ പറയുന്നു, നിങ്ങളും ഞങ്ങളോടു ഹൃദയം തുറന്നു പെരുമാറുവിൻ''* (6,11-13).

സഹതാപം പിടിച്ചെടുക്കാനല്ല പൗലോസ്ശ്ലീഹാ തന്റെ സഹനങ്ങളുടെ നീണ്ടപട്ടിക അവതരിപ്പിക്കുന്നത്. മറിച്ചു തന്റെ ശുശ്രൂഷയുടെ ആധികാരിക തയെ അടിവരയിട്ട് ഉറപ്പിക്കാനാണ്. തന്റെ മുറിവുകൾ തന്റെ വിജയത്തിന്റെ മുദ്രകളാണെന്നും തന്റെ ശുശ്രൂഷയിൽ യാതൊരു കുറവുമില്ലെന്നും സമർഥി ക്കാനുമാണു സുവിശേഷത്തിനുവേണ്ടിയുള്ള സഹനങ്ങളുടെ ഈ പട്ടിക ശ്ലീഹാ അവതരിപ്പിക്കുന്നത്. കോറിന്തോസുകാർ തങ്ങളുടെ ശ്ലീഹായോടു പൂർണ മായും അനുരഞ്ജനപ്പെടണമെന്നു പറയുന്നതിനു പശ്ചാത്തലമായിട്ടാണ് ഇക്കാര്യങ്ങളെല്ലാം പൗലോസ് അവരുടെ മുമ്പിൽ അവതരിപ്പിക്കുന്നത്.

തുടർന്നു പൗലോസ് തന്റെ അഭ്യർഥന വ്യക്തമായി രേഖപ്പെടുത്തുന്നുണ്ട്: ''കോറിന്തോസുകാരേ, ഞങ്ങൾ നിങ്ങളോടു വളരെ തുറന്നുസംസാരിക്കുന്നു. ഞങ്ങളുടെ ഹൃദയം നിങ്ങളെ തുറന്നുകാണിക്കുകയും ചെയ്യുന്നു. ഞങ്ങൾ മുഖാന്തരമല്ല നിങ്ങൾ ഞെരുങ്ങുന്നത്. നിങ്ങൾ നിങ്ങളിൽത്തന്നെയാണു ഞെരുങ്ങുന്നത്; മക്കളോട് എന്നതുപോലെ ഞാൻ പറയുന്നു. നിങ്ങളും ഞങ്ങളോടു ഹൃദയം തുറന്നു പെരുമാറുവിൻ'' (6,11-13). മക്കളോടെന്നപോലെയുള്ള അഭ്യർഥന പൗലോസിന്റെ വാത്സല്യവും കരുതലും വ്യക്തമാക്കുന്നതാണ്. പൗലോസ് തുറന്നുസംസാരിക്കുകയും ഹൃദയത്തിൽ അവർക്കു വലിയസ്ഥാനം കൊടുക്കുകയും ചെയ്തിരിക്കുന്നു. കോറിന്തോസുകാരിൽനിന്ന് ഇതിനനുസൃതമായി ഹൃദ്യവും തുറവിയുള്ളതുമായ പ്രതികരണമാണു പൗലോസ് പ്രതീക്ഷിക്കുന്നത് (8,13). തങ്ങളെ ഏല്പിച്ചിരിക്കുന്ന അജഗണങ്ങളുമായി ഇതുപോലെ ഹൃദ്യമായ ഒരു പിതൃപുത്രബന്ധം വളർത്താൻ അജപാലകർ ശ്രദ്ധിക്കണം.

### 4. അവിശ്വാസികളുമായി കൂട്ടുചേരരുത്

*''നിങ്ങൾ അവിശ്വാസികളുമായി കൂട്ടുചേരരുത്. നീതിയും അനീതിയും തമ്മിൽ എന്തു പങ്കാളിത്തമാണുള്ളത്? പ്രകാശത്തിന് അന്ധകാരവുമായി എന്തു കൂട്ടുകെട്ടാണുള്ളത്? മ്ശിഹായ്ക്കു ബലിയാലുമായി എന്തു യോജിപ്പാണുള്ളത്? വിശ്വാസിക്ക് അവിശ്വാസിയുമായി എന്താണു പൊതുവിലുള്ളത്? ദൈവത്തിന്റെ ആലയത്തിനു വിഗ്രഹങ്ങളുമായി എന്തു പൊരുത്തമാണുള്ളത്? നമ്മൾ ജീവിക്കുന്ന ദൈവത്തിന്റെ ആലയമാണ്. എന്തെന്നാൽ, ദൈവം അരുളിച്ചെയ്തിരിക്കുന്നു: ഞാൻ അവരിൽ വസിക്കുകയും അവരുടെയിടയിൽ വ്യാപരിക്കുകയും ചെയ്യും; ഞാൻ അവരുടെ ദൈവമായിരിക്കും; അവർ എന്റെ ജനവുമായിരിക്കും''* (6,14-16).

അവിശ്വാസികളുമായി സമ്പർക്കമരുതെന്നാണു ശ്ലീഹായുടെ പ്രബോധനം. എന്തുതരം സമ്പർക്കമാണ് ഇവിടെ വിവക്ഷിക്കുന്നതെന്നു വ്യക്തമല്ല. എങ്കിലും തുടർന്നുവരുന്ന വാക്യങ്ങളുടെ അടിസ്ഥാനത്തിൽ വിജാതീയരുടെ ആരാധനകളിലും വിരുന്നുകളിലുമുള്ള പങ്കുചേരലിനെയാണ് ഇവിടെ വിവക്ഷിക്കുന്നതെന്നു മനസിലാക്കാം. അഞ്ചു ചോദ്യങ്ങളാണ് ഈ ഉപദേശത്തെ സാധൂകരിക്കാൻ പൗലോസ്ശ്ലീഹാ ഉയർത്തുന്നത്. എല്ലാ ചോദ്യങ്ങളുടെയും ആദ്യഭാഗം വിശ്വാസികളുമായി അടിസ്ഥാനപരമായി ബന്ധപ്പെട്ടിരിക്കുന്ന കാര്യത്തെയും രണ്ടാംഭാഗം അവിശ്വാസികളുമായി ബന്ധപ്പെട്ടിരിക്കുന്നതിനെയും സംബന്ധിച്ചാണ്. പ്രസംഗശൈലിയിലുള്ള ഈ ചോദ്യങ്ങളുടെയെല്ലാം ഉത്തരം വ്യക്തമാണ്. യാതൊരു ബന്ധവുമില്ല എന്നുതന്നെയാണ് എല്ലായിടത്തും ഉത്തരം. മ്ശിഹായുടെ നിയമത്തിനനുസൃതമായ ജീവിതവും അവിശ്വാസിയുടെ നിയമവും പൊരുത്തപ്പെട്ടുപോകുകയില്ല. വിജാതീയരുമായി സമ്പർക്കമരുത് എന്ന

ഉപദേശത്തിലൂടെ സാമൂഹികജീവിതത്തിലെ അനുദിന ഇടപാടുകളെയല്ല, അവരുടെ ആരാധനാകൂട്ടായ്മയിലെ ഭാഗഭാഗിത്വത്തെയാണു വിലക്കുന്നത്.

വിശ്വാസികൾ ദൈവത്തിന്റെ ആലയമാണെന്ന നിലപാടു പുലർത്തിക്കൊണ്ട് ഏതാനും തിരുവചനഭാഗങ്ങൾ ശ്ലീഹാ ഇവിടെ ഉദ്ധരിക്കുന്നു (2 കോറി. 6,16-18). 'ദൈവം അരുളിച്ചെയ്തിരിക്കുന്നു' എന്നു പറഞ്ഞിരിക്കുന്നതു ശ്രദ്ധേയമാണ്. ഇവിടെ ദൈവം നൽകിയ വാഗ്ദാനം പഴയനിയമത്തിലുടനീളം കാണാവുന്നതാണ്. വെളിപാടുപുസ്തകത്തിൽ രക്ഷിക്കപ്പെട്ടവരുടെ നിത്യസൗഭാഗ്യമായി അവതരിപ്പിച്ചിരിക്കുന്നതു ദൈവസാന്നിധ്യമാണ്. പഴയനിയമത്തിൽ, കൂടാരത്തിലും പിന്നീടു ദൈവാലയത്തിലും പ്രതീകങ്ങളിലൂടെ ദൈവം തന്റെ ജനത്തോടൊത്തു വസിച്ചു. മനുഷ്യാവതാരത്തിലൂടെ, ദൈവം നമ്മോടുകൂടെ വസിക്കുന്ന പുതിയസൃഷ്ടി ആരംഭിച്ചു. ഉത്ഥിതനായ മ്ശിഹായുടെ ലോകാവസാനത്തോളമുള്ള സാന്നിധ്യം അവിടുത്തെ അരൂപിയിലൂടെ തിരുസഭയ്ക്കു നൽകപ്പെട്ടിരിക്കുന്നു. ഈ സാന്നിധ്യാനുഭവത്തിന്റെ പരിപൂർത്തിയാണു യുഗാന്ത്യത്തിൽ സംഭവിക്കുന്നതും നിത്യതയിൽ തുടുന്നതും. വിശ്വാസികളുടെ കൂട്ടായ്മയിലും ജീവിതത്തിലുമുള്ള ദൈവസാന്നിധ്യത്തെക്കുറിച്ച് അജപാലകർ അവരെ ബോധവത്കരിക്കണം.

### 5. വിശുദ്ധി പരിപൂർണമാക്കുക

*''ആകയാൽ, നിങ്ങൾ അവരെവിട്ട് ഇറങ്ങിവരുകയും അവരിൽനിന്നു വേർപിരിയുകയും ചെയ്യുവിൻ എന്നു കർത്താവ് അരുളിച്ചെയ്യുന്നു. അശുദ്ധമായതൊന്നും നിങ്ങൾ തൊടുകയുമരുത്; അപ്പോൾ ഞാൻ നിങ്ങളെ സ്വീകരിക്കും; ഞാൻ നിങ്ങൾക്കു പിതാവും നിങ്ങൾ എനിക്കു പുത്രന്മാരും പുത്രികളും ആയിരിക്കും എന്നു സർവശക്തനായ കർത്താവ് അരുളിച്ചെയ്യുന്നു. പ്രിയപ്പെട്ടവരേ, ഈ വാഗ്ദാനങ്ങൾ നമുക്കുള്ളതിനാൽ ശരീരത്തിന്റെയും ആത്മാവിന്റെയും എല്ലാ അശുദ്ധിയിലുംനിന്നു നമ്മെത്തന്നെ ശുചീകരിക്കുകയും ദൈവഭയത്തിൽ വിശുദ്ധി പരിപൂർണമാക്കുകയും ചെയ്യാം''* (6,17-7,1).

ഏശയ്യായുടെ പ്രവചനത്തിലെ, ബാബിലോണിലെ അടിമത്തത്തിൽ കഴിയുന്ന ദൈവജനത്തോടുള്ള അഭ്യർഥന ഉപയോഗപ്പെടുത്തിക്കൊണ്ടു വിജാതീയ വഴികളിൽനിന്നു ദൈവഭവനത്തിലേക്കു തിരിച്ചുവരാൻ കോറിന്തോസിലെ സഭയെ ശ്ലീഹാ ഉപദേശിക്കുകയാണ്. 'ഞാൻ നിങ്ങളെ സ്വീകരിക്കും, നിങ്ങളെ ദൈവമക്കളുടെ കുടുംബാംഗങ്ങളായി കണക്കാക്കും' എന്നീ വചനങ്ങൾ വിശ്വാസത്തിൽനിന്നും വ്യതിചലിക്കാതെ ജീവിക്കുന്ന സഭാംഗങ്ങൾക്കുള്ള വലിയ ബഹുമതിയും അംഗീകാരവുമാണ്. ''തന്നെ സ്വീകരിച്ചവർക്കെല്ലാം ദൈവമക്കളാകാനുള്ള അവകാശം നൽകി'' എന്ന യോഹന്നാൻ സുവിശേഷകന്റെ വാക്കുകൾ ഇവിടെ പ്രസക്തമാണ് (യോഹ. 1,12). കോറിന്തോസുകാർക്കു ദൈവം ഇതിലും വലിയബഹുമതിയും അംഗീകാരവും കൊടുക്കാനില്ല. വിജാതീയവഴികൾ ഉപയോഗിച്ചുവരാൻ തയ്യാറാകുമ്പോൾ അവർ ദൈവത്തിന്റെ മക്കളായിത്തീരും.

'പ്രിയപ്പെട്ടവരേ' എന്ന അഭിസംബോധനയോടെയുള്ള അടുത്തവാക്യം (2 കോറി. 7,1) പൗലോസിനു കോറിന്തോസുകാരോടുള്ള വാത്സല്യം വ്യക്തമാക്കുന്നുണ്ട്. 'നമ്മെത്തന്നെ ശുചീകരിക്കാം' എന്ന ആഹ്വാനത്തിൽ പൗലോസ് തന്നെയും സഹകാരികളെയും ഉൾപ്പെടുത്തുന്നു എന്നതും ശ്രദ്ധേയമാണ്. ഇവിടെ വിശുദ്ധിയിലേക്കുള്ള വിശ്വാസികളുടെ വിളിയെക്കുറിച്ച് അവരെ ഓർമിപ്പിക്കുകയാണ്. വിജാതീയാരാധന അശുദ്ധിയിലേക്കാണു നയിക്കുന്നത്. അതിനാൽ, അതു പൂർണമായി ഉപേക്ഷിക്കണം. ദൈവത്തിനു പൂർണമായി സമർപ്പിക്കുകവഴിയാണു പരിശുദ്ധി സാധ്യമാവുക. ദൈവത്തോടുള്ള താദൃശമായ വിശ്വസ്തതയ്ക്കും ബഹുമാനത്തിനും ധാർമികവും വിശ്വാസപരവുമായ ശുദ്ധീകരണം കൂടിയേ തീരൂ എന്നു ശ്ലീഹാ പഠിപ്പിക്കുന്നു. സഭാംഗങ്ങളെല്ലാം വിശുദ്ധിയിലേക്കു വിളിക്കപ്പെട്ടവരാണെന്ന യാഥാർഥ്യം അജപാലകർ അവരെ ബോധ്യപ്പെടുത്തേണ്ടതാണ്.

## ജീവിതസൂചിക

1. എന്റെ അജപാലനശുശ്രൂഷയിൽ അനുരഞ്ജനശുശ്രൂഷയ്ക്കു ഞാൻ എത്രമാത്രം പ്രാധാന്യം നൽകുന്നുണ്ട്?
2. അജപാലനശുശ്രൂഷയിൽ അനുഭവപ്പെടുന്ന സഹനങ്ങളെ ഞാൻ എപ്രകാരം നേരിടുന്നു?
3. എന്റെ ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെടുന്നവരുമായി ഹൃദ്യമായ ഒരു പിതൃപുത്രബന്ധം ഞാൻ വളർത്തുന്നുണ്ടോ?
4. വിശ്വാസികളുടെ കൂട്ടായ്മയിലുള്ള ദൈവസാന്നിധ്യത്തെക്കുറിച്ചു ഞാൻ അവരെ ഓർമപ്പെടുത്തുന്നുണ്ടോ?
5. വിശുദ്ധിയിലേക്കുള്ള സഭാംഗങ്ങളുടെ വിളിയെക്കുറിച്ചു ഞാൻ അവരെ ബോധവത്കരിക്കുന്നുണ്ടോ?

**ജനുവരി**

25 കുമരകം ഹോളി ഫാമിലി പള്ളിയിൽ തിരുനാളിനോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു. അതിരൂപതാകേന്ദ്രത്തിലെ സന്ദേശനിലയത്തിൽ മതാധ്യാപകനേതൃസംഗമം ഉദ്ഘാടനം ചെയ്തു. കുന്നന്താനം എൽ.എസ്.ഡി.പി. ജനറലേറ്റിൽ ചമ്പക്കുളം ഫൊറോനയിലെ സൺഡേ സ്കൂൾ കുട്ടികളുടെ ക്യാംപ്, കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ അതിരൂപതാ യുവദീപ്തി-എസ്.എം.വൈ.എം. ഇലക്ഷൻ ക്യാംപ് എന്നിവയിൽ സന്ദേശം നൽകി. ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് ഹയർ സെക്കൻഡറി സ്കൂളിൽ അതിരൂപതാ കോർപ്പറേറ്റ് മാനേജുമെന്റ് സെൻട്രൽ പി.ടി.എ.യുടെ വാർഷികസമ്മേളനത്തിൽ പങ്കെടുത്തു. പാറേൽ എസ്.വി.ഡി. സെന്റ് ജോൺസ് മിഷൻ സെമിനരിയിൽ എസ്.വി.ഡി. സന്യാസസമൂഹത്തിന്റെ 150-ാം സ്ഥാപനവാർഷികത്തിൽ പരിശുദ്ധ കുർബാനയർപ്പിച്ചു; പൊതുസമ്മേളനത്തിൽ പങ്കെടുത്തു.

26 പുളിക്കൽക്കവല സെന്റ് മേരീസ് പള്ളിയിൽ തിരുനാളിനോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു. കരിമ്പനക്കുളം സേക്രഡ് ഹാർട്ട് പള്ളിയിൽ തിരുനാളിനോടനുബന്ധിച്ചുള്ള പ്രദക്ഷിണത്തിന്റെ സമാപനത്തിൽ സന്ദേശം നൽകി. കരിമ്പനക്കുളം സേക്രഡ് ഹാർട്ട് ഇടവകാംഗം ടി. എം. ജോസഫിന്റെ ഭവനം വെഞ്ചരിച്ചു. പ്രവിത്താനത്തു ദൈവദാസൻ മാർ മാത്യു കാവുകാട്ടിന്റെ ജന്മഗൃഹത്തിൽ കാവുകാട്ട് കുടുംബയോഗത്തിലും തത്തംപള്ളി സെന്റ് മൈക്കിൾസ് പള്ളിയിൽ ഇടവകദിനത്തിലും പങ്കെടുത്തു. ചമ്പക്കുളം മാർത്ത് മറിയം ബസിലിക്ക ഇടവകാംഗം പടൂർ പി. വി. ചാക്കോയുടെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി.

27 പീരുമേട് ലവീഞ്ഞ് വില്ലയിൽ ഇന്റർ-ഡിപ്പാർട്ടുമെന്റ് മീറ്റിങ്ങിൽ പങ്കെടുത്തു.

28 അതിരമ്പുഴ സെന്റ് മേരീസ് ഫൊറോനാപ്പള്ളിയിൽ തിരുനാളിനോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു. പുന്നപ്ര ദനഹാലയയിൽ ഹോം ഡേ ആഘോഷത്തിലും ചിങ്ങവനം ക്നാനായ ഭദ്രാസനത്തിൽ എക്യുമെനിക്കൽ മീറ്റിങ്ങിലും പങ്കെടുത്തു.

29 കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ സീനിയർ സിറ്റിസൺസിനുള്ള ധ്യാനത്തിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജിൽ ഉന്നതവിദ്യാഭ്യാസ കൗൺസിൽ മീറ്റിങ്ങിൽ പങ്കെടുത്തു. കുറുമ്പനാടം അസംപ്ഷൻ പള്ളിയിൽ പടിഞ്ഞാറേക്കുറ്റ് ബഹു. മാത്യു അച്ചന്റെ മാതാവു ബ്രിജിറ്റ് ദേവസ്യയുടെ മൃതസംസ്കാരശുശ്രൂഷയ്ക്കു കാർമികത്വംവഹിച്ചു.

30 വടവാതൂർ സെന്റ് തോമസ് അപ്പോസ്തോലിക് സെമിനരിയിൽ ഇന്റർനാഷണൽ സിറിയക് തിയോളജി സിംപോസിയത്തിൽ പങ്കെടുത്തു. ചങ്ങ

നാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ അതിരൂപതാ ബൈബിൾ കൺവെൻഷന്റെ ഒരുക്കസമ്മേളനത്തിൽ പങ്കെടുത്തു. മുട്ടാർ ഓൾഡ് സെന്റ് ജോർജ് പള്ളിയിൽ തിരുനാളിനോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു. നിരണം മാർ തോമാ ശ്ലീഹാ സെമിനരിയിൽ ക്ലാസ്സെടുത്തു.

31 ചങ്ങനാശ്ശേരി സേവനോദ്യാനം കോൺവെന്റിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. ബൈബിൾ കയ്യെഴുത്തുപ്രതികൾ തയ്യാറാക്കിയവർക്കായി അതിരൂപതാകേന്ദ്രത്തിലെ സന്ദേശനിലയത്തിൽ അതിരൂപതാ ബൈബിൾ അപ്പോസ്തലേറ്റും ഫിയാത്ത് മിഷനും ചേർന്നു സംഘടിപ്പിച്ച സമ്മേളനത്തിൽ സന്ദേശം നൽകി.

**ഫെബ്രുവരി**

01 വിശാഖപട്ടണം എം.എസ്.എഫ്.എസ്. പ്രൊവിൻഷ്യൽ ഹൗസിൽ ജനറൽ ചാപ്റ്ററിനെ അഭിസംബോധന ചെയ്തു.

02 വായ്പൂർ ന്യൂ സെന്റ് ജോസഫ്സ് പള്ളിയിൽ തിരുനാളിനോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു; മതബോധനകേന്ദ്രം വെഞ്ചരിച്ചു. തിരുവനന്തപുരം ലൂർദ് ഫൊറോനാപ്പള്ളിയിൽ നവീകരിച്ച നിത്യാരാധന ചാപ്പൽ വെഞ്ചരിച്ചു. തിരുവനന്തപുരം നിർമലഭവൻ ഹയർ സെക്കൻഡറി സ്കൂളിൽ കത്തോലിക്കാകോൺഗ്രസിന്റെ നസ്രാണിസംഗമത്തിൽ പങ്കെടുത്തു.

04 ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിൽ ഡിജിറ്റൽ മാമ്മോഗ്രാം വെഞ്ചരിച്ചു. ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജിൽ കാർലോ അക്യൂട്ടിസ് ടെക്ക് കോൺക്ലേവിൽ സന്ദേശം നൽകി. ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. അതിരമ്പുഴ സെന്റ് മേരീസ് ഫൊറോനാപ്പള്ളിയിൽ സീനിയർ സിറ്റിസൺസ് കൂട്ടായ്മയുടെ ജൂബിലിയാഘോഷത്തിൽ പങ്കെടുത്തു. പാമ്പാടി വെള്ളൂർ സെന്റ് ജോൺ ഓഫ് ഗോഡ് ഓട്ടിസം സെന്റർ വെഞ്ചരിച്ചു.

05 ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജിൽ വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ ആഭിമുഖ്യത്തിലുള്ള ഫുഡ് ഫെസ്റ്റ് ഉദ്ഘാടനം ചെയ്തു. ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിൽ ആശുപത്രിയധികൃതർക്കുള്ള തുടർപരിശീലനത്തിൽ സംസാരിച്ചു. സി. മെലാനിയ വയലുങ്കൽ എഫ്.സി.സി.യുടെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി. ആലപ്പുഴ തത്തംപള്ളി സഹൃദയ ഹോസ്പിറ്റലിന്റെ ബോർഡ് മീറ്റിങ്ങിലും അതിരൂപതാകേന്ദ്രത്തിൽ ജാഗ്രതാസമിതി മീറ്റിങ്ങിലും പങ്കെടുത്തു.

06 കാഞ്ഞിരപ്പള്ളി ഉമ്മിക്കുപ്പ ലൂർദ് മാതാ പള്ളിയിൽ തിരുനാളിനോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു. അതിരൂപതാ കോർപ്പറേറ്റ് മാനേജുമെന്റ് ഓഫ് സ്കൂൾസിന്റെ യാത്രയയപ്പ്-സ്വീകരണസമ്മേളനത്തിൽ പങ്കെടുത്തു. വടക്കേ അമിച്ചകരി സെന്റ് ജോർജ് പള്ളിയിൽ വേങ്ങാശ്ശേരി ബഹു. ജോസഫ് അച്ചന്റെ പിതാവു ജോസഫ് ആന്റണിയുടെ മൃതസംസ്കാരശുശ്രൂഷയ്ക്കു കാർമികത്വംവഹിച്ചു. കോപ്റ്റാക്കിന്റെ നവീകരിച്ച

കെട്ടിടം വെഞ്ചരിച്ചു; ജൂബിലിയാഘോഷങ്ങളിൽ പങ്കെടുത്തു. ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് ഹയർ സെക്കൻഡറി സ്കൂളിൽനിന്നും വിരമിക്കുന്ന അധ്യാപകരുടെ യാത്രയയപ്പുസമ്മേളനത്തിൽ പങ്കെടുത്തു.

07 പാറേൽ എസ്.എച്ച്. സെന്റ് മാത്യൂസ് പ്രൊവിൻഷ്യൽ ഹൗസിൽ സിനാക്സിസിൽ സംസാരിച്ചു. ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ഇടവകാംഗം തൂമ്പുങ്കൽ ലിസമ്മ ജോസഫിന്റെ മൃതസംസ്കാരശുശ്രൂഷയ്ക്കു കാർമികത്വംവഹിച്ചു. ചാഞ്ഞോടി സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ തിരുനാളിനോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു.

08 ചെത്തിപ്പുഴ എസ്.ഡി. സെന്റ് ജോസഫ് പ്രൊവിൻഷ്യൽ ഹൗസിൽ അനു മരിയ, നോവ മരിയ, ജീന സെബാസ്റ്റ്യൻ എന്നിവർക്കു സഭാവസ്ത്രം നൽകി; പരിശുദ്ധ കുർബാനയർപ്പിച്ചു. ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് ഹയർ സെക്കൻഡറി സ്കൂളിൽ അതിരൂപതാ കോർപ്പറേറ്റ് മാനേജുമെന്റ് സ്കൂളുകളിൽനിന്നും വിരമിക്കുന്ന അധ്യാപകരുടെ സംഗമത്തിൽ സന്ദേശം നൽകി.

09 കിഴക്കേ മിത്രക്കരി ഹോളി ഫാമിലി പള്ളിയിൽ നവീകരിച്ച വൈദികമന്ദിരം വെഞ്ചരിച്ചു. പച്ച-ചെക്കിടിക്കാട് ലൂർദ് മാതാ പള്ളിയിൽ തിരുനാളിനോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു; ഇടവകദിനത്തിൽ സന്ദേശം നൽകി. അതിരൂപതാകേന്ദ്രത്തിലെ സന്ദേശനിലയത്തിൽ അൾത്താര ബാലന്മാരുടെ ക്യാംപിൽ സംസാരിച്ചു.

10 തളിക്കോട് ഷെക്കീനാ ന്യൂസ് ചാനലിന്റെ ആസ്ഥാനം സന്ദർശിച്ചു. തൃശൂർ ചേലക്കര ചാൾസ് മൗണ്ട് എസ്റ്റേറ്റ് സന്ദർശിച്ചു. മംഗലപ്പുഴ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനരിയിൽ പരിശുദ്ധ കുർബാനയർപ്പിച്ചു.

11 ആലുവ എഫ്.സി.സി. ജനറലേറ്റിൽ പരിശുദ്ധ കുർബാനയർപ്പിച്ചു; സിനാക്സിസിനെ അഭിസംബോധന ചെയ്തു. പാലാരിവട്ടം പി.ഒ.സി.ൽ ഹെൽത്ത് കമ്മിഷൻ സംഘടിപ്പിച്ച സമ്മേളനത്തിൽ സംസാരിച്ചു. അതിരൂപതാകേന്ദ്രത്തിൽ ഫിനാൻസ് കൗൺസിലിൽ പങ്കെടുത്തു; അതിരൂപതാകേന്ദ്രത്തിൽനിന്നു സ്ഥലം മാറിപ്പോകുന്ന ബഹു. വൈദികർക്കു യാത്രയയപ്പു നൽകി. മാർ മാത്യു കാവുകാട്ട് ഇന്റർനാഷണൽ സിറിയക് സെമിനാർ ഓൺലൈനിൽ ഉദ്ഘാടനം ചെയ്തു.

12 അതിരൂപതാകേന്ദ്രത്തിൽ കൺസൾട്ടേഴ്സ് ബോഡിയിലും ചാസ്സ് കേന്ദ്ര ഓഫീസിൽ കുളത്തുങ്കൽ ബഹു. തോമസ് അച്ചന്റെ യാത്രയയപ്പുസമ്മേളനത്തിലും പങ്കെടുത്തു. ഇത്തിത്താനം ആശാഭവനിൽ സ്പോർട്സ് സോൺ വെഞ്ചരിച്ചു. മാരാമൺ കൺവെൻഷനിൽ പ്രസംഗിച്ചു.

13 ഇത്തിത്താനം സെന്റ് ജോസഫ്സ് പ്രീസ്റ്റ്സ് ഹോമിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ വിവാഹം ആശീർവദിച്ചു.

13-14 വിജയപുരത്തു റീജണൽ ബിഷപ്സ് റിട്രീറ്റിൽ പങ്കെടുത്തു.

15 ആർപ്പൂക്കര-വില്ലൂന്നി സെന്റ് സേവ്യേഴ്സ് പള്ളിയിൽ പ്രവേശകകൂദാശകൾ പരികർമം ചെയ്തു. മാങ്ങാനം എം.ഒ.സി.ൽ ബിരുദദാനച്ചടങ്ങ്, ഇൻസ്റ്റിറ്റ്യൂട്ട് ഇറക്ഷൻ മീറ്റിങ് എന്നിവയിൽ പങ്കെടുത്തു. കത്തോലിക്കാകോൺഗ്രസ് അതിരൂപതാസമിതിയുടെ നേതൃത്വത്തിലുള്ള കർഷകരക്ഷാനസ്രാണിമുന്നേറ്റത്തിന്റെ ഭാഗമായുള്ള അവകാശസംരക്ഷണറാലിയിൽ പങ്കെടുത്തു; ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജിന്റെ മൈതാനിയിൽ അവകാശപ്രഖ്യാപനമഹാസമ്മേളനം ഉദ്ഘാടനം ചെയ്തു.

16 തുരുത്തി മാർത്ത് മറിയം ഫൊറോനാപ്പള്ളിയിൽ പരിശുദ്ധ കുർബാന അർപ്പിച്ചു; വൈദികമന്ദിരം, മണിമാളിക, മൂന്നു ഭവനങ്ങൾ എന്നിവ വെഞ്ചരിച്ചു. മായം സെന്റ് മേരീസ് പള്ളിയിൽ മാതൃ-പിതൃവേദികളുടെ വാർഷികാഘോഷത്തിൽ സംസാരിച്ചു. പുതുതായി നിർമിച്ച കുരിശടി വെഞ്ചരിച്ചു.

17 2022-2023 വർഷത്തിൽ പൗരോഹിത്യം സ്വീകരിച്ച വൈദികരുടെ കൂട്ടായ്മയിൽ സന്ദേശം നൽകി.

18 2021-2022 വർഷത്തിൽ പൗരോഹിത്യം സ്വീകരിച്ച വൈദികരുടെ കൂട്ടായ്മയിൽ സംവദിച്ചു. അതിരൂപതാകേന്ദ്രത്തിൽ പാസ്റ്ററൽ കൗൺസിൽ എക്സിക്യൂട്ടിവ് യോഗത്തിൽ പങ്കെടുത്തു.

19 വാഴപ്പള്ളി ലിറ്റിൽ ഫ്ളവർ എസ്.എ.ബി.എസ് കോൺവെന്റിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. അതിരൂപതാകേന്ദ്രത്തിൽ അതിരൂപതയിലെ ഇടവകകളിൽ ഞായറാഴ്ചദിവസങ്ങളിൽ അജപാലനശുശ്രൂഷയിൽ സഹായിക്കുന്ന വൈദികാർഥികളുടെ കൂട്ടായ്മയിൽ പങ്കെടുത്തു.

20 കുരിശുമ്മൂട് സെന്റ് ജോസഫ് കോളേജ് ഓഫ് കമ്മ്യൂണിക്കേഷൻസിൽ 'മേലാഞ്ച് ഫെസ്റ്റ്' ഉദ്ഘാടനം ചെയ്തു. മല്ലപ്പള്ളി എം.സി.ബി.എസ്. എമ്മാവൂസ് ധ്യാനകേന്ദ്രത്തിനടുത്തു വൈദികർക്കുള്ള വസതി വെഞ്ചരിച്ചു; പരിശുദ്ധ കുർബാനയർപ്പിച്ചു. അതിരൂപതാകേന്ദ്രത്തിൽ കൺസ്ട്രക്ഷൻ കമ്മിറ്റി മീറ്റിങ്ങിൽ പങ്കെടുത്തു.

21 അതിരൂപതാകേന്ദ്രത്തിൽ ഫൊറോനാവികാരിമാരുടെ മീറ്റിങ്ങിൽ പങ്കെടുത്തു. തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഫൊറോന ഇടവകാംഗം പുതുപ്പറമ്പിൽ മറിയാമ്മ ആന്റണിയുടെ മൃതദേഹത്തിന്റെ ഒപ്പീസുചൊല്ലി. റീജൻസി ബ്രദേഴ്സിന് മാസധ്യാനം നയിച്ചു.

22 കോയിൽമുക്ക് സെന്റ് ജോസഫ്സ് പള്ളിയിൽ പ്രവേശകകൂദാശകൾ പരികർമം ചെയ്തു. ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് ഹയർ സെക്കൻഡറി സ്കൂളിൽ അതിരൂപതാ കോർപ്പറേറ്റ് മാനേജുമെന്റിലെ അധ്യാപകരുടെ യാത്രയയപ്പുസമ്മേളനത്തിൽ സന്ദേശം നൽകി. അതിരൂപതാകേന്ദ്രത്തിൽ സന്ദേശനിലയത്തിന്റെ ഹാളിൽ അതിരൂപതാംഗങ്ങളായ ജനപ്രതിനിധികളുടെ സംഗമം ഉദ്ഘാടനം ചെയ്തു വിഷയാവതരണം നടത്തി. കുരിശുമ്മൂട് സെന്റ് ജോസഫ് കോളേജ് ഓഫ് കമ്മ്യൂണിക്കേഷൻസിൽ റേഡിയോ മീഡിയ വില്ലേജിന്റെ വാർഷികാഘോഷത്തിൽ പങ്കെടുത്തു.

**ജനുവരി**

23 വൈകുന്നേരം: ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ മാർ സെബസ്ത്യാനോസ് സഹദായുടെ തിരുനാളിനോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു.

24 രാവിലെ: ഇത്തിത്താനം ആശാഭവനിൽ പരിശുദ്ധ കുർബാനയർപ്പിച്ചു.

വൈകുന്നേരം: ചമ്പക്കുളം മാർത്ത് മറിയം ബസിലിക്കയിൽ പോപ്പുലർ മിഷൻ ധ്യാനത്തിന്റെ സമാപനദിവസം സന്ദേശം നൽകി.

25 രാവിലെ: മാമ്മൂട് ഡി.എസ്.എഫ്.എസ്. മദർ അന്ന കോൺവെന്റിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. തെക്കേക്കര സെന്റ് ജോൺസ് പള്ളിയിൽ കറുകയിൽ ബഹു. ജോസഫ് അച്ചന്റെ പിതാവു വർഗീസ് മത്തായിയുടെ ഒന്നാം ചരമവാർഷികത്തോടനുബന്ധിച്ച് അനുസ്മരണസന്ദേശം നൽകി; സിമിത്തേരിയിൽ ഒപ്പീസുചൊല്ലി.

വൈകുന്നേരം: പാറേൽ എസ്.വി.ഡി. സെന്റ് ജോൺസ് മിഷൻ സെമിനരിയിൽ എസ്.വി.ഡി. സന്യാസസമൂഹത്തിന്റെ 150-ാമതു ജൂബിലിവർഷ സമ്മേളനം ഉദ്ഘാടനം ചെയ്തു.

26 രാവിലെ: അതിരമ്പുഴ സെന്റ് മേരീസ് ഫൊറോനാപ്പള്ളിയിൽ മാർ സെബസ്ത്യാനോസ് സഹദായുടെ തിരുനാളിനോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു.

28 ഉച്ചയ്ക്ക്: ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജിലെ മോൺ. കല്ലറയ്ക്കൽ ഹാളിൽ സുറിയാനിഭാഷാവിഭാഗം സംഘടിപ്പിച്ച ഫാ. ഹഡ്രിയാൻ സുറിയാനി സിംപോസിയം ഉദ്ഘാടനം ചെയ്തു.

29 ഉച്ചകഴിഞ്ഞ്: കുറുമ്പനാടം അസംപ്ഷൻ ഇടവകാംഗവും പടിഞ്ഞാറേക്കുറ്റ് ബഹു. മാത്യു അച്ചന്റെ മാതാവുമായ ബ്രിജിറ്റ് ദേവസ്യയുടെ മൃതസംസ്കാരത്തിനു ഭവനത്തിലെ ശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു. അതിരമ്പുഴ സെന്റ് മേരീസ് ഫൊറോന ഇടവകാംഗം ചെത്തിക്കളം കെ. ടി. അന്നമ്മയുടെ മൃതസംസ്കാരത്തിന്റെ സമാപനശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു.

30 രാവിലെ: പുളിങ്കുന്ന് സെന്റ് ജോസഫ്സ് ഹയർ സെക്കൻഡറി സ്കൂളിൽ 127-ാമതു വാർഷികാഘോഷം, യാത്രയയപ്പുസമ്മേളനം എന്നിവ ഉദ്ഘാടനം ചെയ്തു.

വൈകുന്നേരം: മാടപ്പള്ളി ലിറ്റിൽ ഫ്ളവർ ഇടവകാംഗം കരിക്കണ്ടം ഏലിയാമ്മ ദേവസ്യയുടെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി.

**ഫെബ്രുവരി**

01 രാവിലെ: വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനരിയിൽ ഇന്റർനാഷണൽ സിറിയക് തിയോളജി സിംപോസിയത്തിൽ പേപ്പർ അവതരിപ്പിച്ചു. ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ഇടവ

കാംഗം കൊല്ലംപറമ്പിൽ മാത്യു, തൃശൂർ അതിരൂപത മുല്ലശ്ശേരി ഗുഡ് ഷെപ്പേർഡ് ഇടവകാംഗം മേരി കാതറിൻ എന്നിവരുടെ വിവാഹം ആശീർവ ദിച്ചു.

വൈകുന്നേരം: വടക്കേക്കര സെന്റ് മേരീസ് പള്ളിയിൽ പരിശുദ്ധ കുർബാന യ്ക്കുശേഷം അനുഗ്രഹസന്ദേശം നൽകി; പൗരോഹിത്യസ്വീകരണത്തിന്റെ രജതജൂബിലിയാഘോഷിച്ച വൈദികരെ ആദരിച്ചു.

02 രാവിലെ: കോട്ടയം ലൂർദ് ഫൊറോനാപ്പള്ളിയിൽ തിരുനാളിനോടനുബ ന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു

04 രാവിലെ: പുന്നത്തുറ സെന്റ് തോമസ് ഇടവകാംഗം കരിങ്ങോട്ടിൽ കെ. എസ്. സ്കറിയയുടെ മൃതസംസ്കാരത്തിനു ഭവനത്തിലെ ശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു.

06 രാവിലെ: ചീരഞ്ചിറ എ.എസ്.എം.ഐ. ജനറലേറ്റിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. സി. മെലാനിയ വയലുങ്കൽ എഫ്.സി.സി.യുടെ മൃതസംസ്കാര ത്തിന്റെ ഒന്നാംഭാഗശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു.

ഉച്ചകഴിഞ്ഞ്: വടക്കേ അമിച്ചകരി സെന്റ് ജോർജ് ഇടവകാംഗവും വേങ്ങാ ശ്ശേരി ബഹു. ജോസഫ് അച്ചന്റെ പിതാവുമായ ജോസഫ് ആന്റണിയുടെ മൃതസംസ്കാരത്തിനു ഭവനത്തിലെ ശുശ്രൂഷകൾക്കു കാർമികത്വം വഹിച്ചു. ചങ്ങനാശ്ശേരി സെന്റ് ജോസഫ്സ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിന്റെ ഓഡിറ്റോറിയത്തിൽ അതിരൂപതാ കോർപ്പറേറ്റ് മാനേജുമെന്റ് ഓഫ് സ്കൂൾസ് കറുകയിൽ ബഹു. ജോസഫ് അച്ചനു നൽകിയ യാത്ര യയപ്പ്, മൂലയിൽ ബഹു. ആന്റണി അച്ചനു നൽകിയ സ്വീകരണം എന്നിവ യിൽ അനുഗ്രഹപ്രഭാഷണം നടത്തി.

വൈകുന്നേരം: അതിരൂപതയുടെ സാമൂഹികക്ഷേമപ്രസ്ഥാനമായ ചാസ്സ്–കോപ്റ്റാക് ടെയ്‌ലറിങ് സെന്റർ–ഖാദി ഗ്രാമോദ്യോഗ് വിദ്യാലയ എന്നി വയുടെ വജ്ര–സുവർണ–റൂബിജൂബിലിയാഘോഷങ്ങളിൽ പങ്കെടുത്ത് അനുഗ്രഹപ്രഭാഷണം നടത്തി. ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് ഹയർ സെക്കൻഡറി സ്കൂളിൽ ഈ വർഷം വിരമിക്കുന്ന അധ്യാപകർക്കു നൽ കിയ യാത്രയപ്പുസമ്മേളനത്തിൽ അനുഗ്രഹപ്രഭാഷണം നടത്തി.

07 ഉച്ചകഴിഞ്ഞ്: ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ഇടവകാംഗം തൂമ്പുങ്കൽ ലിസമ്മ ജോസഫിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി.

വൈകുന്നേരം: കാഞ്ഞിരപ്പള്ളി നല്ലതണ്ണി മാർ തോമാ ശ്ലീഹാ ദയറായിൽ നസ്രാണിമാർഗം കൂട്ടായ്മാംഗങ്ങളോടൊപ്പമുള്ള റംശായ്ക്കു കാർമികത്വം വഹിച്ചു.

08 രാവിലെ: കാഞ്ഞിരപ്പള്ളി നല്ലതണ്ണി നസ്രാണി റിസേർച്ച് സെന്ററിൽ നസ്രാണിമാർഗം കൂട്ടായ്മാംഗങ്ങളോടൊപ്പം പരിശുദ്ധ കുർബാന അർപ്പിച്ചു; അവർക്കു ക്ലാസ്സെടുത്തു. കാഞ്ഞിരപ്പള്ളി നല്ലതണ്ണി മാർ തോമാ ശ്ലീഹാ ദയറായ്ക്കു സമീപം വനത്തിൽ താമസിക്കുന്ന ബ്രദേഴ്സിനെ സന്ദർശിച്ചു.

വൈകുന്നേരം: ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് ഹയർ സെക്കൻഡറി സ്കൂളിന്റെ ഓഡിറ്റോറിയത്തിൽ അതിരൂപതാ കോർപ്പറേറ്റ് മാനേജുമെന്റിലെ സ്കൂളുകളിൽനിന്നു വിരമിച്ച അധ്യാപക-അനധ്യാപകരുടെ സംഗമത്തിൽ അനുഗ്രഹപ്രഭാഷണം നടത്തി. പെരുന്ന ഈസ്റ്റ് സെന്റ് ആന്റണീസ് പള്ളിയിൽ തിരുനാളിനോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു; ആൻ വർഗീസ് കാക്കാംപറമ്പിലിന് ആഘോഷമായി പരിശുദ്ധ കുർബാന നൽകി; കാക്കാംപറമ്പിൽ കെ. സി. ചാക്കോയുടെ ഭവനം വെഞ്ചരിച്ചു.

09 രാവിലെ: മാടപ്പള്ളി ലിറ്റിൽ ഫ്ളവർ പള്ളിയിൽ ഇടവകദിനത്തോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു; ഇടവകദിനാഘോഷം ഉദ്ഘാടനം ചെയ്തു; വിവാഹത്തിന്റെ ജൂബിലിയാഘോഷിക്കുന്നവരെ ആദരിച്ചു.

11 രാവിലെ: ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ഇടവകാംഗം കല്ലുകളം ജോസഫ് തോമസിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി.

12 ഉച്ചകഴിഞ്ഞ്: സി. റോസ് മരിയ ഊന്നുകല്ലേൽ ജെ.എസ്.ന്റെ മൃതസംസ്കാരത്തിന്റെ ഒന്നാംഭാഗശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു.

13 രാവിലെ: കുറിച്ചി സെന്റ് തോമസ് മൈനർ സെമിനരിയിൽ പരിശുദ്ധ കുർബാനയർപ്പിച്ചു.

15 രാവിലെ: പച്ച-ചെക്കിടിക്കാട് ലൂർദ് മാതാ പള്ളിയിൽ തിരുനാളിനോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു; ആഘോഷമായ പരിശുദ്ധ കുർബാനസ്വീകരണം നടത്തി.

വൈകുന്നേരം: അതിരൂപതാ കത്തോലിക്കാകോൺഗ്രസിന്റെ ആഭിമുഖ്യത്തിലുള്ള കർഷകരക്ഷാനസ്രാണിമുന്നേറ്റ റാലിയിൽ പങ്കെടുത്തു; ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജിന്റെ മൈതാനിയിലെ അവകാശ പ്രഖ്യാപനമഹാസമ്മേളനത്തിൽ അനുഗ്രഹപ്രഭാഷണം നടത്തി.

16 രാവിലെ: കോട്ടാങ്ങൽ സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് പള്ളിയിൽ രോഗീദിനത്തോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു; രോഗീലേപനശുശ്രൂഷ നിർവഹിച്ചു.

ഉച്ചകഴിഞ്ഞ്: പാറേൽ സെന്റ് മേരീസ് ഇടവകാംഗം എഴുകാട് പ്രൊഫ. എ. വി. തോമസിന്റെ മൃതസംസ്കാരത്തിനു പള്ളിയിലെ ശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു. ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിൽ ചികിത്സയിലായിരുന്ന വൈദികരെ സന്ദർശിച്ചു.

17 രാവിലെ: ഇത്തിത്താനം സെന്റ് ജോസഫ്സ് പ്രീസ്റ്റ്സ് ഹോമിൽ നാലാം വർഷവൈദികാർഥികളോടൊപ്പം ചർച്ച നടത്തി.

18 ഉച്ചകഴിഞ്ഞ്: ചമ്പക്കര സെന്റ് ജോസഫ്സ് ഇടവകാംഗം പ്ലാത്താനത്ത് വർക്കി ജോബിന്റെ മൃതസംസ്കാരത്തിനു പള്ളിയിലെ ശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു. ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിൽ ചികിത്സയിലായിരുന്ന വൈദികരെ സന്ദർശിച്ചു.



# ENGAGEMENTS

## MARCH 2025

**Mar Thomas Tharayil**
Archbishop of Changanacherry

| | | |
|---|---|---|
| 01 | 09:30 am | Mount St. Thomas, Kakkanad |
| | 12:00 noon | Requiem Mass @ Holy Magi Forane Church, Muvattupuzha |
| | 04:00 pm | Holy *Qurbana* @ St. Antony's Forane Church Paingottoor |
| 02 | 09:00 am | Lay Preachers Meeting @ Zion Retreat Center, Kunnamthanam |
| | 03:00 pm | Holy *Qurbana* @ Lourde Bhavan Trust, Aruvikuzhy |
| | 06:30 pm | *Karunarthana* @ St. Mary's Metropolitan Church, Changanacherry |
| 03 | 06:30 am | *Vibhoothi* & Holy *Qurbana* @ St. Mary's Metropolitan Church, Changanacherry |
| | | Engaged |
| 04-08 | | Bible Convention @ St. Mary's Metropolitan Church, Changanacherry |
| 04 | 07:00 am | Requiem Mass for Departed Priests @ St. Mary's Metropolitan Church, Changanacherry |
| | 10:00 am | Berhmans Award Ceremony @ St. Berchmans College, Changanacherry |
| | 02:30 pm | Non-Teaching Staff Meeting @ St. Berchmans College, Changanacherry |
| | 05:00 pm | Changanacherry Bible Convention @ St. Mary's Metropolitan Church, Changanacherry |
| 05 | 10:00 am | Deepika Apex Body Meeting @ Mount St. Thomas, Kakkanad |
| | 05:00 pm | Changanacherry Bible Convention @ St. Mary's Metropolitan Church, Changanacherry |
| 06 | 06:15 am | Sacraments of Initiation @ Holy Family Church, Mudiyoorkara |
| | 11:00 am | Centenary Jubilee @ St. Joseph's LP School, Aruvikkuzhy |
| | 05:00 pm | Changanacherry Bible Convention @ St. Mary's Metropolitan Church, Changanacherry |

| | | |
|---|---|---|
| 07 | 08:00 am | *Curia* |
| | 11:00 am | Entrepreneurship Festival @ *Vyapara Bhavan*, Ettumanoor |
| | 02:00 pm | Teaching Staff Meeting @ St. Berchmans College, Changanacherry |
| | 08:00 pm | Mount St. Thomas, Kakkanad |
| 08 | 06:15 am | Holy *Qurbana* @ SJSM Convent, Puthussery |
| | 10:00 am | Pastoral Council @ Archbishop House, Changanacherry |
| | 03:30 pm | Archeparchial Senior Citizens' Gathering @ St. Mary's Metropolitan Church, Changanacherry |
| | 04:00 pm | Changanacherry *Pauravaly* Reception |
| 09 | 06:30 am | Holy *Qurbana* @ St. Xavier's Church, Villoonni |
| | 04:00 pm | Holy *Qurbana* @ Pastoral Centre, Changanacherry |
| 10 | | Engaged |
| 11 | 03:00 pm | Leaders' Meeting of Kottayam Forane @ Lourdes Forane Church, Kottayam |
| 12 - April 02 | | Lenten Retreats, Eparchy of Chicago |

**FR. SECRETARY- 8078088468**



# ENGAGEMENTS

## MARCH 2025

**Mar Joseph Perumthottam**
Archbishop Emeritus of Changanacherry

| | | |
|---|---|---|
| 02 | 09:00 am | Holy *Qurbana*- Parish Day @ Marth Mariam Forane Church, Thuruthy |
| | 05:00 pm | Holy *Qurbana* @ St. Mary's Metropolitan Church, Changanacherry |
| 03 | 06:00 am | Holy *Qurbana* @ Bet-Toma *Dayara*, Palamattom |
| 05 | 04:30 pm | Holy *Qurbana* @ Bible Convention- St. Mary's Metropolitan Church, Changanacherry |
| 07-08 | | Mar Thoma Sleeha Dayara, Nallathanni |
| 09 | 07:00 am | Holy *Qurbana* @ Our Lady of Dolours Church, Kainady |
| 13 | 03:00 pm | Inauguration of Housing Scheme: *Prathyasha Bhavanam* @ Edathua |
| 15 | 06:20 am | Holy *Qurbana* @ St. Joseph's Priests' Home, Ithithanam |
| | 10:00 am | Inauguration: Mar Joseph Powathil Symposium @ Archbishop Powathil Liturgical Research Centre, Changanacherry |
| 16 | 10:00 am | Holy *Qurbana* @ St. Joseph's Church, Champakara |
| 17 | 06:15 am | Holy *Qurbana* @ CMC Holy Queens Provincial House, Changanacherry |
| 18 | 04:30 pm | Holy *Qurbana* @ St. Mary's Basilica, Champakulam |
| 19 | 10:30 am | Holy *Qurbana* @ St. Joseph's Church, Manackachira |
| 21-31 | | Out of Station |

**FR. SECRETARY- 9447507393**

❍

## ഐക്കൺവിവരണം
(കവർ ബാക്ക്)

# സെന്റ് ജോസഫ് ദ ബിട്രോത്ഡ് ഐക്കൺ

പരിശുദ്ധ കന്യകാമറിയവുമായി വിവാഹനിശ്ചയം കഴിഞ്ഞ മാർ യൗസേപ്പിന്റെ ഐക്കണാണിത് *(മത്തായി 1:18; ലൂക്കാ 1:27)*. മാർ യൗസേപ്പിതാവിന്റെ ഇടതു കൈയിലെ ചുരുളിൽ ഒരു പഴയനിയമപ്രവചനം രേഖപ്പെടുത്തിയിരിക്കുന്നു: *'... യുവതി ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും...' (ഏശയ്യാ 7:14).*

പഴയനിയമകല്പനയനുസരിച്ച് *(ലേവ്യർ 5:7)* ഉണ്ണീശോയെ ജറുസലെമിൽ ദൈവാലയസമർപ്പണത്തിനു കൊണ്ടുപോയപ്പോൾ പരിശുദ്ധ കന്യകാമറിയവും മാർ യൗസേപ്പിതാവും ബലിയർപ്പിക്കാൻ സമർപ്പിച്ച വസ്തുക്കളെ ഇടതുവശത്തെ രണ്ടു ചെങ്ങാലികൾ/ പ്രാവിൻകുഞ്ഞുങ്ങൾ സൂചിപ്പിക്കുന്നു *(ലൂക്കാ 2:24).*



## 25-ാം ചരമവാർഷികം

(മാർച്ച് 23)

ചങ്ങനാശ്ശേരി അതിരൂപതയുടെ
മുൻ മെത്രാപ്പോലീത്തായും
സീറോമലബാർസഭയുടെ
പ്രഥമ മേജർ ആർച്ചുബിഷപ്പുമായ
**മാർ ആന്റണി പടിയറ**
പിതാവിന്റെ ഓർമയ്ക്കുമുമ്പിൽ
പ്രണാമം...


## രണ്ടാം ചരമവാർഷികം

(മാർച്ച് 18)

ഭാഗ്യസ്മരണാർഹനായ
**മാർ ജോസഫ് പവ്വത്തിൽപിതാവിന്**
അതിരൂപതാകുടുംബത്തിന്റെ
പ്രാർഥനാഞ്ജലികൾ...



**VEDAPRACHARA MADHYASTAN VOL.97 No.09 2025 March**
Date of Publication: 28-02-2025
Registered No. RN-3149/1957
Postal Regn. No. KL/CHC/74/2024-26
Licence No. KL/CR/CHC/WPP-1/2024-26
Licensed to Post Without Prepayment
Rs 25/-
Posted at Changanacherry sorting on the last day of every month




## തിരുസഭയുടെ സംരക്ഷകനും
## അതിരൂപതയുടെ മധ്യസ്ഥനുമായ
## മാർ യൗസേപ്പിതാവിന്റെ
## തിരുനാളാശംസകൾ

Estd. 1928

Phone 2410101

Printed & Published by Fr Justin Kayamkulathussery and owned by Archdiocese of Changanacherry and Printed at St. Joseph Orphanage Press and Book Stall, Aramanapady, Changanacherry, Kottayam Dist. 686 101, Kerala and Published at Ward No. IV, Building No. 631, Archbishop's House Changanacherry, Kottayam Dist. - 686 101, Kerala.
Editor: Fr Biju George Alencherry.

sjopresschry@gmail.com www.archdiocesechanganacherry.org